നീണ്ട ചൂളംവിളിയോടെ വണ്ടി ലക്ഷ്യസ്ഥാനത്തുനിന്നു. എല്ലാവരും പുറത്തിറങ്ങുന്നു. കൂടെ ജോസഫും ഇറങ്ങി, പെട്ടിയുമെടുത്തുകൊണ്ട്. എന്തൊരു തിക്കും തിരക്കും! സ്വീകരിക്കാൻവേണ്ടി കാത്തുനിൽക്കുന്നവരങ്ങനെ; സാമാനങ്ങൾ ചുമക്കുവാൻ പോർട്ടർമാർ തിരക്കിട്ടോടുന്നു; "സോഡാ, ക്രഷ്, നാരങ്ങാവെള്ളം ബീഡി മുറുക്കാൻ"—വിൽപനക്കാർ മറെറാരു കൂട്ടം! എങ്ങും ബഹളം തന്നെ.

താൻ മാത്രം ഏകൻ; സ്വീകരിക്കുവാൻ ആരുമില്ല! എല്ലാവരും തന്നെ വെറുക്കുന്നതുപോലെ!

അയാൾ സ്റ്റേഷനിൽനിന്നു പുറത്തിറങ്ങി ടാറിട്ട റോഡിലൂടെ നടന്നു. അതിശക്തിയായ വെയിൽ അയാളറിഞ്ഞതേയില്ല. ഉള്ളിലെ ചൂട് അത്ര ഉഗ്രമായിരുന്നു.

ചോദിച്ചും കേട്ടും അയാൾ ആസ്പത്രിയിലെത്തി. ബ്രഹ്മാണ്ഡമായ കെട്ടിടങ്ങൾ നോക്കെത്താത്ത രീതിയിൽ നീണ്ടു വളഞ്ഞുപുളഞ്ഞു കിടക്കുന്നു. ജീവനും മരണവും തമ്മിൽ ദ്വന്ദ്വയുദ്ധം നടത്തുന്ന ഭീകരമായ ഒരു പോർക്കളമല്ലേ അത്? എത്രയെത്ര ജീവിതങ്ങൾ ത്രാസിൽ തൂക്കപ്പെട്ടിരിക്കുന്നു അതിനുള്ളിൽ? പണമുണ്ടോ? എങ്കിൽ ജീവിതം തിരിയെ തരുവാൻ കഴിവുള്ള ഡോക്ടർമാരുണ്ടവിടെ. പണം! എന്തൊരു പ്രതിഭാസം! മനുഷ്യനെ മയക്കുന്ന കറപ്പ്! തന്നെപ്പോലെ നിർഭാഗ്യനായ ആരെങ്കിലും അതിനുള്ളിൽ കാണുമോ?.... വളരെ സംശയമാണ്.

രണ്ടുദിവസം പുറത്തു താമസിക്കേണ്ടിവന്നു ജോസഫിന്—അഡ്മിഷൻകിട്ടാൻ. തന്നെക്കാൾ താമസിച്ചുവന്ന എത്രയോ പേർക്കു വന്നപ്പോൾതന്നെ അഡ്മിഷൻ കിട്ടി! നീതിയില്ലാത്ത ലോകം! ആരെയും പഴിച്ചിട്ടാവശ്യമില്ല. പണത്തിന്റെ മുമ്പിൽ ആരാണ് തല കുനിക്കാത്തത്!

ഇത്രയുംനാൾ താമസിച്ചതിനു ഡോക്ടർ ജോസഫിനെ കുററപ്പെടുത്തി. എങ്കിലും കഴിവുള്ളതു നോക്കാമെന്ന്!

എന്തും സംഭവിക്കട്ടെ! കൂടിയാൽ മരണം. അതുതന്നെയാണ് തന്റെ ആഗ്രഹവും! കഴിയുന്നതും നേരത്തെ ഈ ലോകത്തിൽനിന്നും യാത്രപറഞ്ഞു പിരിയണം. വെള്ളിത്തുട്ടുകൾക്കു സ്ഥാനമില്ലാത്ത ലോകത്തിലേയ്ക്കു പറന്നുപറന്നുയരണം. പണക്കാരുടെതായ ഈ ലോകത്തിൽ പണമില്ലാത്ത താൻ ഒരധികപ്പററാണ്! അതുകൊണ്ടല്ലേ ഒരു ഡോക്ടർ "തുടങ്ങിയതേയുള്ളു" എന്നു പറഞ്ഞ രോഗം മറെറാരു ഡോക്ടർക്ക് അവസാനിക്കാറായത്!

ദിവസങ്ങൾ പലതു കടന്നുപോയി. രോഗം കൂടിവരികയാണ്.

"ഈ മരുന്നു വാങ്ങിച്ചുതരണം; ഇഞ്ചക്ഷനുള്ളതാണ്". ഒരു സ്ലിപ്പ് നീട്ടിക്കൊണ്ട് ഡോക്ടർ പറഞ്ഞു.

"എന്റെ കയ്യിൽ ഒരു പൈസ പോലുമില്ല ഡോക്ടർ" ജോസഫ് ദയനീയമായിപ്പറഞ്ഞു.

"സ്വന്തക്കാരാരുമില്ലേ?"



"ഈ ലോകത്തു ഞാൻ ഏകനാണ് ഡോക്ടർ"

"ഇതുപോലെ എത്രപേരെ ഞങ്ങൾ കണ്ടിരിക്കുന്നു!"

"ഇതു സത്യമാണ് ഡോക്ടർ".

ഫയലിൽ എന്തോ കുറിച്ചിട്ടു ഡോക്ടർ പറഞ്ഞു "കൊള്ളാം; കിടന്നോ, എഴുന്നേററിരിക്കണ്ടാ".

ജോസഫ് എന്തോ പറയുവാൻ ഭാവിച്ചപ്പോഴേയ്ക്കും ഡോക്ടർ പോയിക്കഴിഞ്ഞിരുന്നു.

ജോസഫ് കിടന്നു. അന്നും പതിവുള്ള റൊട്ടിയും പാലും ലഭിച്ചു.

മരുന്നു വാങ്ങിക്കൊടുക്കാതെ തന്നെ ഇഞ്ചക്ഷൻ ലഭിച്ചു. മരുന്നോ, പച്ചവെള്ളമോ? ദൈവത്തിനു മാത്രമറിയാം.

അന്നുരാത്രി ജോസഫിന് ഉറക്കം വന്നില്ല. രോഗം സുഖപ്പെടണമെന്നുണ്ടെങ്കിൽ ഒന്നുകിൽ മരുന്നു വാങ്ങിക്കൊടുക്കുക, അല്ലെങ്കിൽ മരുന്നിന്റെ വില ഡോക്ടർക്കു കാഴ്ചവയ്ക്കുക! രണ്ടിനും തനിക്കു നിവൃത്തിയില്ല! നിരാശകൊണ്ട് കരയണമെന്നു തോന്നി. പക്ഷേ കരഞ്ഞില്ല. കരഞ്ഞാലും കാണുവാൻ ആരുമില്ല! അതുകൊണ്ട് സന്തോഷിക്കുക. എങ്ങനെ സന്തോഷിക്കുവാൻ? നീറി നീറി മരിക്കുമ്പോൾ എങ്ങനെ സന്തോഷം വരും! മരണം പെട്ടെന്നിങ്ങു വന്നിരുന്നെങ്കിൽ!

അവിടെ ചെന്നിട്ട് പതിനാലു ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു. എല്ലുന്തി, കവിളൊട്ടി, വിവർണ്ണനായി! ഒരു മനുഷ്യക്കോലം അവിടെക്കിടന്ന് ഇഞ്ചിഞ്ചായി മരിക്കുകയാണ്!

പതിവുപോലെ അന്നും സന്ധ്യയായി. ആകാശമണ്ഡലത്തിൽ കാർമേഘങ്ങൾ ധൃതിയിൽ തടിച്ചുകൂടി. കൊള്ളിയാൻ മിന്നലുകളും പ്രകൃതിയുടെ ഞെട്ടിപ്പിക്കുന്ന ഘോരാട്ടഹാസങ്ങളും തുടരെത്തുടരെ ഉണ്ടായി.

മണി പന്ത്രണ്ടോടടുത്തിരിക്കുന്നു. എങ്ങും ഭയം ജനിപ്പിക്കുന്ന അന്തരീക്ഷം.

"ഠോ ഠോ ഠൊ ഠൊ ഠാ ഠാ ഠ ഠ ഠ ഠ ഠ ഠ ഠ ഠ" ഞെട്ടിപ്പിച്ചുകളഞ്ഞ ഒരിടി. ലൈററുകളെല്ലാം അണഞ്ഞിരിക്കുന്നു! ഭീകരമായ ഇരുട്ട് എങ്ങും വ്യാപിച്ചിരിക്കുന്നു! അതിഭയങ്കരമായ മഴ! ശക്തിയായ കാററ്! ജനാലയുടെ കതകുകൾ കൂട്ടിയടിക്കുന്ന ശബ്ദം! പുതുമഴ അതിന്റെ സർവ്വപ്രതാപത്തോടുംകൂടി തകർത്തടിച്ചു പെയ്യുകയാണ്!

"വെള്ളം വെള്ളം" എന്ന് ആരോ ഒരാൾ അവ്യക്തമായ സ്വരത്തിൽ നിലവിളിച്ചതു് അടുത്ത ബഡ്ഡിലുണ്ടായിരുന്നവർ കേട്ടുകാണുമോ, ആവോ?

നിമിഷങ്ങൾ........ ........ !

മിനിട്ടുകൾ........ ........ !!!

.... .... .... .... .... ....

പ്രകൃതി ഒട്ടൊന്നു ശാന്തമായതുപോലെ. അടുത്ത നിമിഷം ലൈററുകൾ പ്രകാശിച്ചു. അന്ധകാരം എവിടെയോ ഓടിമറഞ്ഞു. ലോകമായ ലോകമെല്ലാം സുഖസുഷുപ്തിയിലമർന്നുകിടക്കുന്നു. രോഗികൾ സുഖമായി ഉറങ്ങുകയാണ്. ജോസഫും നിദ്രയിലാണ്ടു

കഴിഞ്ഞിരുന്നു. പണക്കൊതിയരുടേതായ മനുഷ്യലോകത്തോടുള്ള ഒരു ചോദ്യചിഹ്നം പോലെ ആ മനുഷ്യക്കോലം കിടന്നുറങ്ങുകയാണ്. പക്ഷെ ആ ഉറക്കത്തിൽനിന്നും പിന്നീടൊരിക്കലും അയാൾ ഉണന്നിട്ടില്ല.

നേരം വെളുത്തു; ഡോക്ടർ വന്നു പരിശോധിച്ചു; റിപ്പോർട്ടെഴുതി; ശരീരം മറവു ചെയ്യുവാൻ ഓർഡർ കൊടുത്തു.

അപ്പോഴാണ് ആ ചെറിയ പെട്ടി ശിപായി ചൂണ്ടിക്കാണിച്ചതു്. പെട്ടിയുമെടുത്തുകൊണ്ടു ഡോക്ടർ ഒരു ചെറിയ മുറിയിലേക്കു പോയി. ഭദ്രമായി പൂട്ടപ്പെട്ടിരുന്ന ആ പെട്ടി തുറക്കുവാൻ അല്പം പണിപ്പെടേണ്ടിവന്നു. ഒരു കമ്പിയിട്ടുനോക്കി! പക്ഷെ തുറന്നില്ല. ജോസഫിന്റെ തലയിണയുടെ കീഴെനിന്നു ശിപായി താക്കോൽ കണ്ടെടുത്തു. ഡോക്ടർ തന്നെ പെട്ടി തുറന്നു. എല്ലാവരും ആകാംക്ഷയോടെ നോക്കിനിന്നു.

ശവശരീരം മറവുചെയ്യുവാനായിക്കൊണ്ടുപോയതു സിമിത്തേരിയിലേക്കായിരുന്നില്ല. ആ ശരീരവും വഹിച്ചുകൊണ്ട് ആംബുലൻസു ചീറിപ്പാഞ്ഞതു മെഡിക്കൽകോളേജ് ലാബിലേക്കായിരുന്നു. മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഒരിരകൂടി കിട്ടിയിരിക്കുന്നു. മരിച്ചുകഴിഞ്ഞിട്ടും പാവപ്പെട്ടവനു സ്വസ്ഥത കൊടുക്കുകയില്ലാത്ത വിചിത്രമായ ലോകം!

പെട്ടിയുടെ അടിയിൽനിന്ന് ഒരു ചെറിയ ഡയറി കണ്ടെടുത്തു. ഒരു ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെ ഗൗരവമുണ്ടായിരുന്നു ഡോക്ടറുടെ മുഖത്ത്. ആദ്യപേജ് ഡോക്ടർ വിടർത്തി നോക്കി.

"AUTOGRAPH" എന്നുമാത്രം എഴുതിയിരിക്കുന്നു.

ഓട്ടോഗ്രാഫ് സൂക്ഷിക്കുവാനുള്ള വിദ്യാഭ്യാസമുണ്ടായിരുന്നോ ആ മനുഷ്യന്? ഡോക്ടർക്ക് സംശയം തോന്നി; അതോടൊപ്പം അത്ഭുതവും. അടുത്തപേജ് നിവർത്തിനോക്കി. അതിൽ ഒരു അഡ്രസ്സ് സീൽ ചെയ്തിരിക്കുന്നു.

P. O. Joseph,
Rose Villa, Trichur.

തൃശ്ശൂർ! അതു തന്റെ നാടാണ്. റോസ് വില്ല! അതും താനറിയും. പട്ടണത്തിന്റെ മദ്ധ്യസ്ഥാനത്തുനിന്ന് ഏതാണ്ട് രണ്ടരമൈൽ മാറി മനോഹരമായ ഒരു ബംഗ്ലാവു സ്ഥിതിചെയ്തിരുന്നത് ഓർക്കുന്നു. പക്ഷെ അന്നത്തെ ആളുകളല്ല ഇന്നവിടെ താമസിക്കുന്നതെന്നു മാത്രം.

"ഇയാൾ അവിടെ വേലയ്ക്കു നിന്നിട്ടുണ്ടായിരിക്കുമോ?" ഡോക്ടർ തന്നോടുതന്നെ ചോദിച്ചു. വീണ്ടും പേജുകൾ മറിച്ചു.

അടുത്ത പേജിൽ എഴുതിയിരിക്കുന്നു:

"Need not try to remember,
Yet try not to forget."
Your loving friend,

Mohan J.,
Pushpalayam, Trichur,
12-4-30.



തന്റെ കണ്ണുകളെ വിശ്വസിക്കുവാൻ ഡോക്ടർക്ക് കഴിഞ്ഞില്ല. തന്റെ അഡ്രസ്സ്! സ്വന്തം കയ്യക്ഷരം! താൻ സ്വപ്നലോകത്തിലോ? ഇതെന്തൊരു പ്രതിഭാസം! ഒന്നും മനസ്സിലാകുന്നില്ല.!

ഡോക്ടർ മോഹൻ ഒരു കസേരയിൽ ഇരുന്നു. വീണ്ടും ഡയറി നിവർത്തി നോക്കി. അതെ, തന്റെ അഡ്രസ്സ് തന്നെ! അതേ കയ്യക്ഷരം! പക്ഷെ വിശ്വസിക്കുവാൻ സാധിക്കുന്നില്ല; വിശ്വസിക്കാതിരിക്കുവാനും കഴിയുന്നില്ല.

അസ്വസ്ഥത മനസ്സിൽ തളംകെട്ടുന്നു. എത്ര ചിന്തിച്ചിട്ടും പിടികിട്ടാത്ത രഹസ്യം. എങ്ങനെ തന്റെ അഡ്രസ്സ് ഈ അനാഥന്റെ കയ്യിൽ വന്നു? ഉത്തരമില്ലാത്ത ചോദ്യം!

ഡയറി മടക്കി പോക്കറ്റിലിട്ടു.

എഴുതുവാൻ ഫയൽ നിവർത്തി, പേന കയ്യിൽനിന്നു വഴുതിമാറുകയാണ്. എന്തോ ചിലതെല്ലാം കുത്തിക്കുറിച്ചു. കുറിച്ചതു തന്നെ വായിക്കുവാൻ നോക്കിയിട്ട് ഒന്നും മനസ്സിലാകുന്നില്ല. സമനില ആകെ തെറ്റിയതുപോലെ. വികാരങ്ങളുടെ വേലിയേറ്റം ആ മുഖത്ത് വളരെ വ്യക്തമായിക്കാണാം.

എന്തോ തീരുമാനിച്ചിട്ടെന്നപോലെ ഡോക്ടർ മുറിയിൽനിന്നു പുറത്തിറങ്ങി. യാതൊന്നും ശബ്ദിച്ചില്ല. കോവണിപ്പടികളിറങ്ങി ഗ്രൗണ്ട്ഫ്ലോറിലെത്തി പോർട്ടിക്കോവിലേക്കു നടന്നു. കാറിൽക്കയറി നേരെ വീട്ടിലേക്കു യാത്രതിരിച്ചു.

നിമിഷങ്ങൾക്കുള്ളിൽ വീട്ടിലെത്തി മുറി തുറന്നു. ഫാൻ ഓൺ ചെയ്തു. സെറ്റിയിൽ ഇരുന്നു. പാന്റ്സിന്റെ പോക്കറ്റിൽനിന്നു കർച്ചീഫ് എടുത്തു മുഖവും കഴുത്തും തുടച്ചു.

അസ്വസ്ഥതയോടെ ഡയറി പുറത്തെടുത്തു വീണ്ടും നിവർത്തി നോക്കി. ആദ്യം വായിച്ചതുപോലെതന്നെ.

"Need not try to remember
Yet try not to forget"

Your loving friend,

Mohan J.,
Pushpalayam,
Trichur,
12-4-'30.

"12-4-'30"! ഇപ്പോഴാണ് തീയതി കണ്ണിൽപ്പെട്ടതു്. മുപ്പത്താറുവഷങ്ങൾക്കു മുമ്പ് കുറിച്ചിട്ടതു്.!

ഭൂതകാലത്തിലേക്ക് ചിന്തകൾ പാഞ്ഞുപോയി.

"ഏസ്! ഇന്ററിനു സെക്കന്റ് ഇയ്യർ പഠിച്ച വർഷം" അറിയാതെതന്നെ ഡോക്ടർ മോഹൻ പറഞ്ഞുപോയി.

പെട്ടെന്ന് എഴുന്നേററു ഷെൽഫ് തുറന്നു. ഒരു ആൽബം എടുത്തുകൊണ്ടുവന്നു സെററിയിലിരുന്നു. ഇൻററിനു പഠിച്ചപ്പോഴത്തെ ഗ്രൂപ്പ്ഫോട്ടോ എടുത്തുനോക്കി. പക്ഷെ പലരുടെയും പേരുകൾ മറന്നിരിക്കുന്നു. ഓർക്കുവാൻ ശ്രമിച്ചിട്ടും സാധിക്കുന്നില്ല. പലരെയും തിരിച്ചറിയുവാൻപോലും കഴിയുന്നില്ല. കാലം വരുത്തിവച്ച മാററം!

പേജ് മറിക്കുവാൻ തുടങ്ങിയപ്പോഴാണ് ലിസ്റ്റ് താഴെ എഴുതിയിരിക്കുന്നതു കണ്ടതു്. പേരുവായിച്ച് ഫോട്ടോയുമായി ഒത്തുനോക്കി. മൂന്നാമത്തെ നിരയിൽ നാലാമതായി നില്ക്കുന്നതു "Mohan J."—താൻ തന്നെ. അടുത്തതു "Joseph P. O."

"ജോസഫ്!" ഡോക്ടർ ഞെട്ടിപ്പോയി ആ പേരു കണ്ടപ്പോൾ.

"സ്നേഹിതാ, ഞാൻ നിങ്ങളെ ഓർക്കുന്നു! സുഹൃത്തേ എനിക്കു മാപ്പുതരൂ! മരണത്തിനുപോലും വേർപെടുത്താൻ കഴിയാത്ത ചങ്ങാതിമാർ എന്നു മററുള്ളവർ നമ്മെ വിളിച്ചിരുന്നതു ഞാനോർക്കുന്നു.....മരണത്തിനെത്രയോ മുമ്പുതന്നെ ആ സ്നേഹബന്ധം ശിഥിലമായിപ്പോയി....!.... അന്നു്, റിസൽട്ടറിഞ്ഞ ദിവസം, നിനക്കു കിട്ടിയ ശകാരവർഷം....പിന്നീടുണ്ടായ അപ്രതീക്ഷിത സംഭവവികാസങ്ങൾ ..... എല്ലാം ഞാനോർക്കുന്നു.....വീട്ടിൽനിന്നു പോയദിവസം നീ എനിക്കെഴുതിയ വികാരഭരിതമായ ആ കത്തു്.......!

ഒരുതുള്ളി ചുടുകണ്ണുനീർ ആരുമാരുമറിയാതെ ജോസഫിൻെറ ഫോട്ടോയിൽ വീണു, ശിഥിലമായ സ്നേഹബന്ധം പുന:സ്ഥാപിക്കപ്പെട്ടതിൻെറ സാക്ഷിയെന്നപോലെ !!







# ശ്മശാനത്തിൽ

(റോസിലി M. M. I P. D. C.)

I

കാലമാമുരുളെന്നും തിരിയുന്നനുക്രമം
വേനലും, വസന്തവും വർഷവും വരും, പോകും;
താരണിഞ്ഞീടും മഹീരുഹങ്ങൾ കൊഴിഞ്ഞില
വാരിളം തളിരുകളെമ്പാടും നിരക്കവെ.
പുഞ്ചിരിച്ചിളംകീരിപ്പല്ലുകൾ കാട്ടിച്ചെമ്മെ
പുഞ്ചകൾ മുളയ്ക്കുന്നു—വയലിൻ രോമാഞ്ചങ്ങൾ!
കനകക്കതിർക്കററ കാറ്റുവച്ചണഞ്ഞുപോം
കനിവിൻകനമാന്നാജീവിതം ഞൊടിക്കുള്ളിൽ.
ഇന്നുകളതിന്നെത്തും നാളുകളിന്നായ്മാറും,
വന്നിടും പ്രഭാതവും സന്ധ്യയും മുന്നേപ്പോലെ.
ഇന്നലെക്കാണ്മോരല്ല ഇന്നിൻെറ വിധാതാക്ക-
ളിന്നത്തെ ശബ്ദം നാളെനിലയ്ക്കുന്നെന്നേയ്ക്കുമായ്!
അല്ലൽതന്നലക്കിട്ട യൗവ്വനം കരിഞ്ഞതിൻ
ചാമ്പലാൽ ചായംതേച്ച ശീർഷവും നമിച്ചഹാ
നിഴൽപോൽനീങ്ങുന്നനാമണിയായനാരത-
മഴലിന്നനന്തമാം പാതയിലെങ്ങോട്ടേയ്ക്കോ!
പോയവർ വരാറില്ല, പിന്നെയും തളിർക്കുന്നു
മായികാസ്വപ്നംപോലിജ്ജീവിതം വീണ്ടും വീണ്ടും;
മൂകസാക്ഷികളായി നില്ക്കയാണഹർന്നിശം
സൂര്യനും, ശീതാംശുവും താരകാഗണങ്ങളും!

*    *    *

എവിടേ,യ്യൊവിടുന്നീയാത്ര! ഞാൻ ചോദിക്കാറ-
ങ്ങീവിടീശ്ശശാനമാണെന്നാത്മവിദ്യാലയം;
പതിവായ് വരാറുണ്ടീമാമരച്ചോട്ടിൽ നിത്യം
ക്ഷിതിതൻ രഹസ്യങ്ങൾ കോർത്തഴിച്ചിരിക്കുവാൻ.

II

ആരഹോനില്പൂദൂരെ, പുത്തനാമൺക്രുനതൻ
ചാരവേ? പിശാചല്ല, കൊച്ചുബാലികയല്ലോ!
അയൽവക്കത്തെ "കൊച്ചുവത്സല"! അഹോ കഷ്ട-
മവൾതൻമാതാവന്ത്യവിശ്രമംകൊൾവൂ ചാരെ.
അടർന്നുവീഴുന്നുണ്ടക്കൺകളിൽനിന്നും-മുത്തു-
മണികൾ, വിങ്ങിപ്പൊട്ടിക്കരയുന്നിടയ്ക്കിടെ.
വാരിളംചെഞ്ചുണ്ടിൽനിന്നുതിരുന്നെന്തൊക്കെയോ
ഗീരുക്കളവ്യക്തങ്ങൾ, ഗദ്ഗദംമാത്രം കേൾക്കാം.
അമ്മുഖം വാടിപ്പോയാലലിവാർന്നുടനെത്തി-
യക്കവിൾക്കുമ്പിൽപ്പേർത്തുമുമ്മകൾചൊരിയുന്നോ-
രമ്മഹാവാത്സല്യത്തിനുറവിന്നണഞ്ഞിപ്പോ-
യല്ലലിന്നടിത്തട്ടിലോമലാൾപതിച്ചുപോയ്.
ചെമ്പകപ്പൂവിന്നൊപ്പമമ്പിളിക്കീറും, പിന്നെ
ത്തുമ്പിയും, മന്ത്രക്കോലും, സ്വർണ്ണമാമ്പഴങ്ങളും
തൻകുഞ്ഞിക്കയ്യിൽക്കളിപ്പാട്ടമായ്ത്തരാൻ വെമ്പു-
മമ്മതൻ കുടീരത്തിൽ നില്പൂയാണാരോമലാൾ!
ആരിനിയക്കാമ്പിൽനാമ്പിടുമഭിലാഷ
മാലകൾകൊരുക്കുവാൻ, താരാട്ടീയുറക്കുവാൻ!
ആരോടുകഥിക്കും തന്നവ്യക്തദുഃഖങ്ങള-
മാരോമൽകഥകളും, പൂവിടും സ്വപ്നങ്ങളും!
വത്സലയ്ക്കിരുണ്ടുപോയ് ജീവിതം; അടഞ്ഞുപോ-
യുത്സവം തീരുംമുമ്പാകോവിലിൻകവാടങ്ങൾ!
ദർശനം നല്കുംതിഷ്ടദേവത കടന്നുപോയ്
കർശനം വിധി തന്റെ നിയമം നിർദ്ദാക്ഷിണ്യം!

* * *





# കവിത ഇന്നലെ ഇന്ന് നാളെ

(ജമിനി. പി. എം.)

## എന്താണ് കവിത?

എന്താണ് കവിത? ഒരു വാക്കിൽ ഉത്തരം പറയുക സാദ്ധ്യമാണോ? ആണെങ്കിൽ പറയാം; വികാരമാണ് കവിത. വികാരം മാത്രമാണോ? വിചാരമല്ലേ കവിത? അല്ലെങ്കിൽ വികാരവും വിചാരവും കൂടിയതല്ലേ കവിത? ജീവിതം കണ്ടെത്താനുള്ള വെമ്പലാണ കവിതയെന്നു പറഞ്ഞുകൂടേ? വികാരവും വിചാരവും എല്ലാം ജീവിതത്തിന്റെ താളവും ലയവും പകർത്തുവാനുള്ള വർണ്ണങ്ങളാണ്. കവിയുടെ ഭാവന സുന്ദരമായൊരു കുടീരവാസം. കവിത സമൂഹമദ്ധ്യത്തിൽ സ്വാധീനം ചെലുത്തുവാൻ കഴിവുള്ള ഒരു നിർണ്ണായകഘടകമായതെന്നാണ്? ഉത്തരം പറയുവാൻ വിഷമമുള്ള ഒരു ചോദ്യമാണിത്. ഭാഷയുണ്ടായപ്പോൾ കവിതയുണ്ടായെന്നു പറഞ്ഞാൽ ശരിയാവുകയില്ല. ഒരു ഭാഷയും വശമില്ലാതിരുന്ന അപരിഷ്കൃതനായ മനുഷ്യൻ ചില വിചിത്രങ്ങളായ സ്വരങ്ങൾ ചില പ്രത്യേക രീതിയിൽ പുറപ്പെടുവിച്ച് തന്റെ വിശ്രമാവസരങ്ങൾ ആനന്ദമാക്കിയിരുന്നുവെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. ഭാഷയുണ്ടായപ്പോൾ കവിതയ്ക്ക് പുതിയ രൂപവും ഭാവവും കിട്ടി. താൻ ഉൾക്കൊള്ളുന്ന സമൂഹത്തിലെ വീരന്മാരുടെ അപദാനങ്ങൾ വിവരിക്കുവാൻ കവിത ഉപയോഗിച്ചു തുടങ്ങിയതു് കവിതയുടെ പുരോഗതിയിൽ ഒരു നാഴികക്കല്ലാണ്. തലമുറ—തലമുറകളായി ധീരപുരുഷന്മാരുടെ വീരപരാക്രമങ്ങൾ കവിതയുടെ മതിൽക്കെട്ടുകൾക്കുള്ളിൽക്കുടുങ്ങി. കാലക്രമേണ കവിത പുതിയ പുതിയ സങ്കേതങ്ങളിലേയ്ക്കു പകർന്നു. പ്രകൃതിയുടെ അവർണ്ണനീയഭംഗി, ജീവിതത്തിനു സങ്കീർണ്ണങ്ങളായ

---

സാന്ത്വനമോതാൻപോലുംകഴിഞ്ഞില്ലി,തന്നുഞാൻ
താന്ത,മത്തറയ്ക്കുമേൽ സാലഭഞ്ജികയ്ക്കൊപ്പം;
സന്താപനിമഗ്നമെന്നന്തരംഗത്തിൽനിന്നും
പൊന്തിടും നിശ്വാസങ്ങൾ വായുവിൽ വിലയിച്ചു.
കതിരോൻ പടിഞ്ഞാറെ കടലിന്നലകളിൽ
കളഭം വാരിത്തൂകി നീരാട്ടിന്നൊരുക്കമായ്,
കടലിൽപ്പോകും പ്രാണപ്രിയരേനോക്കിക്കണ്ണീർ
ക്കടവിൽ നിലകൊണ്ടു കടലിൻ കിടാത്തിമാർ.

പ്രശ്നങ്ങൾ എന്നിങ്ങനെ പുതിയ മേഖലകളിൽ കവിത ചെന്നെത്തിയപ്പോൾ വാസ്തവത്തിൽ പുരോഗതിയുടെ പരിവൃത്തം പൂർത്തിയായിക്കഴിഞ്ഞിരുന്നു.

## കവിതയും കാളിദാസനും

കവിതയെന്നു പറഞ്ഞാൽ കാളിദാസന്റേതു മാത്രമാണു് എന്നു വിശ്വസിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ശിഥിലമായി കിടന്നിരുന്നെങ്കിലും വേഷവും ഭാഷയും ആചാരമര്യാദകളും കൊണ്ടു് കൂട്ടിയിണക്കപ്പെട്ടു് ഏകഭാവം പുലർത്തിയിരുന്ന ഒരു ജനതതി ഇവിടുണ്ടായിരുന്നു. ജനങ്ങളും പ്രശ്നങ്ങളും കുറവായിരുന്ന കാലഘട്ടത്തിൽ ഓരോ നാട്ടുരാജ്യവും അതിന്റേതായ പരിരക്ഷണം കലയ്ക്കും സാഹിത്യത്തിനും നല്കിയിരുന്നു. മേലേക്കിടയിലുള്ളവരുടെ പിടിയിലമർന്നിരുന്നെങ്കിലും ആ കാലം കലയുടെയും സാഹിത്യത്തിന്റെയും സുവർണ്ണഘട്ടമായിരുന്നു. അങ്ങനെ അജ്ഞാതമായൊരു കാലഘട്ടത്തിൽ അജ്ഞാതമായൊരു രാജ്യത്തിൽ ജീവിച്ചിരുന്ന കാളിദാസൻ ഭാരതത്തിന്റെയെന്നല്ല ലോകത്തിന്റെ ശ്രദ്ധതന്നെ പിടിച്ചുകലുക്കിയിരിക്കുന്നു. വായിക്കുന്തോറും കൂടുതൽ കൂടുതൽ വായിക്കുവാൻ പ്രേരിപ്പിക്കുന്ന ആ ചിന്താമധുരമായ കാവ്യശൈലി നമ്മുടെ കവിതയുടെ അനന്യസ്വത്തയാണു്. ഈ പ്രപഞ്ചത്തെയാകെ പിടിച്ചുകലുക്കാൻ പര്യാപ്തമായ സ്നേഹവും, യുഗങ്ങളുടെ ഹൃദയം കവരുവാൻ പോരുന്ന ദുഃഖവും വേദനയുമെല്ലാം അവിടെ പ്രതിബിംബിച്ചു നില്ക്കുന്നു. വിരഹാർത്തനായ ഭർത്താവു് ദൂരെ ദൂരെയുള്ള തന്റെ പ്രിയസഖിയ്ക്കു് മേഘത്തിന്റെ സഹായത്തോടെ ഒരു സന്ദേശമയയ്ക്കുന്നു. മേഘസന്ദേശത്തിലെ പ്രതിപാദ്യം ആയിരമായിരം വർഷങ്ങളിലൂടെ കടന്നുവന്നിട്ടും ഇന്നും പുത്തനാണു്. കവിത കാളിദാസനേയും, കാളിദാസൻ കവിതയേയും അനശ്വരമാക്കി. കവിതയെക്കുറിച്ചു് എന്തെങ്കിലും പറഞ്ഞാൽ കാളിദാസനെക്കുറിച്ചെന്തെങ്കിലും പറയാതെ വയ്യ. കാരണം അവർ രണ്ടും തമ്മിൽ അത്രമാത്രം ബന്ധപ്പെട്ടിരിയ്ക്കുന്നു.

## മലയാള കവിത

മലയാളത്തിലെ കവിത എവിടംവരെ വളർന്നിരിക്കുന്നു? പുരോഗമനവാദികളോടു ചോദിച്ചാൽ ആധുനിക പ്രവണതകളിലേയ്ക്കു വളർന്നിരിക്കുന്നുവെന്നു പറയും. സംസ്കൃതത്തിന്റെ കൂട്ടില്ലാത്ത കവിത കവിതയല്ലെന്നായിരുന്നു ആദ്യകാലസങ്കല്പം. രാജസദസ്സുകളിലും പ്രഭുകുടുംബങ്ങളിലും കവിത തങ്ങിനില്ക്കുവാൻ കാരണവും അതായിരുന്നു. മനസ്സിൽ തോന്നുന്നതു് അതിന്റേതായ വ്യക്തിത്വത്തിൽ പറയുവാനും അതു് സാധാരണ ജനങ്ങൾക്കു മനസ്സിലാകുവാനും തുടങ്ങിയപ്പോൾ ഒരു കൂട്ടം പുതിയ കവികൾ ജനിച്ചു. അനാചാരത്തിന്റെയും അനീതിയുടെയും നേർക്കു ഗർജ്ജിച്ചപ്പോൾ കവിതയിൽ പ്രതിഷേധത്തിന്റെ ശബ്ദം, പുരോഗമനത്തിന്റെ ഉറച്ച ശബ്ദത്തിനു മുൻപിൽ പരാജയപ്പെട്ടു.

## കവിത ഇന്നലെ

ഇന്നലത്തെ കവിത ശൃംഗാരത്തിന്റെ വിനോദരംഗമായിരുന്നു. പ്രത്യേകം ജോലി ഒന്നും ഇല്ലാതിരുന്ന കുറെ നമ്പൂതിരിമാർ കവിതയെ പച്ചശൃംഗാരത്തിലേയ്ക്കു ഴിച്ചുവിട്ടു. ആഭാസങ്ങളെന്നു തോന്നാവുന്നതും പരസ്യമായി വായിച്ചുകേൾക്കാൻ മടിക്കുന്നതുമായ വണ്ണം കവിതയുടെ ജീവൻതന്നെ നശിപ്പിച്ചു. ഏറെക്കാലം നീണ്ടുനിന്ന ആ





അവസ്ഥ സൃഷ്ടിച്ച ഒരു കാവ്യശാഖയാണു് ഭാഷയ്ക്കു സമ്മാനിച്ചതു്.
കലും ശ്രമിച്ചിട്ടില്ലാത്ത അന്നത്തെ കവിത ഒരു പിടി പിന്തിരിപ്പൻമാരുടെ കയ്യിലമർന്നു
പോയി. പുരോഗതിയുടെ നേരിയ വെളിച്ചം സമൂഹത്തിലെ ഇരുട്ടിലേയ്ക്കു വീണപ്പോൾ
അത്തരക്കാർ ഓടിഒളിയ്ക്കുവാൻ തുടങ്ങി. പഴമയുടെ പ്രതിനിധികൾ കേട്ടുനില്ക്കെ കവിത
ജീവിതത്തിന്റെ സങ്കീർണ്ണപ്രശ്നങ്ങളിലേയ്ക്കു കടന്നപ്പോൾ ജനഹൃദയങ്ങളിൽ സ്ഥാനം ലഭിച്ചു.
എതിർക്കേണ്ടതു് അനീതിയെയും പഴമയെയും നശിച്ച പ്രേതങ്ങളെയുമാണെന്നു് പ്രതിഭാ
സമ്പന്നരായ ആധുനികർ മനസ്സിലാക്കി; സമൂഹത്തിലെ തെററ തെററാണെന്നു പറയു
വാനുള്ള ചങ്കൂററവുമുണ്ടായി.

## കവിത ഇന്നു്

ഇന്നു് ഭയപ്പെട്ടു മാറിനില്ക്കുന്ന കവിതയില്ല. പച്ചയായ ശൃംഗാരവും തെറിപ്പാ
ട്ടുകളും അപ്രത്യക്ഷമായി. ജീവിതം അപ്പാടെ കണ്ടെത്തുവാനുള്ള വെമ്പലാണിന്നു്. സമൂ
ഹത്തിലെ അനാചാരങ്ങൾക്കും അനീതിയ്ക്കുമെതിരായുള്ള സമരം കവിതയ്ക്കു പുതുജീവൻ
പകർന്നു. കുമാരനാശാനും ചങ്ങമ്പുഴയും പരിവർത്തനത്തിന്റെ കാഹളമൂതിയവരാണു്.
പഴമയുടെ ആരാധകനായിരുന്നെങ്കിലും വള്ളത്തോളും ഒരു പരിധിവരെ പുരോഗമനത്തിന്റെ
വക്താവായി. സംസ്കൃതമില്ലാത്ത കവിതയ്ക്കു് ഇന്നു ഭ്രഷ്ടില്ല. പ്രാസവും മററു നൂലാമാല
കളും ശ്രദ്ധിക്കപ്പെടാതായി. രാജാവും രാജ്ഞിയും ദേവേന്ദ്രനും അസുരന്മാരും ഇനി വരാത്ത
വണ്ണം പോയ്മറഞ്ഞു. പുതിയ മേട്ടകളിലൂടെ മേയുവാനുള്ള സ്വാതന്ത്ര്യം ലഭിച്ച ഇന്നത്തെ
കവിതയ്ക്കു്. ഒരു സാധുപുലയനു് ഒരു കവിതയിലെ കഥാനായകനാകാമെന്നു വന്നു. ഇന്ന
ലെയായിരുന്നെങ്കിൽ അതെത്ര ഭയങ്കര കുററമായി തീരുമായിരുന്നു! ജീവിതത്തിന്റെ ചിത്ര
മാണു് ഇന്നത്തെ കവിത. മോട്ടോർ കാറും, തീവണ്ടിയും, ഫാക്ടറിയും യന്ത്രങ്ങളും എന്നു
വേണ്ട മനുഷ്യൻ കടന്നുചെല്ലുന്ന എല്ലാ മേഖലകളും ഇന്നു കവിതയ്ക്കു വിഷയമാണു്. ഇന്ന
ത്തെ കവിതയെന്നു പറഞ്ഞാൽ ജീവിതത്തിന്റെ ചിത്രമാണു്. പഴമയിൽനിന്നു് പുതുമയി
ലേക്കുള്ള ഈ പ്രയാണം അനേകം നൂററാണ്ടുകളിലെ വേദനയുടെ കരളലിയ്ക്കുന്ന കഥയാണു്.
അതിനുമുമ്പിൽ ഒരുകൂട്ടം നിർഭയന്മാരുടെ ജീവിതത്തിന്റെ പാദമുദ്രകൾ പതിഞ്ഞുകിടക്കുന്നു.

## കവിത നാളെ

എന്തായിരിക്കും നാളത്തെ കവിത? നാളത്തെ ജീവിതത്തിന്റെ ഹൃദയഹാരി
യായ ചിത്രമായിരിക്കുമോ നാളത്തെ കവിത? ശൂന്യാകാശവും, സയൻസും പര്യവേക്ഷണ
ങ്ങളും കവിതയിൽ എന്തെന്തു മാററങ്ങൾ വരുത്തും? പരിഷ്കാരത്തിനും പുരോഗതിയ്ക്കും വേണ്ടി
നാളത്തെ കവിത വാദിക്കുമോ? ഒരു കാര്യം നിശ്ചയമാണു്. നാളത്തെ കവിത ജനങ്ങളുടെ
കവിതയായിരിയ്ക്കും; നാളത്തെ പുരോഗതിയുടെ രോമാഞ്ചമണിയിക്കുന്ന ചിത്രമായിരിക്കും.
വണ്ണവൈവിദ്ധ്യമാർന്ന ആ പരിവർത്തനത്തിന്റെ പശ്ചാത്തലമൊരുക്കുവാൻ നമുക്കു കഴി
യുമോ? കഴിയണം. കഴിഞ്ഞാൽ നാളെക്കുറിച്ചു ദുഃഖിക്കേണ്ടിവരില്ല.





# പാടത്തെ പൈങ്കിളി

(പങ്കജാക്ഷി പി. വി. II P. D. C. No. 1576)

പാടത്തു നിത്യം പണിയെടുക്കും
പേടമാൻ കണ്ണാളേ, ചാരുശീലേ!
പാടാത്തതെന്തേ പതിവുപോലെ
പൈദാഹശാന്തിക്കുപായമില്ലേ!

പാറിപ്പറന്നു മുടിയിലെന്തേ
കാണുന്നു, വേലതൻ ചായമാണോ?
ഇപ്പച്ചമണ്ണിൽ നിൻ വേർപ്പുബിന്ദു
ഇററിററു വീഴുന്നു ലോലഗാത്രേ!

സുമന്ദഹാസമുതിർന്നിടുന്ന
നിൻ ചുണ്ടിൽ പൂക്കളും വിരിഞ്ഞിടുന്നു;
നിൻമിഴിക്കോണിലൊളിഞ്ഞിരിപ്പൂ
വിശോകസ്നേഹസരോവരങ്ങൾ!

കൂട്ടമായ് നെല്ലതിർ കൊയ്തിടുമ്പോഴും,
കൂട്ടരോടൊത്തു നീ പാടിടുമ്പോഴും,
കോരിത്തരിച്ചു ഞാൻ നിന്നുപോകും
കോർത്തുപോം സ്വപ്നങ്ങളായിരങ്ങൾ.

ഈ നാളമെന്നുമെരിഞ്ഞിടേണം;
ഈ ഗാനമെന്നും വഴിഞ്ഞിടേണം;
ഈടുററസൗന്ദര്യധാമമേ! നീ
ഈ നാടിനെന്നും പുളകമേകി.

പാടാനെനിക്കില്ല പാടവം; നിൻ
പാതയിൽ മുഗ്ദ്ധപ്രതീക്ഷയോടെ
വാടാത്ത പൂക്കളുമായി നില്പൂ
പാടത്തെ പൈങ്കിളീ! നീ വരില്ലേ?







# യുവഭടൻ

( ചാക്കപ്പൻ, പെരുമ്പടവം )

"റാജു കെ. മാത്തൻ എന്ന മലയാളി യുവാവു് യുദ്ധരംഗത്തു വച്ചു വീരചരമമടഞ്ഞിരിക്കുന്നു." പരിഭ്രമത്തോടെയാണു് ന്യൂസ്പേപ്പർ വിടർത്തിയതു്. അങ്ങകലെ മഞ്ഞണിഞ്ഞ താഴ്‌വരയിൽ ഭാരതത്തിന്റെ വൃന്ദാവനമായ കാശ്മീരത്തെ പാക്കിസ്ഥാൻ മദയാനയുടെ പരാക്രമങ്ങളിൽനിന്നു രക്ഷിക്കുവാൻ മാതൃഭൂമിയുടെ അരുമസന്താനങ്ങളായ രണശൂരന്മാർ വിശ്രമലേശമെന്യേ പടവെട്ടുകയാണു്. സ്വമാതാവിന്റെ അഭിമാനത്തിനുവേണ്ടി ആ വീരഭടന്മാർ നിർവ്വിശങ്കം മരണം വരിക്കുന്നു. ഭാരതമക്കൾ ഓരോരുത്തരും അവരെ ചൊല്ലി അഭിമാനപുളകിതരാവുകയാണ്. ഉററവരുടെ മരണത്തിൽ ബന്ധുക്കൾ വികാരഭരിതരായി വിലപിക്കുന്ന കാഴ്ച കരളലിയിക്കുന്നവ തന്നെ.

ജെസിയുടെ നേത്രങ്ങൾ പേപ്പറിലെ ആ ഫോട്ടോയിൽ പതിഞ്ഞു. സ്വരാജ്യത്തിനുവേണ്ടി ജീവൻ ത്യജിച്ച ആ ബലിയാടിന്റെ ചിത്രം അവളുടെ മനോമുകുരത്തിൽ പ്രതിഫലിച്ചു. അശ്രുകണങ്ങൾ അവളുടെ നയനങ്ങളെ ആവരണംചെയ്തു. ഒരു മൂടൽമഞ്ഞിലെന്നപോലെ അവളുടെ കണ്ണുകളിലെല്ലാം അവ്യക്തങ്ങളായി. ഒരു ഞെട്ടലോടെ പേപ്പർ അവളുടെ കരങ്ങളിൽനിന്നു് മേശപ്പുറത്തേക്കു വീണു.

സൂര്യകിരണങ്ങൾ ഇറയത്തേയ്ക്കും ജനലിലൂടെ മുറിയിലേയ്ക്കും നുഴഞ്ഞുകയറി. ആ ഇളവെയിലിൽ അവളുടെ അവ്യക്തമായ പ്രതിരൂപം മേശപ്പുറത്തു നിശ്ചലമായി നിലകൊണ്ടു. ഹൃദയത്തിൽ ആയിരം കൂരമ്പുകൾ ഒന്നിച്ചുവന്നു തറയ്ക്കുന്നതായി തോന്നി. അവളുടെ വിങ്ങുന്ന ഹൃദയം വേദനകൊണ്ടു തിങ്ങിനിറഞ്ഞു. "തെററു ചെയ്തവർ ശിക്ഷയനുഭവിക്കണം." ആരോ മനസ്സിലേയ്ക്കു് ആരോപണശരങ്ങൾ തൊടുത്തുവിട്ടു.

"ആരാണു തെററു ചെയ്തതു്?"

അവളുടെ മനസ്സിൽ ഒരു ചോദ്യചിഹ്നം തെളിഞ്ഞു വന്നു. "ആരാണു് യഥാർത്ഥത്തിൽ ശിക്ഷയനുഭവിക്കേണ്ടതു്? "തെററു ചെയ്തവർ" "ആരാണു് തെററു ചെയ്തതു്"? ആ ചോദ്യം വീണ്ടും തന്നെ അലട്ടുന്നു.

മൂലയിലെ സ്റ്റാൻറിലിരിക്കുന്ന "മർഫി" റേഡിയോവിൽനിന്നു് സിനിമാഗാനങ്ങൾ അന്തരീക്ഷത്തിലേക്കു പ്രവഹിച്ചു. പക്ഷെ അവളുടെ ചെവികൾക്കു് ആ ഗാനങ്ങൾ അരോചകമായിരുന്നു. അവളുടെ അധരങ്ങൾ വരണ്ടു. അമിതമായ ദാഹം, അല്പം വെള്ളം ചോദിക്കണമെന്നു തോന്നി. പക്ഷെ വാക്കുകൾ പുറത്തേക്കു വന്നില്ല. അവളുടെ മനസ്സിൽ

സ്മരണകൾ ചിറകു വിടർത്തി. അവ ഭൂതകാലസംഭവങ്ങളാകുന്ന തളിരിലകൾക്കിടയിലൂടെ വട്ടമിട്ടു പറക്കുവാൻ തുടങ്ങി. അവ ചൂടുപിടിച്ച വികാരങ്ങളെ ഇളക്കി. ഒരു ചലച്ചിത്രത്തിലെന്നപോലെ ഭൂതകാല സംഭവങ്ങൾ അവളുടെ മനോമുകുരത്തിൽ മിന്നിമറയുവാൻ തുടങ്ങി.

അന്നുതാൻ ബി. എസ്. സി. ഫൈനൽ ക്ലാസ്സിലായിരുന്നു. ജീവിതത്തിലെ അവിസ്മരണീയമായ ഒരു ഘട്ടമാണ് കലാലയജീവിതം. ജീവിതവീഥിയിലെ വിലങ്ങുതടികളുമായി പടവെട്ടുവാൻ തയ്യാറെടുക്കുകയായിരുന്ന ആ കാലഘട്ടത്തിൽ. ജീവിതത്തിലെ മധുരസ്വപ്നങ്ങൾക്കു നിറംകൊടുക്കുന്ന കാലഘട്ടമാണത്. ജീവിതത്തിലെ ഉല്ലാസോത്സാഹങ്ങളാകുന്ന ദീപനാളങ്ങൾ എണ്ണവററാതെ പ്രകാശം ചൊരിയുന്ന സമയമായിരുന്നു അത്. ആ ദീപനാളങ്ങൾക്ക് എണ്ണ പകരുവാൻ കാലത്തിന്റെ കരങ്ങൾ ജാഗരൂകമായിരുന്നു. അന്നത്തെ ഉന്മേഷത്തിമിർപ്പാണ് ഇന്നു തന്നിൽ ഉയർത്തെഴുന്നേററ ഈ വേദനയ്ക്കു കാരണം.

കോളേജുദിനാഘോഷങ്ങൾ കായികകലാമത്സരദിനങ്ങൾ മുതലായവ തന്റെ സാമർത്ഥ്യപ്രദർശനാവസരങ്ങളായിരുന്നു. കായികകലാഭ്യാസങ്ങളിൽ താൻ അതീവതാൽപ്പര്യം കാണിച്ചു. കൂടാതെ ക്ലാസ്സിലെ ഒരു ബ്രില്ല്യന്റ് സ്റ്റുഡന്റും. അങ്ങനെ ജെസി എന്ന പേര് കോളജിലെ എല്ലാ ആക്റ്റിവിറ്റീസിലും രജതരേഖകൾ സൃഷ്ടിച്ചു. പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും തന്നെക്കുറിച്ചു നല്ല മതിപ്പായിരുന്നു. വിജയം അഹങ്കാരത്തിലേക്കു നയിക്കുവാൻ സാദ്ധ്യതയുണ്ട് എന്നുള്ളതു മാനുഷികമായ ഒരു ദൗർബ്ബല്യമാണ്. അന്നത്തെ തന്റെ വിജയങ്ങളും തന്മൂലമുണ്ടായ അഹങ്കാരവുമല്ലേ ഇന്നത്തെ തന്റെ വേദനയ്ക്കു കാരണം?

കോളജിൽ ഇലക്ഷന്റെ സമയമായിരുന്നതിനാൽ വിദ്യാർത്ഥികളുടെയിടയിൽ ചൂടുപിടിച്ച പ്രവർത്തനങ്ങൾ നടന്നുകൊണ്ടേയിരുന്നു. സ്പീക്കർ സ്ഥാനത്തേക്കു സ്ഥാനാർത്ഥികൾ ജോസും രാജുവുമായിരുന്നു. ഇരുവരും ജസിയുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചു. ഉഴപ്പനായ രാജു ഒരു ഐഡിയൽ സ്റ്റുഡന്റായ ജോസിനെയാണ് എതിർക്കുന്നത്. ജെസി ജോസിനെ സപ്പോർട്ടുചെയ്തു. ജോസിനു വേണ്ടി പ്രവർത്തിച്ച പെൺകുട്ടികൾ എല്ലാവരുടെയും വോട്ടുകൾ ജോസിനു വാഗ്ദാനം ചെയ്യപ്പെട്ടു.

തിരഞ്ഞെടുപ്പു സമാപിച്ചു. ജോസു വമ്പിച്ച ഭൂരിപക്ഷത്തോടെ ജയിച്ചു. താൻ ആഹ്ലാദിച്ചു. അന്നു ഗ്രൗണ്ടിൽവച്ചാണ് രാജു മാത്തനെ കണ്ടത്. ഏകാകിയായ അവൻ അടുത്തുകൂടെ പോയപ്പോൾ താനും കൂട്ടുകാരും അർത്ഥഗർഭമായി ചിരിച്ചു. ആ ദുർബലനിമിഷത്തിൽ രാജുവിനതു രസിച്ചില്ല.

"That coming is Jose—your follower laugh at him, not at me."

അപ്രതീക്ഷിതമായ ഒരു അടിയായിരുന്നു അത്. താനാകെ വാടിപ്പോയി. കൂട്ടുകാരികളെല്ലാം പൊട്ടിച്ചിരിച്ചു. തന്റെ ആത്മാഭിമാനം ഉണർന്നു. രക്തം ചൂടുപിടിച്ചു. പകരം വീട്ടുവാൻതന്നെ തീരുമാനിച്ചു.

പിറേറദിവസം ഫസ്റ്റ് പീരിയേഡിൽ പ്രൊഫസ്സർ ക്ലാസ്സെടുത്തുകൊണ്ടിരിക്കുകയായിരുന്നു. അററൻഡർ ഒരു "ചിററ്" കൊണ്ടുവന്നു. പ്രൊഫസ്സർ അതു വായിച്ചു "Raju K. Mathen is immediately wanted by the Principal"



കാരണം തനിക്കല്ലാതെ മററാർക്കും അറിയില്ലായിരുന്നു. അതു വേണ്ടായിരുന്നെന്നു അപ്പോൾ തോന്നാതിരുന്നില്ല. നിർവ്വികാരനായി അവൻ അററൻററെ അനുഗമിച്ചു.

ഫസ്റ്റ് പീരിയേഡു കഴിയാറായപ്പോഴേയ്ക്കും രാജു ക്ലാസ്സിൽവന്നു; ബാഗുമെടുത്തുകൊണ്ടു തിരികെ നടന്നു. വിവർണ്ണമായ മുഖത്തോടെ അവൻ ജെസ്സിയെ ഒന്നു സൂക്ഷിച്ചുനോക്കി. കാര്യമെന്തെന്നറിയാതെ മററുള്ളവർ അന്യോന്യം നോക്കി.

അന്നുച്ചയ്ക്കു ലൈബ്രറിയുടെ വാതിൽക്കൽവച്ചു രാജുവിനെ കണ്ടു. തന്റെ മനസ്സിൽ വിവിധ വികാരങ്ങളുണർന്നു.

"താൻ ചെയ്തതു അതിരുകടന്നുപോയില്ലേ? താനൊരാളുടെ ഭാവി മുഴുവനുമല്ലേ തകർത്തത്?"

തലതാഴ്ത്തിക്കൊണ്ടു ലൈബ്രറിയിലേയ്ക്കു കയറുവാൻ ഭാവിച്ചു.
"Please wait a second" പുറകിൽനിന്നൊരു സ്വരം
തിരിഞ്ഞുനിന്നു. ആ മുഖത്തേയ്ക്കു നോക്കുവാൻ ധൈര്യം തോന്നിയില്ല.

Excuse me.... തെററുചെയ്തവർ ശിക്ഷയനുഭവിക്കണം—സഹോദരിക്കു എല്ലാവിധ മംഗളാശംസകളും—Gocd bye" ഒററ ശ്വാസത്തിൽ അവൻ പറഞ്ഞൊപ്പിച്ചു. "Excuse me" തലയുയർത്തിനോക്കിയപ്പോൾ ആ യുവാവു നടന്നു മറഞ്ഞുകഴിഞ്ഞിരുന്നു.

തിരിയെ ക്ലാസ്സിൽവന്നു ഡസ്കിൽ കമിഴ്ന്നു കിടന്നു. വിതുമ്പിക്കരയുവാൻ തോന്നി. ശക്തിയായ തലവേദന. ഒരു വിധത്തിൽ രണ്ടുപീരിയഡും ക്ലാസ്സിൽ കഴിച്ചുകൂട്ടി. ഒന്നും ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല. "തെററുചെയ്തവർ ശിക്ഷയനുഭവിക്കണം" ആ വാക്കുകൾ തന്നിൽ ഒരു വിപ്ലവംതന്നെ സൃഷ്ടിച്ചു.

രാജുവിനെ ഡിസ്മിസ്സുചെയ്തു. അവൻ നാടുവിട്ടു. പിറേറദിവസം കോളജിൽ അതൊരു പാട്ടായിരുന്നു. ഈ വാർത്ത തന്നെ ഞെട്ടിച്ചു. "താനല്ലേ ഇതിനെല്ലാം ഉത്തരവാദി? കുററബോധം തലയുയർത്തി.

പിറേറ ആഴ്ച ഒരു കത്തുവന്നു.

സഹോദരീ,

ആത്മാഭിമാനിയായ എന്റെ പിതാവിനെ ആ വാർത്തയുമായി സമീപിക്കുവാൻ ഞാനശക്തനായിരുന്നു. തന്മൂലം ഞാൻ നാടുവിട്ടു. ഞാനിന്നൊരു വീരഭടന്റെ തൊപ്പിയും വസ്ത്രങ്ങളും ധരിച്ചുകഴിഞ്ഞു. മാതൃഭൂമിക്കുവേണ്ടി പടവെട്ടുവാൻ ഞാൻ പടക്കളത്തിലിറങ്ങും. തെററുകാരനാണെങ്കിൽ എന്നോടു ക്ഷമിക്കുക. എല്ലാ വിജയാശംസകളും.

രാജു

* * * *

ദിനങ്ങളും ആഴ്ചകളും മാസങ്ങൾക്കു വഴിമാറിക്കൊടുത്തു. ജോസും ജെസ്സിയും B. Sc. പാസ്സായി. അവരുടെ വിവാഹവും നിശ്ചയിച്ചുകഴിഞ്ഞു. രാജുവിന്റെ മംഗളാശംസകൾ സഫലീകരിച്ചു. പക്ഷെ ജെസ്സിയതെല്ലാം മറന്നുകഴിഞ്ഞിരുന്നു.

പക്ഷേ ഇന്നിതാ അപ്രതീക്ഷിതമായൊരാഘാതം! "ആരാണ് തെററു ചെയ്തതു്?" ഹൃദയത്തിൽ ഒരിടിമിന്നൽ "തെററുചെയ്തവർ ശിക്ഷയനുഭവിക്കണം" ഒരിടിമുഴക്കം.

അവളുടെ കണ്ണുകളിൽനിന്നു രണ്ടു കണ്ണീർക്കണങ്ങൾ ആ ഫോട്ടോയിലേക്കടർന്നു വീണു.

"ക്ഷമിക്കു സഹോദരാ," അവളാ ഫോട്ടോയുടെ മുമ്പിൽ കൈകൾ കൂപ്പി.

മുററത്തെ മുല്ലച്ചെടികൾ കാററത്തിളകി. അതിൽനിന്നു മുല്ലപ്പൂക്കളടർന്നുവീണു. അങ്ങനെ ആ മുല്ലച്ചെടികളും ആ രാജ്യസ്നേഹിയുടെ വീരചരമത്തിൽ കണ്ണീരടർത്തി ദുഃഖം പ്രകടിപ്പിച്ചു.

"മാതൃഭൂമിക്കുവേണ്ടി സ്വയം ബലിയർപ്പിച്ച ത്യാഗമൂർത്തേ! അങ്ങയുടെ ആത്മാവിനു നിത്യശാന്തി നേരുന്നു. ഈ സഹോദരിയോടു ക്ഷമിക്കൂ."

തെക്കുനിന്നു ഒരു കുളിർകാററു ആ മുറിയിലേയ്ക്കു പാഞ്ഞുകയറി. ഈ സന്ദേശം വൃക്ഷങ്ങളുടെ ചെവിയിൽ മന്ത്രിച്ചുകൊണ്ടു അതു വടക്കോട്ടുപാഞ്ഞുപോയി. വൃക്ഷലതാദികൾ തലയാട്ടി ആ ആത്മാവിനു് നിത്യശാന്തിനേർന്നു.

* * * *

ഈ സമയം അങ്ങകലെ മഞ്ഞണിഞ്ഞ താഴ്‌വരയിൽ രാജുവിന്റെ മൃതദേഹം വീരോചിതം സംസ്കരിക്കുകയായിരുന്നു. അവന്റെയാത്മാവു് തെക്കുനിന്നുവന്ന കുളിർകാററിലലിഞ്ഞുചേർന്നു. ആ കുളിർകാററു മന്ത്രിച്ചു. "മാതൃഭൂമിക്കുവേണ്ടി സ്വയം ബലിയർപ്പിച്ച ത്യാഗമൂർത്തേ! അങ്ങയുടെ ആത്മാവിനു നിത്യശാന്തിനേരുന്നു. ഈ സഹോദരിയോടു ക്ഷമിക്കൂ..................







# ബാലസാഹിത്യം

(ബേബി സെബാസ്റ്റ്യൻ)

"കുട്ടികളുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങളെയും മനശ്ശാസ്ത്രപരമായ പ്രവണതകളെയും പുരസ്കരിച്ചു് അവർക്കുവേണ്ടി രചിക്കപ്പെടുന്ന സാഹിത്യകൃതികളും, സചിത്രഗ്രന്ഥങ്ങളും, പത്രമാസികകളുമാണു് ബാലസാഹിത്യത്തിൽപ്പെടുന്നതു്." ബാലസാഹിത്യം ഒരു പ്രത്യേക സാഹിത്യശാഖയായി വളരുവാൻ തുടങ്ങിയിട്ടു് രണ്ടുമൂന്നു നൂററാണ്ടുകളേ ആയിട്ടുള്ളു. ബാലസാഹിത്യകൃതികൾ പണ്ടുണ്ടായിരുന്നില്ല എന്നു് ഇതർത്ഥമാക്കുന്നില്ല. 'ഈസോപ്പുകഥകൾ', 'പഞ്ചതന്ത്രം', 'കഥാസാരം' തുടങ്ങിയവ പ്രാചീന ബാലസാഹിത്യകൃതികളിൽപ്പെടുന്നു. ബാലസാഹിത്യത്തിന്റെ വളർച്ചക്കു നിദാനമായി വർത്തിച്ച ഘടകങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസരീതികളിലുണ്ടായ വ്യതിയാനം, മനഃശാസ്ത്രപരമായ പഠനങ്ങളിലുണ്ടായ പുരോഗതി ഇവയാണു്. റൂസ്സോ, ഹെർബർട്ടു് തുടങ്ങിയവരുടെ വിദ്യാഭ്യാസപരമായ ആശയങ്ങളും ആദർശങ്ങളും യൂറോപ്യൻഭാഷകളിൽ ബാലസാഹിത്യത്തിന്റെ പുരോഗതിക്കു് ഉത്തേജകമായി വർത്തിച്ചിട്ടുണ്ടു്. ആംഗ്ലഭാഷയിൽ ബാലസാഹിത്യത്തിനു മൂന്നു നൂററാണ്ടുകാലത്തെ വളർച്ചയും വികാസവും ലഭ്യമായിട്ടുണ്ടു് എന്നു സാഹിത്യമീമാംസകർ അഭിപ്രായപ്പെടുന്നു. പരിഷ്കൃതരാജ്യങ്ങളിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ബാലസാഹിത്യം അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ടു്.

ബാലികാബാലന്മാരുടെ ഉപബോധമനസ്സിൽ, നിസർഗ്ഗസിദ്ധമായും സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളാലും അങ്കുരിക്കുന്ന ഭാവങ്ങളേയും രുചികളേയും ക്രോഡീകരിച്ചു്, അവയെ സംസ്കരിച്ചു് അവരുടെ ഭാവിജീവിതം വിജയകരമായി നയിക്കുന്നതിനു് അവശ്യം വേണ്ട വിജ്ഞാനവും കഴിവും നല്കുകയാണു് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ബാലസാഹിത്യത്തിന്റെ പരമപ്രധാനമായ ലക്ഷ്യവും ഇതുതന്നെയാണു്. ശൈശവം മുതൽ യൗവനാരംഭംവരെയുള്ള കാലഘട്ടങ്ങളിൽ കുട്ടികളിൽ ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ പ്രവണതകളെയും താൽപ്പര്യങ്ങളെയും മുന്നിൽ കണ്ടുകൊണ്ടു് അവയ്ക്കനുയോജ്യമായ രീതിയിൽ വേണം ബാലസാഹിത്യകൃതികൾ രചിക്കുവാൻ. ബാലികാബാലന്മാരുടെ ശാരീരിക മാനസിക പ്രവണതകളെ മുൻനിർത്തിയാണു് വിദ്യാഭ്യാസധുരന്ധരന്മാർ വിദ്യാഭ്യാസത്തെ പല ഘട്ടങ്ങളായി തിരിച്ചിരിക്കുന്നതു്. അതുപോലെതന്നെ ബാലസാഹിത്യകൃതികളും പല ശ്രേഢികളായി തിരിക്കേണ്ടതാണു്. പ്രമേയത്തിലും, അവതരണത്തിലും, പദപ്രയോഗങ്ങളിലും, കെട്ടിലും മട്ടിലും എല്ലാം ഈ തരംതിരിക്കൽ പ്രകടമാക്കേണ്ടതാണു്. നല്ലൊരു വിദ്യാഭ്യാസപ്രവർത്തകനു മാത്രമേ ഈ ജോലി വിജയകരമായി കൈകാര്യം ചെയ്യുവാൻ കഴിയൂ.

മേൽസൂചിപ്പിച്ച ഗ്രേഡുതിരിക്കൽ മലയാളത്തിലെ ബാലസാഹിത്യകാരന്മാരിൽ സിംഹഭാഗവും നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഒരുപക്ഷേ ബാലസാഹിത്യത്തെക്കുറിച്ചുള്ള പരിമിതമായ ജ്ഞാനമായിരിക്കാം ഇതിനു കാരണം. അല്ലെങ്കിൽ അശ്രദ്ധ, സംശയമില്ല. ശ്രീ മാത്യു എം. കുഴിവേലിയുടെ ബാലസാഹിത്യകൃതികളിൽ ഈ തരംതിരിവു പ്രകടമായിക്കാണാം. 'ബാലൻ പബ്ളിക്കേഷൻസ്' ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഈ ഗ്രേഡുതിരിക്കലിനു് പ്രതിഭയും വിവേകവും അകമ്പടി സേവിച്ചേ പററൂ. പ്രായപരിധി അനുസരിച്ച വിഭിന്ന ഗ്രേഡിലുള്ള ബാലികാബാലന്മാർക്കുവേണ്ടി ഗ്രന്ഥങ്ങൾ നിർമ്മിക്കപ്പെട്ടില്ലെങ്കിൽ അതു ദൂരവ്യാപകമായ ദുഷ്ഫലങ്ങൾ ഉളവാക്കാതിരിക്കയില്ല. മൃദുലമായ ബാലഹൃദയങ്ങളിലേക്ക് ചപ്പും ചവറും അടിഞ്ഞുകയറുവാൻ അനുവദിച്ചുകൂടാ. പ്രതീക്ഷകളും പ്രലോഭനങ്ങളുംകൊണ്ടു നിറയപ്പെട്ട ബാലമനസ്സ് ഏങ്ങോട്ടാണു പാഞ്ഞുകൂടാത്തതു്? എന്താണു പ്രവർത്തിച്ചുകൂടാത്തതു്? എന്തും ഏതും അവരുടെ മുൻപിലേക്കു വലിച്ചെറിഞ്ഞ് അവരിൽ ആശങ്കയും അങ്കലാപ്പും ഉളവാക്കിയാൽ ഒരുപക്ഷേ ആ ജീവിതംതന്നെ ഒരു പരാജയമായിത്തീർന്നുവരും. ബാലസാഹിത്യകൃതികളുടെ അഭാവംമൂലം ശരിയായ മാർഗ്ഗദർശനം ലഭിക്കാതെ അധഃപതിച്ചുപോയ ജീവിതങ്ങൾ എത്രയായിരിക്കാം!

ബാലികാബാലന്മാരുടെ ആദ്ധ്യാത്മികവും, മാനസികവും, കായികവുമായ ഉന്നതിക്കും വളർച്ചക്കും വേണ്ടി രചിക്കപ്പെടുന്ന ഒരു ഗ്രന്ഥത്തിനു് ഒരിക്കലും പിഴപററുവാൻ പാടില്ല. ഗ്രേഡുതിരിക്കലിൻെറ പ്രാധാന്യം ഇവിടെ പ്രകടമാകുന്നുണ്ട്. കൗമാരത്തിൽനിന്നും യൗവനത്തിലേക്കു കടക്കുന്ന ഒരു ബാലനു് ശാസ്ത്രീയ ലൈംഗികഗ്രന്ഥത്തിൻെറ പഠനം അപരിഹാര്യമാണ്. പക്ഷേ, ഗ്രേഡുതിരിക്കലിൻെറ അഭാവത്തിൽ, തെററായ വിതരണത്തിലൂടെ ഒരു പിഞ്ചുബാലൻ അതു വായിക്കാനിടവന്നാൽ? ചക്കിനു വച്ചതു കൊക്കിനുകൊണ്ട അനുഭവമായിരിക്കും ഉണ്ടാവുക. ഇതിൽനിന്നും ബാലസാഹിത്യകൃതികളെ സംബന്ധിച്ചേടത്തോളം ഗ്രേഡുതിരിക്കലിനുള്ള പ്രാധാന്യം വ്യക്തമാകുന്നുണ്ടല്ലോ. നല്ലൊരു ഭാവിതലമുറയെ വളർത്തിയെടുക്കുന്നതിൽ ബാലസാഹിത്യകാരന്മാർ വഹിക്കുന്ന പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നതും ത്യാഗപൂർണ്ണവുമായ ഒന്നാണ്.

ശൈശവ, ബാല്യ, കൗമാരദശകളെ പിന്നിട്ട് യുവത്വത്തിലേക്കു കടന്നുവരുന്നോരോദിവസവും അനുനിമിഷമെന്നവണ്ണം കുട്ടികൾ ഈ മായാപ്രപഞ്ചം കണ്ട് അത്ഭുതപ്പെടാറുണ്ടാകും. ജിജ്ഞാസാഭരിതമായിരിക്കും അവരുടെ ജീവിതം. മാതാപിതാക്കളും അദ്ധ്യാപകരും അവരുടെ ചോദ്യങ്ങൾക്കു മുൻപിൽ ഇളിഭ്യരായിപ്പോയെന്നുവരും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കുട്ടികൾക്കു പലപ്പോഴും കനത്ത പ്രഹരമോ ശകാരമോ ആയിരിക്കും പ്രത്യുത്തരമായി ലഭിക്കുക. ഈ യാഥാസ്ഥിതികമനോഭാവം കുട്ടികളുടെ മാനസികവളർച്ചക്കും ജ്ഞാനതൃഷ്ണക്കും വലിയ ആഘാതമാണേല്പിക്കുന്നതു് എന്ന വസ്തുത അവർ മനസ്സിലാക്കുന്നില്ല. കുട്ടികളെക്കൊണ്ടനുഗൃഹീതമായ ഈ പ്രപഞ്ചത്തിൽ ജീവിക്കാൻ അവർ അർഹരല്ല എന്നതാണു വാസ്തവം. "എന്ത്, എന്തുകൊണ്ട്; എപ്പോൾ, എങ്ങനെ; എവിടെ, ആര്;" ഇങ്ങനെ ആറു സ്നേഹിതന്മാർ കുട്ടികൾക്കുണ്ട് എന്നാണ് സുപ്രസിദ്ധ ആംഗ്ലേയ ബാലസാഹിത്യകാരൻ റെഡിയാർഡ് കിപ്ളിംഗ് അഭിപ്രായപ്പെട്ടിട്ടുള്ളതു്. ലോകജനസംഖ്യയിൽ പകുതിയോളം വരുന്ന ബാലികാബാലന്മാരുടെ എല്ലാത്തരം ചോദ്യങ്ങൾക്കും



ഉത്തരം നൽകാൻ, അവരുടെ ജിജ്ഞാസയെ ശമിപ്പിക്കുവാൻ ബാലസാഹിത്യം ഉത്തരവാദിയാണ്; അതിൻെറ പരമപ്രധാനമായ ലക്ഷ്യങ്ങളിൽ ഒന്നു് ഇതുതന്നെയാണ്.

കുട്ടിക്കാലത്ത് അഭിനയിക്കുക, സാധനങ്ങൾ ശേഖരിക്കുക, കൂട്ടുകൂടി കളിക്കുക തുടങ്ങിയ സ്വഭാവങ്ങൾ ബാലന്മാരിൽ പ്രകടമായിക്കാണാം. ഈ കാലത്ത് യുക്തിക്കു നിരക്കാത്ത പല ചോദ്യങ്ങളും അവർ ചോദിച്ചെന്നുവരും. അതുപോലെതന്നെ യുക്തിക്കു നിരക്കാത്ത പലതും അവർ വിശ്വസിക്കുകയും ചെയ്യും. 'കഥ'യോടു കുട്ടികൾക്കുള്ള പ്രതിപത്തി പ്രസിദ്ധമാണ്. പത്തുപന്ത്രണ്ടു വയസ്സാകുന്നതോടുകൂടി ദേശാടന താൽപ്പര്യം അവരിൽ പ്രകടമായിക്കാണാം. തങ്ങൾ കേട്ടിട്ടുള്ള എന്തും അവർക്കു കാണണമെന്നു തോന്നും. ഉൽക്കടമായ ജിജ്ഞാസ ഇവിടെയാണ് "പുറപ്പെട്ടുപോക്കു്" അധികവും ഈ പ്രായത്തിലാണു നടക്കുന്നതു് എന്നാണു പണ്ഡിത മതം. ഈ കാലഘട്ടങ്ങളിൽ അവർക്കു് സാഹസികകഥകളാണ് കൂടുതൽ പ്രിയം. ഇതെല്ലാം ശരിക്കു മുതലെടുക്കുവാൻ ബാലസാഹിത്യകാരൻ ദത്താവധാനനായിരിക്കണം. ബാലമനസ്സിനെപ്പററിയുള്ള കൂലംകഷമായ പഠനം ഇതിനാവശ്യമാണ്. മനഃസംസ്കരണത്തോടൊപ്പം വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങളും ബാലസാഹിത്യ കൃതികൾക്കുണ്ടായിരിക്കണം.

പാഠ്യവിഷയങ്ങൾ പലപ്പോഴും അപര്യാപ്തമായിരിക്കും. അവ ബാലന്മാരെ തൃപ്തിപ്പെടുത്തിയെന്നു വരുന്നതല്ല. അവരെ സംതൃപ്തരാക്കാൻ ബാലസാഹിത്യം ബാദ്ധ്യസ്ഥമാണ്. വ്യക്തിത്വവികാസം, സ്വഭാവസംസ്കരണം, ആദ്ധ്യാത്മികോന്നമനം ഇവയെ മുൻനിർത്തി വേണം ഗ്രന്ഥങ്ങൾ നിർമ്മിക്കുവാൻ. പ്രതിബന്ധങ്ങളെ നേരിടുവാനുള്ള കഴിവു നൽകുക, ശാസ്ത്രീയരംഗത്തു ഗവേഷണങ്ങൾ നടത്തുവാൻ വിദ്യാർത്ഥികളെ ശക്തരാക്കുക, തെററും ശരിയും വിവേചിച്ചറിയുവാനുള്ള കഴിവു നൽകുക, സത്യത്തിനും നീതിക്കും വേണ്ടി പോരാടാനുള്ള മനക്കരുത്തു പ്രദാനം ചെയ്യുക, ഇതിനെല്ലാം ബാലസാഹിത്യം ബാദ്ധ്യസ്ഥമാണ്. അവ സാഹിത്യത്തിൻെറ ഏതു രൂപവും കൈക്കൊള്ളട്ടെ, ഏതു വിഷയങ്ങളും സ്വീകരിക്കട്ടെ, മേൽവിവരിച്ച ആവശ്യങ്ങൾ നിറവേററുവാൻ സമർത്ഥമായിരിക്കണം എന്നുമാത്രം.

നമ്മുടെ ബാലസാഹിത്യശാഖയുടെ സ്ഥിതി ഇപ്പോഴും ശോചനീയമാണ്. നല്ല ബാല സാഹിത്യകാരന്മാരുടെ അഭാവം ഈ സാഹിത്യശാഖയെ വല്ലാതെ ഉലക്കുന്നുണ്ട്. തികഞ്ഞ പാണ്ഡിത്യവും ഹൃദയസാരള്യവും നല്ലൊരു ബാലസാഹിത്യകാരനാവശ്യമാണ്. ബാലസാഹിത്യരചനക്ക് ഒരുത്തനെ ശക്തനാക്കാൻ ഉതകുന്ന ആധികാരിക ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിലില്ല. മാത്രവുമല്ല പേരിനും പെരുമക്കുംവേണ്ടി ഉഴലുന്ന സാഹിത്യകാരന്മാരാണ് നമുക്കുള്ളതു്. ദീർഘവീക്ഷണത്തോടുകൂടി, മനസ്സംസ്കരണം (ബാലന്മാരുടെ) സാധിക്കാഞ്ഞാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെ മുന്നിൽ കണ്ടുകൊണ്ടു പ്രവർത്തിക്കുന്നവർ വളരെ വിരളമാണ്. കേന്ദ്രഗവണ്മെൻറ് ബാലസാഹിത്യകൃതികളെ (നാട്ടുഭാഷകളിൽ രചിക്കപ്പെടുന്ന കൃതികൾ) പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നിട്ടും ഗുണത്തിലും എണ്ണത്തിലും കാര്യമായ വ്യതിയാനം ഈ ഇരുപതു വർഷക്കാലംകൊണ്ടു കൈവരുത്തുവാൻ മലയാളബാലസാഹിത്യശാഖക്കു കഴിഞ്ഞിട്ടില്ല; ഉള്ളവതന്നെ അശാസ്ത്രീയമായി സംവിധാനം ചെയ്യപ്പെട്ടവയും. "ഈ ഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും ഉൽകൃഷ്ട ബാലഗ്രന്ഥങ്ങളായി കണക്കാ

ക്കാവുന്നവയല്ല" എന്ന് ശ്രീ മാത്യു. എം. കുഴിവേലി ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. ആധുനികവും ശാസ്ത്രീയവുമായ ബാലസാഹിത്യ ലക്ഷ്യങ്ങളെപ്പററി ഗ്രന്ഥകാരന്മാർക്കുള്ള അജ്ഞതയായിരിക്കാം ഇതിനു പിന്നിലുള്ളത്.

എന്തായാലും ഈ നിലപാടിനു വ്യതിയാനമുണ്ടായേ പററൂ. ത്യാഗബുദ്ധിയോടുകൂടി, ദീർഘവീക്ഷണത്തോടുകൂടി സാഹിത്യകാരന്മാർ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സാഹിത്യകാരന്മാർ മാത്രമല്ല എല്ലാ വിഭാഗത്തിൽ പെട്ടവരും ബാലസാഹിത്യശാഖയെ പുരോഗമിപ്പിക്കുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരാകേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. നമ്മുടെ ബാലലോകം നൂലാമാലകളിൽപ്പെട്ടുഴലുന്നതു കാണുവാൻ ആരുമാരും ആഗ്രഹിക്കാനിടയില്ല. "ഒരു ചെടിയെ വളയ്ക്കാം, പക്ഷേ മാമരത്തെ വളക്കുക സാദ്ധ്യമല്ല" എന്ന തത്വം മനസ്സിലാക്കി സ്വതന്ത്രഭാരതത്തിൻെറ ഭരണചക്രം തിരിക്കേണ്ട ഈ ബാലന്മാരെ ശരിയായി സംവിധാനം ചെയ്യുന്നതിൽ നാം കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു.

കുട്ടികൾക്കുവേണ്ടിയുള്ള വിജ്ഞാനകോശങ്ങൾ, പത്രങ്ങൾ, മാസികകൾ തുടങ്ങിയവ നമ്മുടെ ഭാഷയിലും ഉണ്ടാകണം. സാഹിത്യപ്രവർത്തകസഹകരണസംഘം കുട്ടികൾക്കുവേണ്ടി 'ബാലവിജ്ഞാനകോശം' എന്ന പേരിൽ ഒരു വിജ്ഞാനകോശം പ്രസിദ്ധപ്പെടുത്തുവാൻ പോകുന്നു എന്നുള്ളത് ചിലരുടെയെങ്കിലും ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞിട്ടുണ്ട് എന്നുള്ളതിനു തെളിവാണ്. അതു ശുഭോദർക്കവുമാണ്; സംശയമില്ല. നമ്മുടെ ബാലസാഹിത്യശാഖ കഥയുടെയും, കവിതയുടെയും, പിടിയിൽനിന്നു വഴുതിമാറി മററു മേഖലകളിലേയ്ക്കുകൂടി വ്യാപിക്കേണ്ടിയിരിക്കുന്നു. നാളത്തെ കവികളും, കലാകാരന്മാരും, രാഷ്ട്രതന്ത്രജ്ഞന്മാരും എല്ലാം എല്ലാമായ ഇന്നത്തെ ബാലലോകം ശരിയായ ശിക്ഷണത്തിൽ വളർന്നു വന്നെങ്കിൽ മാത്രമേ അടുത്ത തലമുറ നമ്മെ അഭിമാനത്തോടെ സ്മരിക്കൂ; ബാലലോകത്താൽ അനുഗ്രഹിതമായ ഈ പ്രപഞ്ചത്തിൽ നമുക്കു കൃതാർത്ഥതയോടെ നോക്കി നിൽക്കാനാവൂ; സർവ്വോപരി അച്ചടക്കമുള്ള ഒരു ജനതയെ വാർത്തെടുക്കാനാവൂ. കുട്ടികളുടെ മനസ്സംസ്കരണത്തിലൂടെയല്ലാതെ ഇതു സാദ്ധ്യമല്ല. നമ്മുടെ വിദ്യാഭ്യാസപ്രവർത്തകരുടെയും സാഹിത്യകാരന്മാരുടെയും ശ്രദ്ധ അടിയന്തിരമായി ഈ വിഷയത്തിലേയ്ക്കു തിരിയേണ്ടിയിരിക്കുന്നു.

ഡോ. രാധാകൃഷ്ണൻെറ ചിന്തകൂടി അദ്ദേഹത്തിൻെറ വാക്കുകളിൽ (ഈ വിഷയത്തെപ്പററി) പ്രകടമാക്കിക്കൊണ്ട് ഉപസംഹരിക്കട്ടെ. "അവരുടെ ജിജ്ഞാസയെ നാം നശിപ്പിക്കരുത്. അവരുടെ ഭാവനയെ നാം നിരുത്സാഹപ്പെടുത്തുകയോ അനുകമ്പാരഹിതമായി ഇല്ലായ്മ ചെയ്യുകയോ ചെയ്തുകൂടാ. പുതിയ ആദർശങ്ങൾ കാണാൻ പുതിയ കണ്ണുകളും ആഗ്രഹിക്കാൻ പുതിയ ഹൃദയങ്ങളും ഉണ്ടാവണം. ശിശുക്കൾക്ക് അവരുടേതായ ലൈബ്രറിയും, തിയേററും, സിനിമയും, കായികബംഗ്ലാവുകളുമുണ്ടാക്കാൻ പരിഷ്കൃതനാടുകളിലേതുപോലെ ഇവിടെയും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്". അദ്ദേഹത്തിൻെറ ഈ ചിന്താഗതികളും, പരിശ്രമവും ബലവത്തായിത്തീരട്ടെ! നമ്മുടെ ബാലലോകം സുസംഘടിതമായി, സുശക്തമായി, സർവ്വോപരി അച്ചടക്കബോധമുള്ളതായി വളരുവാൻ ആവശ്യമായതു നമ്മുടെ സ്ഥിരപരിശ്രമങ്ങളിലൂടെ നേടിക്കൊടുക്കാം.

———





# ജനാധിപത്യം—ഒരു വീക്ഷണം

(കെ. ററി. മൈക്കൾ II P. D. C.)

വ്യക്തിയുടെ സ്വാതന്ത്ര്യം, ജനങ്ങളുടെ അധീശത്വം എന്നീ ഉൽകൃഷ്ടാശയങ്ങളിൽ നിന്നാണു ജനാധിപത്യം ആരംഭിച്ചത്. അതു് വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ നിലകൊള്ളുന്നു. അതോടൊപ്പം ന്യൂനപക്ഷത്തിൻെറ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് ഭൂരിപക്ഷം ഭരണം നടത്തുന്നു. എന്താണു ജനാധിപത്യം? നിർവ്വചനം നല്കുക സാദ്ധ്യമല്ല. കാരണം ജനാധിപത്യം ഇന്ന് അപൂർണ്ണമാണ്. അതെന്താണെന്ന് നാളിതുവരെ ആരും ശരിയായി നിർവ്വചിച്ചിട്ടില്ലതാനും. ആരെല്ലാം ഉദ്യമിച്ചോ അത്രയും നിർവ്വചനങ്ങളും ഉണ്ടായിട്ടുണ്ടതിന്. ഓരോ വ്യക്തിക്കും അവൻെറ കാഴ്ചപ്പാടിൽ അതിനെ നിർവ്വചിക്കാം. നൂററാണ്ടുകളായി മനുഷ്യമനസ്സിൽ രൂപംകൊണ്ടിരുന്ന ചിന്തയുടെ ആകെത്തുകയാണതു്; എണ്ണമററ ആശയങ്ങളുടെ ഏകീഭാവവും നിരവധി ജനങ്ങളുടെ ത്യാഗത്തിൻെറ ഫലവുമാണതു്. യുഗങ്ങൾക്കു മുമ്പും ജനങ്ങളുടെ ചിന്തയിൽ 'ജനാധിപത്യം', 'സ്വാതന്ത്ര്യം' എന്നീ ആശയങ്ങൾ രൂപംകൊണ്ടിരിക്കുന്നു. അവയുടെ സാക്ഷാത്കാരമാണു ഡെമോക്രസി. ജനാധിപത്യത്തിൻെറ സ്രഷ്ടാക്കളും പ്രബോധകരും ജനങ്ങളാണ്. അന്തിമമായ അധികാരം ജനഹസ്തങ്ങളിലാണു സ്ഥിതിചെയ്യുന്നതും. നിരവധി രാഷ്ട്രമീമാംസകന്മാരുടെ ചിന്താതപസ്യയിൽനിന്നു രൂപംകൊണ്ട ഡെമോക്രസിയുടെ വളർച്ചയ്ക്കു നൂററാണ്ടുകൾ തന്നെ വേണ്ടിവന്നുവെന്നു പറയാം.

ജനാധിപത്യത്തിൻെറ പ്രഭവസ്ഥാനം പുരാതനഗ്രീസ്സാണ്. നിരവധി വ്യതിയാനങ്ങളിലൂടെയാണ് അവിടെ ജനായത്ത ഭരണക്രമം സുസ്ഥാപിതമായതു്. നഗരരാഷ്ട്രങ്ങളിൽ ആദ്യകാലത്തു രാജകീയഭരണം നിലവിലിരുന്നു. ഉടനെ പ്രഭുക്കന്മാർ ആധിപത്യം നേടി. പ്രഭുഭരണം ദുഷ്ഭരണമായി പരിണമിച്ചപ്പോൾ സ്വേച്ഛാധിപതികൾ അധികാരം കയ്യടക്കി. എന്നാൽ, ക്രമേണ, സ്വാർത്ഥമതികളും ദുർമ്മോഹികളുമായിരുന്ന സ്വേച്ഛാധിപതികളുടെ പിടിയിൽനിന്നു ഭരണം സാധാരണക്കാരൻെറ കയ്യിലേയ്ക്കു മാറിയ കാഴ്ചയാണു ക്രിസ്തുവിനു മുമ്പ് അഞ്ചും, ആറും നൂററാണ്ടുകളിൽ നാം കാണുന്നതു്. ജനായത്തഭരണക്രമത്തിൻെറ 'പിതാവെന്നു' അറിയപ്പെടുന്ന പെരിക്ലിയസ്സ് ഗ്രീക്കു ഡെമോക്രസിയെപ്പററി ഇപ്രകാരം പറഞ്ഞു: "ആഥൻസിലെ ഭരണം ന്യൂനപക്ഷത്തിൻെറ കയ്യിലല്ല, ഭൂരിപക്ഷത്തിൻെറ കയ്യിലാണു സ്ഥിതിചെയ്യുന്നതു്".

നൂററാണ്ടുകൾക്കു മുമ്പ് ഗ്രീക്കുകാർ കുറിച്ചിട്ട നിയമസംഹിതകളുടെ അടിസ്ഥാനത്തിലാണു ഇന്നും ലക്ഷക്കണക്കിനാളുകൾ ഭരിക്കപ്പെടുന്നതു്. ഡിമോസ് (Demos) എന്ന ഗ്രീക്കു പദത്തിൽനിന്നു നിഷ്പാദിപ്പിച്ചിട്ടുള്ളതാണു 'ഡെമോക്രസി' (Democracy)

ഗ്രീക്ക ഡെമോക്രസിയുടെ സവിശേഷത അന്ന് ജനങ്ങളുടെ നേരിട്ടുള്ള ഭരണമായിരുന്നു എന്നതാണ്. രാജ്യത്തെ എല്ലാ പൗരന്മാരും ഒരു സ്ഥലത്തു സമ്മേളിച്ചു നിയമങ്ങൾ നിർമ്മിച്ചിരുന്നു. ആ രാജ്യത്തിന്റെ ചെറുപ്പവും ജനസംഖ്യയുടെ വൈരളവ്യവും അതിനു പററിയതായിരുന്നു. എന്നാൽ ഇന്നു നിലവിലുള്ള ഡെമോക്രസി ജനപ്രതിനിധികൾ വഴിയുള്ളതാണ് (In Direct Democracy). വലിയ ജനസംഖ്യയോടുകൂടിയ വിസ്തൃതങ്ങളായ ഇന്നത്തെ രാജ്യങ്ങളിൽ നേരിട്ടുള്ള ജനാധിപത്യം (Direct Democracy) സാദ്ധ്യമല്ലതാനും.

ഇങ്ങനെ പ്രാചീനകാലത്തു വിതയ്ക്കപ്പെട്ട 'ജനാധിപത്യത്തിന്റെ വിത്തുകൾ' ക്രമേണ ഫലം പുറപ്പെടുവിക്കുവാൻ തുടങ്ങി. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്നതിൽ മുഴങ്ങിക്കേൾക്കുന്നതു് ജനാധിപത്യത്തിന്റെ സങ്കല്പമാണ്. അവിടെ നിന്നിങ്ങോട്ടു ജനാധിപത്യം വളരുവാൻ തുടങ്ങി. നൂററാണ്ടുകളിലൂടെ തുടർന്നു പോരുന്ന പരീക്ഷണങ്ങളിലൂടെയാണ് ജനാധിപത്യം വളർച്ച പ്രാപിക്കുന്നതു്. 'മഗ്നാകാർട്ടാ' (magna carta) എന്നറിയപ്പെടുന്ന ചരിത്രപ്രസിദ്ധമായ സ്വാതന്ത്ര്യപട്ടയത്തിൽ ജോൺ മഹാരാജാവു് 1215-ൽ ഒപ്പുവയ്ക്കുവാൻ നിർബന്ധിതനായി. അതിൽ ഇപ്രകാരം പറയുന്നു: "ഒരു രാജാവിന്റെ അധികാരം പരിമിതമാണ്; രാജാവിന്റെ പരമാധികാരത്തേക്കാൾ പ്രാധാന്യമർഹിക്കുന്നതു് മനുഷ്യാവകാശങ്ങളാണ്". ഈ പട്ടയത്തെ ജനാധിപത്യാശയത്തിന്റെ മുന്നോടിയായി കണക്കാക്കാം

നാം ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യവും ജനാധിപത്യസൗഭാഗ്യവും ഒരു സുപ്രഭാതത്തിൽ പൊട്ടിവിരിഞ്ഞതല്ല. നിരവധി മഹാന്മാരുടെ ധീരവും കാലോചിതവുമായ നേതൃത്വം അതിന്റെ പിന്നിലുണ്ട്. അന്ധകവിയായ ജോൺമിൽട്ടൺ, "മനസ്സാക്ഷി അനുസരിച്ച് അറിയുന്നതിനും സ്വതന്ത്രമായി വാദിക്കുന്നതിനും എനിക്കവകാശം തരുക" എന്നു പാടുകയുണ്ടായി. ഫ്രഞ്ചുസ്വാതന്ത്ര്യസമരനേതാവായിരുന്ന വോൾട്ടയർ സ്വാതന്ത്ര്യത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞുവച്ചു:- "നിങ്ങൾ പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ലായിരിക്കാം. എന്നാൽ നിങ്ങൾക്കു പറയുവാനുള്ള അവകാശത്തിനുവേണ്ടി ഞാൻ മരണംവരെ സമരം ചെയ്യും". പാട്രിക് ഹെൻറി എന്ന അഭിഭാഷകൻ, "സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം" എന്നു പ്രഖ്യാപിച്ചു. 1776-ൽ തോമസ് ജെഫേഴ്സന്റെ പ്രോജ്ജ്വല പ്രതിഭയിൽനിന്നു ചരിത്രപ്രസിദ്ധമായ 'സ്വാതന്ത്ര്യപ്രഖ്യാപനം' പൊട്ടിവിരിഞ്ഞു. ഫ്രാൻസിലെ ജനാധിപത്യചിന്തകനായ റൂസ്സോ, "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം" എന്നിങ്ങനെ ഡെമോക്രസിയുടെ അടിസ്ഥാനതത്വങ്ങൾ കാഴ്ചവച്ചു. ചുരുക്കത്തിൽ, ജനാധിപത്യത്തിന്റെ വളർച്ചക്കും വികാസത്തിനും വിവിധരാജ്യക്കാരും വിവിധ ഭാഷ സംസാരിക്കുന്നവരുമായ നിരവധി മഹാത്മാക്കളുടെ സഹകരണം ലഭിച്ചു. ചില രാഷ്ട്രങ്ങളിൽ ജനാധിപത്യഭരണക്രമം ക്രമാനുഗതമായ ഭ്രമണത്തിലൂടെ രൂപപ്പെട്ടുവെങ്കിൽ, മററു ചിലേടങ്ങളിൽ ദീർഘവും നിർണ്ണായകവുമായ വിപ്ലവത്തിലൂടെയാണ് അതു കൈവരിക്കുവാൻ കഴിഞ്ഞതു്. ബ്രിട്ടനിൽ ആദ്യം പറഞ്ഞ രീതിയിലാണ് ജനാധിപത്യം വേരൂന്നിയതെങ്കിൽ അമേരിക്കയുടെയും ഫ്രാൻസിന്റെയും ചരിത്രം മറിച്ചായിരുന്നു.

ജനാധിപത്യത്തിന്റെ കാതലായ ആശയങ്ങൾ രൂപം കൊള്ളുന്നതിനു നൂററാണ്ടുകൾതന്നെ വേണ്ടിവന്നു. ഓരോരുത്തരുടേയും മനസ്സിൽ കുടികൊണ്ടിരുന്ന ഈ 'മഹത്തായ



ആശയങ്ങൾ' പിന്നീടു പുസ്തകരൂപത്തിലായി. ചില രാജ്യങ്ങളിൽ ഭരണാധികാരികളെ സ്വാധീനിക്കുന്നതിനും അതിനു കഴിഞ്ഞത്രേ. സംഘംചേർന്നു വളരെയധികം ആളുകൾ ഉറക്കെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങിയപ്പോൾ ജനാധിപത്യം ഒരു യാഥാർത്ഥ്യമായിത്തീർന്നു. മിക്ക രാജ്യങ്ങളിലും കൊളുത്തപ്പെട്ട ജനാധിപത്യത്തിന്റെ തിരി ഇന്നും അഭംഗുരം പ്രശോഭിക്കുന്നുണ്ട്. അമേരിക്കയും ബ്രിട്ടനുമെല്ലാം ആ ചരിത്രം നമ്മോടു പറയും. എന്നാൽ പല രാജ്യങ്ങളിലും ജനാധിപത്യം കേവലം ശിലീഭൂതസദൃശങ്ങളായിരുന്നുവെന്ന പരമാർത്ഥവും ഇവിടെ വിസ്മരിക്കുന്നില്ല. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയെടുത്ത പാകിസ്ഥാന്റെ കഥയെന്താണ്? അതു ഏകാധിപത്യത്തിലേക്കു വഴുതിപ്പോയി. ഭാരതത്തിലാകട്ടെ മനുഷ്യാവകാശങ്ങളുടെ അടിത്തറയിൽ ഒരു ഡെമോക്രാററിക് ഭരണകൂടം സുസ്ഥാപിതമായി. അതോടൊപ്പംതന്നെ സ്വാതന്ത്ര്യംനേടിയ അനേകം ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ ജനാധിപത്യം തകർന്നുകഴിഞ്ഞുവെന്നതു് ദുഃഖസത്യമാണ്.

ജനാധിപത്യം ഒരു ജീവിതരീതിയാണ്; രാജ്യതന്ത്രത്തെ കാലത്തിനൊത്തു മററിക്കൊണ്ടുവരുവാനുള്ള ഒരു ഉപാധിയാണ്. മാനവസമുദായത്തെ പൂർണ്ണതയിലേക്കുയർത്തുന്ന ഉൽകൃഷ്ടമായ വ്യക്തിത്വത്തിന്റെ വിളനിലമാണ്. എങ്കിലും ഇന്നും ജനാധിപത്യം അപൂർണ്ണമാണ്; നിരവധി പരിവർത്തനങ്ങൾക്കു വിധേയവുമാണ്. എന്നാൽ കാതലായ തകരാറു് ജനാധിപത്യത്തിൽ കടന്നുകൂടിയിട്ടുണ്ട്; അല്ലെങ്കിൽ 'ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ ഗവണ്മെൻറ്' പരാജയപ്പെടുമോ? എന്തുകൊണ്ടാണ് സ്വാതന്ത്ര്യം നേടിയെടുത്ത ഇത്രയധികം ഏഷ്യനാഫ്രിക്കൻരാജ്യങ്ങളിൽ ജനാധിപത്യം തകർന്നതു്.? ജനാധിപത്യനയങ്ങൾ നിലനിർത്തിക്കൊണ്ടുവരുന്നതിൽ ജനങ്ങൾ പരാജയപ്പെടുന്നുവെന്നേ തല്ക്കാലം പറയുന്നുള്ളു.

മുള്ളുകളില്ലാത്ത റോസച്ചെടിയല്ല ഡെമോക്രസി. ഈ നൂററാണ്ടിലെ ഏററവും വലിയ അനുഗ്രഹമാണു ജനാധിപത്യമെങ്കിലും ഇക്കാലത്തെ ഏററവും വലിയ തിന്മയുമാണതു്. ജനാധിപത്യരാജ്യങ്ങളുള്ളേടത്തോളം സ്വാതന്ത്ര്യം ഇല്ലെങ്കിലും ഏകാധിപത്യരാജ്യങ്ങളുണ്ടാകുന്ന വളർച്ച അസൂയാർഹമാണ്. ഏകാധിപത്യത്തിൻകീഴിൽ ഒരു രാഷ്ട്രം പുരോഗതി പ്രാപിക്കുന്നതിനുള്ള ഉത്തമദൃഷ്ടാന്തമാണു റഷ്യയുടെ വളർച്ച. അത്തരം രാജ്യങ്ങളിൽ മാനുഷികമൂല്യങ്ങളും മനുഷ്യന്റെ വ്യക്തിത്വവും മാനിക്കപ്പെടുന്നില്ലായിരിക്കാം. എന്നാൽ അവർ ഭൗതികപുരോഗതിയുടെ ഗിരിശൃംഗത്തിൽ വിഹരിക്കുന്നു. വ്യക്തികൾ ശരിയായി അദ്ധ്വാനിക്കുവാൻ തയാറില്ലെങ്കിൽ അവരെ അതിനു തയാറാക്കണം. ഭൂരിപക്ഷം ആളുകളും വിദ്യാവിഹീനരായിരിക്കുന്ന രാജ്യത്താണു ജനാധിപത്യം പരാജയപ്പെടുന്നതു്. ജനാധിപത്യംപോലെ ഇത്രയധികം വ്യക്തിയുമായി ബന്ധപ്പെട്ട ഇതരസ്ഥാപനങ്ങൾ ഇല്ലതന്നെ. വ്യക്തി നല്ലവനും വിദ്യാസമ്പന്നനും രാജ്യസ്നേഹിയുമായിരുന്നാൽ ജനാധിപത്യം ഒരു വിജയമായിരിക്കും. എന്നാൽ മിക്ക രാജ്യങ്ങളിലെയും കഥ മറിച്ചാണ്. അവിടെ ഭൂരിപക്ഷവും വിദ്യാവിഹീനരാണ്, രാഷ്ട്രീയകാര്യങ്ങളിൽ അജ്ഞരും. അവർക്കു ജനാധിപത്യമെന്നു വച്ചാൽ എന്താണെന്നറിഞ്ഞുകൂടാ. വാസ്തവത്തിൽ അവിടെ നടക്കുന്നതു് വ്യക്തിയുടെ അധികാരം ബാലററുപെട്ടിയിലൂടെ ആവാഹിച്ചെടുത്തു് വിവിധ സ്ഥാപിതതാൽപ്പര്യക്കാരായ രാഷ്ട്രീയപാർട്ടികൾ സ്വന്തം രാഷ്ട്രീയലക്ഷ്യത്തിനുവേണ്ടി ഉപയോഗിക്കലാണ്. അവർ

ജനങ്ങളുടെ പ്രശ്നങ്ങൾ കാര്യമായി മാനിക്കുന്നില്ല. ഇതു കുറച്ചുകൂടി മെച്ചപ്പെട്ട ഒരു ഏകാധിപത്യഭരണമല്ലേ? അല്ലെങ്കിൽ ഏകാധിപത്യത്തിന്റെ ഒരു പരിഷ്കരിച്ച പതിപ്പാണ്.

ഇന്ന് ഒരു ജനാധിപത്യരാജ്യത്തു നടക്കുന്ന അഴിമതിയും വർഗ്ഗീയതയും ഒരു നിത്യസത്യമാണ്. അഴിമതിയുടെ ഒരു കൂത്തരംഗമായി ഇന്നു ജനാധിപത്യം അധഃപതിച്ചില്ലേ? അധികാരദുർവിനിയോഗമാണ് മറ്റൊരു പ്രശ്നം സാമ്പത്തികചൂഷണം നടത്താനും സാമൂഹ്യാംഗീകാരം നേടുവാനും വേണ്ടിയുള്ള അധികാരദുർവിനിയോഗം. ജനാധിപത്യവ്യവസ്ഥിതിയിൽ അധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നാണു തത്വമെങ്കിലും പ്രയോഗത്തിൽ അതു ഭരണകക്ഷിയുടെ ദുർഭരണത്തിലാണു കലാശിക്കുക. വ്യക്തികളെല്ലാം തുല്യരാണെന്നുള്ള പ്രഖ്യാപനം വ്യക്തിയുടെ സ്വതന്ത്രമായ വളർച്ചക്കു ഹാനികരമാണെന്ന് ഒരു വാദമുണ്ട്. എന്തൊക്കെയായാലും ജനാധിപത്യം ഇന്നു നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്.

ജനാധിപത്യത്തിന്റെ വിജയത്തിന് എന്തൊക്കെയാണു ആവശ്യമെന്നു നോക്കാം. മഹാനായ കെന്നഡിയുടെ ഒരു വാക്യമാണപ്പോൾ ഓർമ്മവരുക. "രാജ്യം നമുക്ക് എന്തു ചെയ്തു എന്നല്ല, നാം രാജ്യത്തിനുവേണ്ടി എന്തുചെയ്തു എന്നാണു ചിന്തിക്കേണ്ടതു്." ഓരോ പൗരനും ആയിരംവട്ടം ചിന്തിക്കേണ്ട ഒരു വാക്യമാണിതു്. ജനങ്ങളുടെ കാര്യമായ പിന്തുണയുണ്ടെങ്കിലേ ഏതു് ഉറച്ച ഗവണ്മെന്റിനും നന്നായി പ്രവർത്തിക്കുവാൻ കഴിയൂ. വിദ്യാസമ്പന്നമായ ഒരു പൗരസഞ്ചയത്തിനേ ജനാധിപത്യത്തെ നിലനിർത്തിക്കൊണ്ടുവരാനും സാധിള്ളു. അതിനാൽ വിദ്യാഭ്യാസം ഒരു ജനാധിപത്യരാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരവശ്യഘടകമാണ്. രാഷ്ട്രത്തിന്റെ നിലനില്പ് ഓരോ പൗരന്റെയും കഴിവിനെ ആശ്രയിച്ചാണു നിലകൊള്ളുന്നതു്. ജനാധിപത്യം എന്ന ആശയം സ്വീകരിക്കുന്നതിനുള്ള കഴിവും സന്നദ്ധതയും പൗരനുണ്ടായിരിക്കണം.

ജനാധിപത്യത്തെക്കുറിച്ചു നവംനവങ്ങളായ അറിവുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. അതേപ്പററിയുള്ള അന്വേഷണം ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ലോകത്തിന്റെ അവസാനംവരെ നീണ്ടുപോകുകയും ചെയ്യും. ഇന്ന് ഏകാധിപത്യത്തിൻ കീഴിൽ അമർന്നുകഴിയുന്ന രാജ്യങ്ങളിലും ജനാധിപത്യബോധം തളർന്നുകിടക്കുകയാണ്— അനുകൂലമായ കാലവും സമർത്ഥമായ നേതൃത്വവും പ്രതീക്ഷിച്ച്.

ഈ ജനാധിപത്യചിന്തകൾ അവസാനിക്കുംമുമ്പ് നമ്മുടെ പ്രിയപ്പെട്ട നേതാവിന്റെ–ജവഹർലാൽ നെഹ്റുവിന്റെ–ഒരു വാക്യംകൂടി ഉദ്ധരിച്ചുകൊള്ളട്ടെ. ജനാധിപത്യത്തിൻ മർമ്മപ്രധാനമായ ഒരു കാര്യം അദ്ദേഹം വ്യക്തമാക്കുകയാണ്. "ജനാധിപത്യത്തിൽ അച്ചടക്കം, സഹിഷ്ണുത, പരസ്പരബഹുമാനം എന്നിവ അത്യന്താപേക്ഷിതമാണ്. ജനാധിപത്യത്തിൽ വ്യതിയാനങ്ങൾ വരുത്തുന്നതു ചർച്ചകളിലൂടെയും കൂടിയാലോചനകളിലൂടെയുമാണ്, അക്രമമാർഗ്ഗത്തിലൂടെയല്ല."





# രാവും പകലും

(ജോസ് സെബാസ്റ്റ്യൻ II P.D.C. 1213)

അക്കൊച്ചുപാടത്തിനപ്പുറത്താ
വെള്ളാരൻകുന്നിന്റെ താഴ്വരയിൽ
നിശ്ചലം നീണ്ടുനിവർന്നങ്ങും
നിശ്ശബ്ദസങ്കേതമൊന്നു കാണൂ
ആരുമെത്തില്ല, ശവപ്പറമ്പാ-
ണാകവേ ശൂന്യമാണപ്രദേശം;
നില്പു ദിഗംബരയോഗിയെപ്പോൽ
മുപ്പെഴും മാമരമൊന്നുമാത്രം.
ഏകാന്തസായന്തനങ്ങൾതോറും
ഏകാഗ്രചിത്തരാം ഭക്തരെപ്പോൽ
കാകനും കൂമനും ചേക്കിനെത്തും,
ശോകാർദ്രമന്ത്രമുരുക്കഴിക്കും.
നീലനിരാളമുടുത്തുചേലിൽ
താരാസുമങ്ങളാൽ മാലചാർത്തി,
നീരാടി,യീവഴിക്കെത്തുമെന്നും
യാമിനി, വാർതിങ്കൾത്താലവുമായ്.
ചോരിമൺകൂനകൾ തൊട്ടുരുമ്മി
വാരിയെല്ലെല്ലാം വെളിക്കുകാട്ടി,
പള്ളികൊള്ളുന്നസ്ഥിപഞ്ജരങ്ങൾ
പല്ലിളിച്ചാകെനിസ്സാരമാക്കി.
അക്കാഴ്ച കണ്ടവൾ ഞെട്ടുകയാ-
യക്കവിളമ്പേ വിളറുകയായ്;
അപ്പൊഴുതെന്നുമെവിടെനിന്നോ
ഇപ്പാരിലെത്തും പകൽ വെളിച്ചം!

# "ശബ്ദിക്കുന്ന ശിലാകന്ദരങ്ങൾ"

(എ. റ്റി. ജോൺ എം. എ.)

ശാസ്ത്രം, കല, സംസ്കാരം, വിദ്യാഭ്യാസം, രാഷ്ട്രീയവ്യവസ്ഥിതികൾ, സമ്പത്ത്‌വ്യവസ്ഥ തുടങ്ങി മനുഷ്യരാശിയെ ചുററിപ്പററി നില്ക്കുന്ന സമസ്തഘടകങ്ങളും കാലത്തിനൊത്ത പരിഷ്കാരത്തിനു വിധേയമാകയും പുതുരൂപം പ്രാപിക്കയും ചെയ്യുന്നു. പരിഷ്കാരത്തിൻെറ പരിവേഷം എത്രതന്നെ ഉജ്ജ്വലമായിരുന്നാലും പഴഞ്ചനെന്നപഹസിക്കപ്പെടുന്നതും ഒപ്പം നിത്യനൂതനത്വം തുളുമ്പിനില്ക്കുന്നതുമായ ചില കലാരേഖകളിൽത്തന്നെ തറച്ചുനില്ക്കുന്ന കലാമർമ്മജ്ഞദൃഷ്ടികൾ. പ്രാചീനപാശ്ചാത്യഘട്ടങ്ങളിൽ യവനസംസ്കാരവും കലകളും വെട്ടിത്തിളങ്ങിയതും, റോമൻതത്വചിന്തകളും ഭരണക്രമങ്ങളും ജനലക്ഷങ്ങളെ സ്വാധീനിച്ചതും ആരുമാരും വിസ്മരിച്ചിട്ടില്ല. എന്നാൽ സ്വന്തം ഭണ്ഡാഗാരങ്ങളിൽ ഊറിക്കൂടിയ കലാമൂല്യങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യവും വിലയും കല്പിക്കുന്നതിൽ പരാങ്മുഖരാണ് ചിലരെല്ലാം. നൂററാണ്ടുകൾക്കപ്പുറം നമ്മുടെ നാട്ടിൽ, ഉദിച്ചുയർന്ന കലാരൂപങ്ങൾക്കു ജീവൻ പകർന്ന മഹാത്മാക്കളാരെന്നോ, അവരുടെ കൈവിരുത് എത്രത്തോളമുണ്ടെന്നോ അധികമാരും അറിഞ്ഞിരിക്കയില്ല.

വിശ്വപ്രശസ്തിയാർജ്ജിച്ച അജന്താ—എല്ലോറാ ഗുഹകളെപ്പററി നാമമാത്രമായെങ്കിലും കേൾക്കാത്തവർ നന്നേ ചുരുക്കം. പക്ഷെ ശ്രവണമാത്രയിൽ നിമ്നമുഖങ്ങളും ഹിംസ്രമൃഗസങ്കേതങ്ങളുമായ കന്ദരങ്ങളാവും ചിലരുടെയെങ്കിലും മനസ്സിൽ ഉദിച്ചുയരുക. വിശദാംശങ്ങൾ ഗ്രഹിക്കുമ്പോൾ വസ്തുത മറിച്ചാണെന്നു ബോദ്ധ്യമാകും.

ഇൻഡ്യാഗവണ്മെൻറ് ദേശീയസ്മാരകമായി കാത്തുസൂക്ഷിച്ചുപോരുന്ന അജന്താഗുഹകൾക്ക് 2200വർഷത്തെ പഴക്കമുണ്ട്. 1819-ൽ മൃഗയാവിനോദത്തിനിറങ്ങിത്തിരിച്ച ഏതാനും ബ്രി. കരസൈന്യമേധാവികളുടെ ദൃഷ്ടിയിൽ വിചിത്രമായ ഈ ഗുഹകൾ കാണപ്പെട്ടതു് ഒരു ആകസ്മികസംഭവമായിട്ടായിരുന്നു. അതിവിശിഷ്ടവും അത്യാകർഷകവുമായ ഇതിലെ ചിത്രരേഖകൾ പകർത്തുന്നതിനും അതേപ്പററി ഉന്നതഗവേഷണം നടത്തുന്നതിനും അവർ താത്പര്യം പ്രകടിപ്പിച്ചു. 'അജന്ത'യുടെ പുരാതനനാമം എന്തായിരുന്നെന്നു ക്ലിപ്തമായിട്ടറിവില്ലെങ്കിലും 'Sazantium' എന്നു് ഒരു ഗ്രീക്കുഭൂമിശാസ്ത്രജ്ഞൻ പറഞ്ഞിട്ടുള്ളതാകാനിടയുണ്ടെന്നാണു പണ്ഡിതമതം. പ്രസിദ്ധ ചൈനീസ് സഞ്ചാരികളായ Fa-hian Huan-Chaung തുടങ്ങിയവരുടെ ഡയറിക്കുറിപ്പുകളിൽ അജന്താഗുഹകളെപ്പററി പരാമർശമുണ്ട്. നൈസാമിൻെറ ഭരണമേഖലയിൽ സ്ഥിതിചെയ്യുന്ന ഈ വിശിഷ്ടമായ പാറക്കെട്ടുകളുടെമേൽ വിദേശികളും സ്വദേശികളുമായ വിദഗ്ദ്ധകലാകാരന്മാരുടെ കരസ്പർശമേററിട്ടുണ്ട്.



ബുദ്ധജൈനമതങ്ങളുടെ ജന്മനാടായ ബീഹാർ കലാകുതുകികളായ ഭരണാധികാരികളുടെ പരിലാളനയിൽ വളർന്നുവന്ന പ്രദേശമാണ്. നൂററാണ്ടുകളിൽ പടർന്നു വികസിച്ച ഭാരതസംസ്കാരചരിത്രം പ്രായേണ ബീഹാറിനെ അധികരിച്ചുള്ളതാണെന്നു പറയുന്നതിൽ അത്ഭുതത്തിനവകാശമില്ല. ഗുപ്തസാമ്രാജ്യത്തിൻെറ സുവർണ്ണദശയിൽ പ്രതിഫലിക്കപ്പെട്ട കലാരേഖകളാണ് അജന്താചുവർചിത്രങ്ങൾ. കടുത്ത പാറക്കെട്ടുകൾ വെട്ടിയിറക്കിക്കൊണ്ടുള്ള ശില്പവിദ്യകളും ചായക്കൂട്ടുകളും ബുദ്ധമതസിദ്ധാന്തങ്ങളുടെ പരിണാമഘട്ടങ്ങളെയത്രെ വെളിപ്പെടുത്തുന്നതു്. പ്രസ്തുത ചിത്രവിശേഷങ്ങൾ കൊട്ടാരം മുതൽ കുടിൽവരെയുള്ളവരുടെ യഥാർത്ഥജീവിതം തുറന്നുകാണിക്കുന്നതിനു പോന്നവതന്നെ. ജനതയുടെ വേഷവിധാനങ്ങൾ, ആടയാഭരണങ്ങൾ, സംഗീതോപകരണങ്ങൾ, ആയുധങ്ങൾ ഇവയെല്ലാം അതാതിൻെറ പ്രയോഗരീതിയിൽത്തന്നെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു് മനുഷ്യസംസ്കാരത്തിൻെറ വികാസപരിണാമഘട്ടങ്ങളുടെ കൽപ്പടവുകളായിട്ടാണ്. പുരോഗതിയിൽനിന്നു പുരോഗതിയിലേയ്ക്കു ശീഘ്രപ്രയാണം ചെയ്യുന്നു എന്നു വീമ്പിളക്കുന്ന ആധുനികജനത ഈ പുരാതന കലാസങ്കല്പങ്ങളെ അനല്പമായി അനുകരിക്കുന്നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ഇന്നത്തെ ആഭരണങ്ങളുടെ ആകൃതിയും വിശിഷ്ടമായ തുണിത്തരങ്ങളിൽ കാണപ്പെടുന്ന ഡിസൈനുകളും നൂററാണ്ടുകൾക്കപ്പുറം ജീവിച്ചിരുന്ന കലാകാരന്മാരുടെ ഭാവനയിൽ പൊന്തിവന്നവയും, അതുവഴി അന്നത്തെ സാധാരണജനതയുടെ നിത്യോപയോഗത്തിലിരുന്നവയുമാണെന്നതിനു് അജന്ത — എല്ലോറാഗുഹകൾ സാക്ഷ്യം വഹിക്കുന്നു.

ആകെ മുപ്പതു ഗുഹകളാണ് അജന്തയിലുള്ളതു് — അഞ്ചെണ്ണം ചൈത്യ; ശേഷിക്കുന്നവ വിഹാരങ്ങളും. ചൈത്യ എന്നു പറയുന്നതു് പ്രസിദ്ധസൂര്യകവാടത്തോടുകൂടിയ പ്രാർത്ഥനാലയങ്ങളും (temples) വിഹാരങ്ങൾ സന്യാസാശ്രമങ്ങളു (monasteries) മാണ്. ഏതാണ്ടു മൂന്നു ഫർലോങ് നീളത്തിൽ കിഴക്കുപടിഞ്ഞാറായി അശ്വപാദാകാരത്തിലുള്ള കുന്നിൻപ്രദേശത്തെ ചുററിയാണ് ഈ അറകൾ സ്ഥിതിചെയ്യുന്നതു്. ഇവ പ്രധാനമായി രണ്ടു പരമ്പരയിൽ പെടുന്നവയാണ്. ഒന്നു ബി സി. രണ്ടാം നൂററാണ്ടുമുതൽ എ. ഡി. രണ്ടാംനൂററാണ്ടുവരെയുള്ള ഹീനയാന പരമ്പര; മറെറാന്നു് എ ഡി. 450മുതൽ 642വരെയുള്ള മഹായാന പരമ്പര.

കൊത്തിയിറക്കപ്പെട്ട പരുപരുത്ത പാറക്കെട്ടുകളുടെ ഉപരിതലത്തിൽ വേണ്ടത്ര മിനുക്കുപണികൾക്കുശേഷം വിവിധവർണ്ണത്തിലുള്ള ചായക്കൂട്ടുകളുടെ അകമ്പടിയോടെ ചിത്രവേലകൾ ചെയ്തിരിക്കയാണ്. ചുവപ്പ്, മഞ്ഞ, ഓറഞ്ച്, ചെങ്കാവി, പച്ച തുടങ്ങിയ ലളിതവർണ്ണപദ്ധതികളാണ് വിദ്യാനൈപുണ്യത്തോടെ സ്വീകരിച്ചിരിക്കുന്നതു്. പല ചട്ടത്തിലും പട്ടികയിലുമുള്ള ചിത്രവേലകളുടെ സവിശേഷതകൾ രൂപഭേദം, പ്രമാണം, ഭാവം, ലാവണ്യയോജന, സാദൃശ്യം, വർണ്ണഭംഗി എന്നിവയാണ്. രൂപത്തിനും ഭാവത്തിനും ഇണങ്ങുന്ന വർണ്ണപദ്ധതി ആവിഷ്കരിച്ചതു് സ്തുത്യർഹംതന്നെ. ഏതു ദിക്കിൽനിന്നു നോക്കിയാലും ദ്രഷ്ടാവിനെ നോക്കും മട്ടിലാണ് ഓരോ രൂപവും ചിത്രീകൃതമായിരിക്കുന്നതു്. കൈവിരുതുള്ള കലാകാരന്മാരുടെ കലാവബോധാത്മകമായ വിദ്യാനൈപുണ്യം ഒന്നുമാത്രമാണ് ചലനാത്മകമെന്നു തോന്നിക്കുന്ന ചിത്രങ്ങളുടെ ഉദയത്തിനു കാരണം.

ചരിത്രപ്രസിദ്ധമായ ഔറംഗബാദ് നഗരത്തിന്റെ സമീപസ്ഥിതമായ ഒരു പ്രാചീന കലാകേന്ദ്രമാണ് എല്ലോറ (Ellora). പ്രതിവർഷം ആയിരക്കണക്കിനു സഞ്ചാരികളെ ആകർഷിക്കുന്ന ഈ പ്രദേശത്തിന്റെ രാഷ്ട്രീയവും, പുരോഗമനാത്മകവും, സാംസ്കാരികവുമായ ഉൽക്കർഷാപകർഷങ്ങളെ സംബന്ധിച്ച് അധികമാരും ചിന്തിക്കാറില്ല. ഡക്കാണിന്റെ ചരിത്രത്തിൽ ഔറംഗബാദിനുള്ള സ്ഥാനം നിസ്തുലമാണ്, ഒരു സംസ്കാരസങ്കേതമെന്ന നിലയിൽ. ബി. സി. രണ്ടാം നൂററാണ്ടിൽത്തന്നെ പെരുമപെററ ഈ നഗരം ഭാരതത്തിന്റെ ഉത്തരദക്ഷിണമേഖലകളെ തമ്മിൽ സരസമായി കൂട്ടി ഇണക്കുന്നു. "ഡക്കാണിലേക്കെത്തിനോക്കുന്നതിനുള്ള ജാലകം" എന്നാണു ചരിത്രകാരന്മാർ ഇതിനെ വിശേഷിപ്പിക്കുന്നത്. അന്ന് ഖിഡ്കി (Khidki = window) എന്ന പേരിലാണ് ഈ നഗരം അറിയപ്പെട്ടിരുന്നതും. ഔറംഗസീബ് തുടങ്ങിയ മുഗൾചക്രവർത്തിമാരുടെ ഉയർച്ചയ്ക്കും തകർച്ചയ്ക്കും ഭരണപരിഷ്കാരങ്ങൾക്കും മൂകസാക്ഷിയായി ഇന്നും ആ നഗരം പരിശോഭിക്കുന്നു.

പാറക്കെട്ടുകളിൽ കൊത്തിനിർത്തിയിരിക്കുന്ന എല്ലോറാഗുഹകളും ക്ഷേത്രങ്ങളും ഔറംഗബാദിനു വടക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. ഒന്നേകാൽ മൈൽ നീളത്തിൽ കിടക്കുന്ന കരിമ്പാറക്കുന്നിന്മേലാണ് അവ കൊത്തിയിരിക്കുന്നത്. മൂന്നു തരത്തിൽപ്പെട്ട ഗുഹകൾ അവിടെയുണ്ട്. ആകെക്കൂടി 34 ഗുഹകളുള്ളതിൽ 12 എണ്ണം ബുദ്ധമതത്തെയും 17 എണ്ണം ഹിന്ദുമതത്തെയും 5 എണ്ണം ജൈനമതത്തെയും സംബന്ധിക്കുന്ന വിഗ്രഹങ്ങളും ചിത്രങ്ങളുമടങ്ങിയ ക്ഷേത്രങ്ങളാണ്. ബുദ്ധജൈനമതക്ഷേത്രങ്ങൾ യഥാക്രമം തെക്കും വടക്കുമായും ഹിന്ദുമതസ്മൃതികളായവ അതിന്റെ മദ്ധ്യത്തിലായും സ്ഥിതി ചെയ്യുന്നു.

പ്രായത്തിന്റെ കാര്യത്തിൽ അജന്താഗുഹകളേക്കാൾ മൂപ്പവകാശപ്പെടാൻ മട്ടം തന്നെ അർഹതയില്ല എല്ലോറാഗുഹകൾക്ക്. എന്നാൽ എണ്ണത്തിലും വലിപ്പത്തിലും പ്രാധാന്യത്തിലും മുന്തിനില്ക്കുന്നത് എല്ലോറാ തന്നെ. വിദഗ്ദ്ധരായ നിരവധി കലാകാരന്മാരുടെ കിടയററ കരവിരുതു മുദ്രണം ചെയ്യപ്പെട്ടിരിക്കയാണ് അവയിലെല്ലാം. ഒന്നാം ഗുഹയ്ക്കു പഴമയിൽ കവിഞ്ഞ പ്രാധാന്യം എടുത്തുകാണിക്കാനില്ല. ബുദ്ധവിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന രണ്ടും മൂന്നും ഗുഹകൾ ഏതാണ്ട് ഒരേകാലത്തു നിർമ്മിക്കപ്പെട്ടവയാണ്. നാലാമത്തേത് കുറേയെല്ലാം നശിച്ചുപോയിട്ടുണ്ട്. ശ്രീബുദ്ധൻ അദ്ധ്യാപനനിരതനായിട്ടാണ് ഇതിൽ കാണപ്പെടുന്നത്. 'മഹർവാഡ' എന്നറിയപ്പെടുന്നതും അതിവിസ്തൃതവുമായ അടുത്ത വിഹാരം ഇൻഡ്യയിലെ ഏററവും വലുതും അതുല്യവുമായ ഗുഹയാണെന്നു പണ്ഡിതന്മാർ ശിരസ്സുകുലുക്കി സമ്മതിച്ചുവതന്നെ. ആറാം ഗുഹ അതിവിചിത്രമായ കൊത്തുപണികൾകൊണ്ട് അലംകൃതമാണ്. ഇതിന്റെ വടക്കേ അററത്തു പത്മപാണിയുടെ വേഷവിധാനത്തോടുകൂടിയ ഒരു സ്ത്രീരൂപവും, തെക്കേ അററത്ത് അതേരൂപത്തിൽത്തന്നെ ഇടതുകൈയിൽ മയിൽപ്പക്ഷിയുമേന്തി നില്ക്കുന്ന സരസ്വതീദേവിയും, വിശിഷ്ടമായി അലങ്കരിക്കപ്പെട്ട പുണ്യപീഠത്തിൽ ശിഷ്യഗണങ്ങളുമൊത്തു വസിക്കുന്ന ശ്രീബുദ്ധനും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. മരപ്പണിക്കാരുടെയും മററും രക്ഷാധികാരിയായി കരുതപ്പെടുന്ന വിശ്വകർമ്മാവിനെ പൂജിക്കുവാൻ അജ്ഞർ പലരും പത്താമത്തെ അറയിൽ ഓടിയണയാറുണ്ട്. ഡോൺതാൽ, റിൻതാൽ എന്നീ പേരുകളിലറിയപ്പെടുന്ന അടുത്ത രണ്ടെണ്ണമാണ് ബൗദ്ധസമൂഹത്തിൽ പരമപ്രാധാന്യം അർഹിക്കുന്നവ. വാസ്തവത്തിൽ ഡോൺതാൽ







ശബ്ദിക്കുന്ന ശിലാകന്ദരങ്ങൾ





Academic Proficiency



**PRIZE WINNERS**

←— Gold medalists —→



Literary & Arts Competitions



എന്നത് കേവലം മിഥ്യാനാമം മാത്രമാണ്. മൂന്നു നിലയിൽ കൊത്തിയിറക്കപ്പെട്ടിരി
ക്കുന്ന ഈ സന്യാസാശ്രമത്തിന്റെ ആദ്യത്തെനില കുറേ കാലത്തേയ്ക്ക് അജ്ഞാതമായിരുന്ന
തിനാലാണ് ഇതിന് ഈ പേരു കൈവന്നത്.

ഹിന്ദുമതസംബന്ധമായ ഗുഹകൾ കുറച്ചുകൂടി ആധുനികവും (8th-10th
century A. D.) മേൽപ്പറഞ്ഞവയിൽനിന്നു ഭിന്നവുമത്രേ. ഇതിലുള്ള വിഗ്രഹങ്ങളും ചിത്ര
ങ്ങളും തികച്ചും നാടകീയഭാവത്തിലും പ്രതിരൂപാത്മകഛായയിലും നിർമ്മിക്കപ്പെട്ടിരിക്കുന്ന
വയാണ്. [illegible], വിഷ്ണു, പാർവ്വതീപരമേശ്വരന്മാർ ഇവരത്രേ 14-ാം ഗുഹയിലെ പ്രദർശന
വസ്തുക്കൾ. ഇൻഡ്യൻ ഗുഹാക്ഷേത്രങ്ങളിൽ അഗ്രഗണ്യസ്ഥാനം കൈലാസത്തിനാണ്
(16-ാം ഗുഹ). ഇതിന് റാങ്മഹാൾഗുഹ (Rang Mahal cave) എന്നു പറയാറുണ്ട്.
164 അടി നീളവും 109 അടി വീതിയും 96അടി ഉയരവുമുള്ള ഈ ക്ഷേത്രം കൂറൻ പാറ
ക്കെട്ടിനു മുകളിൽനിന്നു താഴോട്ട് അരിഞ്ഞിറക്കി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നു കേൾക്കു
മ്പോൾതന്നെ അതിനുവേണ്ടി നിരന്തരം പണിയെടുത്ത കലാകാരന്മാരുടെ മുമ്പിൽ നാം
അറിയാതെതന്നെ ശിരസ്സു നമിച്ചുപോകും. ഇതിന്റെ ഭിത്തിയിലും പാർശ്വത്തിലും ചെയ്തി
രിക്കുന്ന കൊത്തുപണികൾ കാണികളെ അത്ഭുതപ്പെടുത്താൻ പോന്നവതന്നെ. പരമാദർശ
സാക്ഷാൽക്കാരത്തിനുവേണ്ടി മനുഷ്യചേതനയും കരങ്ങളും സമ്മേളിച്ചു പ്രവർത്തിച്ചതിന്റെ
പ്രകടനമാണ് ഈ പുണ്യക്ഷേത്രം. ശിവപാർവ്വതിമാരുടെ ഗംഭീരമായ ഈ മഠക്കൽ പ്രതി
നിധ്യം കൊണ്ട് മതപരവും സാംസ്കാരികവുമായ ഉറപ്പിൻകീഴിലുള്ള ചില വ്യവസ്ഥകള
ത്രേ വിളംബരം ചെയ്യപ്പെടുന്നത്. ഭാരതേതിഹാസമായ രാമായണത്തിൽ പരാമർശിക്ക
പ്പെടുന്ന സീതാപഹരണംകഥ സമഗ്രമായിത്തന്നെ ഇതിൽ ചിത്രീകൃതമായിട്ടുണ്ട്. പാർവ്വതീ
പരമേശ്വരന്മാരുടെ പ്രണയവും വിവാഹവും കാളിദാസഭാവനയെ മറികടന്നു നില്ക്കുന്നു ഇവി
ടെ. ഈ ഭാഗത്തു ശിവൻ മനുഷ്യചേതനയെ പിടിച്ചുകുലുക്കും മട്ടിലുള്ള നാട്യഭാവം കൊണ്ടു
സാക്ഷാൽ നടരാജനായിത്തന്നെ വിരാജിക്കുന്നു. ഈ നാട്യകലാപ്രകടനത്തിൽ നിന്നാണ്
പ്രാചീനവും അർവ്വാചീനവുമായ ഭാരതീയനാട്യകല പ്രചോദനമുൾക്കൊണ്ടു വളർന്നിട്ടുള്ളത്.
പ്രാചീന യവനസംസ്കാരത്തിന്റെ ആവനാഴിയിൽപ്പോലും ഇതു മികച്ച കലാവിഭവ
ങ്ങൾ കണ്ടെന്നു വരികയില്ല. രാവണൻ കൈലാസമെടുത്ത് അമ്മാനാടുന്നതും മററും
ഹൃദയസ്പൃക്കാംവണ്ണം ഇവിടെ വരച്ചുകാണിച്ചിട്ടുണ്ട്. സമാധാനത്തിന്റെയും സന്തുഷ്ടി
യുടെയും ഭക്തിയുടെയും ഇരിപ്പിടങ്ങളിൽ പൈശാചികശക്തി പ്രബുദ്ധമായി പ്രവർത്തിക്കു
ന്നതിന്റെയും വിജയക്കൊടി നാട്ടുന്നതിന്റെയും പ്രതീകമാണ് ഈ ഭാഗം.

മററുള്ള എല്ലാ രാഷ്ട്രങ്ങളിൽനിന്നു തികച്ചും ഭിന്നമാണ് 29-ാമത്തെ അറ.
മൂന്നു പ്രത്യേക പ്രവേശനമാർഗ്ഗങ്ങളുള്ള ഇതിന്റെ ദ്വാരപാലകന്മാർ സിംഹങ്ങളാണ്.
അതിനുള്ളിലെ ചിത്രവേലകളുടെ നാടകീയഫലങ്ങൾ പ്രശംസനീയമെങ്കിലും ധാർമ്മിക
മായി പലപടി പിന്നിലാണ്. വികൃതവും പൈശാചികവുമായ വികാരങ്ങളുണർത്തുന്നതിനു
മാത്രമേ അവ ശക്തമാകുന്നുള്ളു.

ജൈനമതസംബന്ധമായ ഗുഹകളിൽ (9th—12th century A. D.) രണ്ടെണ്ണ
മാണ് എടുത്തു പറയത്തക്കവ—ഇന്ദ്രസഭയും ജഗന്നാഥസഭയും. 32-ാം ഗുഹ ഇന്ദ്രസഭ

യുടെ അസംബ്ളിഹാൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. വിശ്വാസസ്ഥാപകനായ മഹാവീരന്റെ രൂപം ഇതിലുണ്ട്. ക്രിസ്ത്വബ്ദത്തിനു മുമ്പ് എഴുനൂറിൽപരം വർഷം ജീവിച്ചിരുന്നു കരുതപ്പെടുന്ന മഹാവീരൻ സിംഹാകൃതിയിലുള്ള സിംഹാസനത്തിലാണ് ഇരിപ്പുറപ്പിച്ചിരിക്കുന്നത്. ഇതിലെ അലംകൃതമായ തൂണുകൾ അതുല്യപൗഷ്കലും തുളുമ്പി നില്ക്കുന്ന ചിത്രങ്ങളും വൈപുല്യമാർന്ന കൊത്തുപണികളുംകൊണ്ടു നിറഞ്ഞവതന്നെ! ധന്യമായ വളച്ചുവാതിലോടുകൂടിയ 33-ാം ഗുഹയിൽ, സിംഹാസനാരൂഢയായ ഇന്ദ്രാണിയുടെ പ്രതിമയാണുള്ളത്.

ക്രിസ്ത്വബ്ദം 14-ാം നൂറ്റാണ്ടിലെ ഇറ്റാലിയൻ കലാകാരന്മാരുടെ കലാവിഭവങ്ങളോട് ഒട്ടേറെ സാദൃശ്യമിതിനുണ്ടെങ്കിൽ യൂറോപ്യൻ കലാകാരന്മാർക്ക് അനല്പമായ ആധമർണ്യം ഭാരതീയകലകളോടും കലാകാരന്മാരോടുമുണ്ടായിരുന്നു എന്നു വേണമല്ലോ അനുമാനിക്കുവാൻ. മൂല്യവത്തായ ഭാരതീയ വസ്തുക്കളും അവയുടെ ചിത്രങ്ങളും അതിപുരാതനകാലംമുതൽ വളരെ പൂജ്യമായി വിദേശിയർ പലരും കാത്തുസൂക്ഷിച്ചിരുന്നു എന്നതിന് ചരിത്രഗവേഷകന്മാർ തെളിവു നൽകുന്നുണ്ട്. മതവിഷയങ്ങളോടൊപ്പം മനുഷ്യന്റെ ദൈനംദിനജീവിതരംഗങ്ങളും, ബാഹ്യപ്രകൃതിയുടെ പ്രത്യേകതകളും കേന്ദ്രബിന്ദുവാക്കിക്കൊണ്ട് കലോപാസനം നിർവ്വഹിക്കുന്നതിൽ ദത്താവധാനന്മാരായിരുന്നു അജന്താ-എല്ലോറാപ്രദേശങ്ങളിലേയ്ക്കു കടന്നുചെന്ന കലാകാരന്മാർ. അവരുടെ കൈവിരുതിൻ ഫലമത്രേ ഇന്നു നൂറായിരങ്ങളിൽ അവാച്യാനന്ദാനുഭൂതിവിശേഷങ്ങളണയ്ക്കുന്നത്. അന്നത്തെ ഭാരതീയജനതയുടെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും അവയ്ക്കു പ്രകൃതി നൽകുന്ന ഉദാത്തമായ പ്രേരണയും സഹായവും എല്ലാമെല്ലാം സമഞ്ജസമായി സമ്മേളിച്ചപ്പോൾ കാലത്തെ അതിജീവിയ്ക്കുന്നതിനു ശക്തമായ കലാരൂപങ്ങൾ വാർന്നുവീണു. മനുഷ്യപ്രയത്നത്തിന്റെയും കലാനൈപുണ്യത്തിന്റെയും മാറററിയണമെങ്കിൽ ആ പ്രാചീനകലാക്ഷേത്രങ്ങളുടെ ശാണോപലത്തിൽത്തന്നെ ഘർഷണം ചെയ്തുനോക്കണം.

പട്ടക്കുറൻ പാറക്കെട്ടുകളിൽ കൊത്തിനിർമ്മിക്കപ്പെട്ടിരിക്കുന്ന സമുന്നത രമ്യഹർമ്മ്യങ്ങൾ കാണികളെ അത്ഭുതപ്പെടുത്തുന്നതിനു പോരുന്ന കലാക്ഷേത്രങ്ങൾ തന്നെ. മിക്ക ഗുഹകളുടെയും വലിപ്പവും ആകൃതിയും അദ്ധ്യയനത്തിനുതകും മട്ടിലാണ്. വെളിയിൽ നിന്നു നോക്കുമ്പോൾ ഇക്കാലങ്ങളിൽ കല്ലുകൊത്തി പണിതുയർത്തിയ ഗംഭീരമാളികകളെക്കാൾ വിശിഷ്ടമായിത്തോന്നും പ്രസ്തുത അറകളിൽ പലതും. ഒന്നിലധികം ഒന്നാംകിട കോളേജുകൾ തന്നെ നടത്തുന്നതിനുള്ള സൗകര്യം ഈ ഗുഹാന്തർഭാഗങ്ങളിലുണ്ടെന്നു പറയുമ്പോൾ അവയുടെ ആകൃതിവിശേഷവും, അതിനുവേണ്ടി ചെലവഴിക്കപ്പെട്ട മനുഷ്യയത്നത്തിന്റെ സാമാന്യരൂപവും ഊഹിക്കാമല്ലോ.

ശ്രീ ബുദ്ധൻ തന്റെ സിംഹാസനത്തിലിരിക്കുന്ന പ്രതിമ അസാധാരണ കൈവിരുതോടും അതുല്യഭാവനയോടും കൂടിയതാണ്. അതിനുമുമ്പിലുള്ള വിളക്കിന്റെ പ്രകാശം ബുദ്ധവിഗ്രഹഛായയിൽ നിന്ന് ആദ്ധ്യാത്മികഫലം നിഴലിപ്പിക്കുന്നു. മനോജ്ഞമായ ആ അധരപുടങ്ങളിൽ ഊറിവഴിയുന്ന പുഞ്ചിരി അദ്ദേഹത്തിന്റെ ആർദ്രഭാവം പ്രകടമാക്കുന്നു. എ. ഡി. അഞ്ചാം നൂറ്റാണ്ടോടു ബന്ധപ്പെട്ട അജന്തഗുഹയിലെ നൃത്തരംഗം ഭാര



തത്തിൽ പ്രാബല്യത്തിലിരുന്ന ഇതരകലകൾക്കൂടി വ്യക്തമാക്കുന്നവയാണ്. വേഷവിധാനങ്ങൾ, ആടയാഭരണങ്ങൾ, കേശാലങ്കാരം ഇടങ്ങിയവ ഇന്നും പ്രസിദ്ധ നർത്തകിയുടെ കൾ സ്വീകരിക്കുന്നവ തന്നെ. കലാപരിപാടികളവതരിപ്പിക്കുന്നതിന് അവർ ഗണ്യമായ പ്രസിദ്ധ നർത്തകി പ്രതിഫലം സ്വീകരിച്ചിരുന്നു എന്ന് ഈ വേഷവിധാനങ്ങളും മററു സന്നാഹങ്ങളും സൂചിപ്പിക്കുന്നു. നർത്തകിക്ക് അകമ്പടിക്കാരായി ഒരു ഗായകസംഘവുമുണ്ടായിരിക്കുമെന്നാണ് ചിത്രം തെളിയിക്കുന്നത്. ഭരതനാട്യം ഇടങ്ങിയ കലകൾ ഇന്നത്തെ പരിഷ്കൃത രൂപത്തിൽത്തന്നെ നൂറ്റാണ്ടുകൾക്കപ്പുറവും നിലനിന്നിരുന്നുവെന്നും അന്നത്തെ സാമൂഹ്യ വഴക്കങ്ങളെന്തെല്ലാമായിരുന്നെന്നും ഈ ഭാഗം വ്യക്തമാക്കുന്നു. രാജകുമാരികളെയും അന്നത്തെ കിടയററ സ്ത്രീരത്നങ്ങളെയും ചിത്രീകരിച്ചിരിക്കുന്നത് കേവലം സ്ത്രീകളായിട്ടല്ല, ലോകത്തിലെ സമസ്ത സൗന്ദര്യങ്ങളുടെയും ഒന്നാകെയുള്ള അവതാരങ്ങളായിട്ടാണ്. ഓരോ രൂപത്തിലും ഭാവത്തിലും ചലനത്തിലും അവയവങ്ങൾക്കുണ്ടാകുന്ന സൂക്ഷ്മചലനംപോലും ഋതുമായും സ്വാഭാവികമായും ചിത്രീകരിച്ചിരിക്കുന്നത് സൂക്ഷ്മനിരീക്ഷണത്തിന്റെയും ഉദാത്തഭാവനയുടെയും ഫലമത്രേ. മനുഷ്യന്റെ ജീവിതക്രമങ്ങളും സാമൂഹ്യാചാരങ്ങളും മററും വരച്ചുകാണിക്കുന്നതോടൊപ്പം മതസിദ്ധാന്തങ്ങളുടെ കാതലായ അംശവും പ്രസിദ്ധമായ ഈ ശിലാകന്ദരങ്ങളിൽ തെളിഞ്ഞുപ്രകാശിക്കുന്നു.

വിദേശികളും സ്വദേശികളുമായ സഞ്ചാരികളുടെ ഒരു മുഖ്യസങ്കേതമായിത്തീർന്നിരിക്കുന്ന അജന്താ-എല്ലോറാ പ്രദേശങ്ങൾ പ്രതിവർഷം ആയിരക്കണക്കിനു രൂപ ദേശീയവരുമാനത്തിൽ വകവരുത്തുന്നുണ്ട്. സഞ്ചാരികൾക്കു ഗതാഗതം, താമസം, ഭക്ഷണം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾ സാമാന്യം തൃപ്തികരമാംവണ്ണം സൗകര്യപ്പെടുത്തിയിട്ടുണ്ട് അവിടെ. ഗുഹകളോടനുബന്ധിച്ച് സമീപസ്ഥിതമായി പരിപാലിക്കപ്പെട്ടുപോരുന്ന മാതൃകാവനങ്ങളുടെയും ഉദ്യാനങ്ങളുടെയും സംവിധാനക്രമവും അവയുടെ ഒന്നാകെയുള്ള ദൃശ്യവും കാണികളുടെ മനം കവരുന്നവതന്നെ. ആകെക്കൂടി കണ്ണിനുത്സവം പകരുന്ന ഈ കന്ദരസമുച്ചയങ്ങൾ വിവിധമതങ്ങളിലും വിശ്വാസപ്രമാണങ്ങളിലും ആദർശസംഹിതകളിലും മുറുകെപ്പിടിക്കുന്ന ഭാരതീയരുടെയും അല്ലാത്തവരുടെയും പൂർവ്വകാല ചരിത്രത്തിലേയ്ക്കു വെളിച്ചം വീശുന്ന ആലക്തികദീപങ്ങളാണ്.

# മരണനൃത്തം

(By മൃണ്മ.)

[അന്തിപ്പാസിൻെറ കൊട്ടാരത്തിൻെറ പുരോഭാഗം. അടുത്തുള്ള വിരുന്നുശാലയിൽ നിന്നു് ശ്രുതിമധുരമായ സംഗീതം കേൾക്കാം. പാടുന്നതു് ഒരു സ്ത്രീയാണെന്നു് സ്വരം കൊണ്ടു് വ്യക്തമാണ്. രംഗത്തിൻെറ മദ്ധ്യത്തിലായി വിരുന്നുശാലയിലേയ്ക്കു് ഉററുനോക്കിക്കൊണ്ടു് പെഡ്രോണിയസ്സും ബന്യാമും നില കൊള്ളുന്നു. ഒന്നിലും ശ്രദ്ധിക്കാത്തമട്ടിൽ അടുത്തുതന്നെ ലൂക്കോസും നില്ക്കുന്നുണ്ടു്. ഒരു സൈഡിലായി ഒഴിഞ്ഞുമാറി നില്ക്കുകയാണു് നാമാൻ. ആകൃതിയിലും പ്രകൃതിയിലും അതിഭീകരനാണയാൾ. അർദ്ധനഗ്നൻ. അരക്കെട്ടിൽ ഒരു വലിയ കത്തി തിരുകിട്ടുണ്ടു്. സമയം രാത്രി. രംഗത്തു സുലഭമായ നീലവെളിച്ചം.]

പെഡ്രോ:– (അകത്തേയ്ക്കു വിരൽചൂണ്ടി) അതാണു് ശലോമി രാജകുമാരി. അഴകിൻെറ അവതാരമാണെന്നല്ലേ തോന്നൂ!

ബന്യാം:– വാസ്തവം. ആകാരത്തിനൊത്ത കലാവിരുതും. എത്ര ഹൃദ്യമായി പാടുന്നു!

ലൂക്കോ:– ചന്ദ്രബിംബത്തെ നോക്കൂ. ശവകുടീരത്തിൽ നിന്നെഴുന്നേററുവരുന്ന ഒരു കന്യകയുടെ പ്രേതം പോലുണ്ടു്.

പെഡ്രോ:– ഈ വൈദ്യർ ഒരരസികനാണ്. അശുഭകരങ്ങളായ കാര്യങ്ങൾ മാത്രമേ പറയൂ. മിന്നമിന്നുന്ന കസവുനൂലുകൊണ്ടു് നക്ഷത്രപ്പൂക്കൾ തുന്നിപ്പിടിപ്പിച്ച നീലനീരാളമണിഞ്ഞ ഒരു രാജകുമാരിയേപോലിരിക്കുന്നു എന്നു പറഞ്ഞുകൂടേ?

ലൂക്കോ:– ശവശരീരം പട്ടിൽപ്പൊതിഞ്ഞു് സുഗന്ധദ്രവ്യങ്ങൾ കൊണ്ടഭിഷേകം ചെയ്താലും അതു ശവംതന്നെയാണ്.
(വിരുന്നുശാലയിൽ വലിയ ശബ്ദകോലാഹലം)

ബന്യാം:– എന്തൊരു ബഹളം! കാട്ടുമൃഗങ്ങളേപ്പോലെ കിടന്നലറുന്നല്ലോ!

പെഡ്രോ:– അതു യൂദന്മാരാണ്. എപ്പോഴും അങ്ങനെയാണവർ. മതത്തേപ്പററിയുള്ള വാദകോലാഹലമാണ്. ങ്, ആ, നിങ്ങളെൻെറ രാജകുമാരിയെ നോക്കൂ. എന്തൊരു സൗന്ദര്യം!

ലൂക്കോ:– സൃഷ്ടികളിൽ ഏററവും കൂടുതൽ സൗന്ദര്യം വിഷപ്പാമ്പിനാണ്.

ബന്യാം:– പ്രഭുവിനെ തൊട്ടുരുമ്മിയിരിക്കുന്ന ആ സ്ത്രീ ആരാണ്? തലമുടിയിൽ നീലച്ചായം പുരട്ടി, മുത്തുകൾ തുന്നിപ്പിടിപ്പിച്ച കിരീടം ധരിച്ച ആ സ്ത്രീ?

പെഡ്രോ:– അതാണു് ഹെറോദ്യാരാജ്ഞി. പ്രഭുവിൻെറ ഭാര്യ. ഈയിടെയാണു് അവർ തമ്മിലുള്ള വിവാഹം നടന്നതു്.

ബന്യാം:– അവർ കൂടെക്കൂടെ പാനപാത്രത്തിൽ നിന്നു മുത്തിക്കുടിക്കുന്നതെന്താണ്?

പെഡ്രോ:– വീര്യമുള്ള വീഞ്ഞു്.

ബന്യാം:– വീഞ്ഞെനിക്കു വളരെ ഇഷ്ടമാണ്.



പെഡ്രോ:– പ്രഭുവിനും വീഞ്ഞു വളരെ ഇഷ്ടമാണ്. മൂന്നിനം വീഞ്ഞാണു് അദ്ദേഹം പതിവായി ഉപയോഗിക്കുന്നതു്. റോമിൽനിന്നു കൊണ്ടുവരുന്ന ഒരിനം. സീസറിൻെറ പുറം കുപ്പായം പോലെ ചുവന്ന നിറമാണതിനു്.

ബന്യാം:– ചുവപ്പുനിറം എനിക്കു വലിയ ഇഷ്ടമാണ്.

ലൂക്കോ:– രക്തത്തിൻെറ നിറവും ചുവപ്പാണ്. മനുഷ്യരക്തത്തിനു കടും ചുവപ്പാണ്.

പെഡ്രോ:– സ്വർണ്ണം പോലെ പീതവർണ്ണമുള്ള മറെറാരിനമുണ്ടു്. അതു സൈപ്രസ്സിൽനിന്നു കൊണ്ടുവരുന്നതാണ്.

ബന്യാം:– സ്വർണ്ണം എനിക്കു വളരെ ഇഷ്ടമാണ്.

ലൂക്കോ:– അതിൻെറ തിളക്കം കണ്ണുകളെ മഞ്ചിക്കും. അതിൻെറ കിലുക്കം ഹൃദയത്തിൽ കോളിളക്കമുണ്ടാക്കും.

പെഡ്രോ:– മൂന്നാമതൊരിനമുണ്ടു്. മാസിഡോണിയായിൽ നിന്നാണതു കൊണ്ടുവരുന്നതു്. അതിൻെറ നിറം പനിനീർപൂവിൻേറതുപോലെ ഇളം ചുവപ്പാണ്.

ബന്യാം:– പൂക്കൾ എനിക്കു വലിയ ഇഷ്ടമാണ്.

ലൂക്കോ:– പുഷ്പങ്ങൾക്കു് ആയുസ്സു വളരെ കുറവാണ്.
(വിരുന്നുശാലയിൽ വീണ്ടും ബഹളം)

ബന്യാം:– ഇവക്കൊന്നു മിണ്ടാതിരുന്നു കൂടേ. നശിച്ചകൂട്ടം!

പെഡ്രോ:– വരാനിരിക്കുന്ന രക്ഷകനേപ്പററിയുള്ള സംവാദമാണ്.

ബന്യാം:– ആരാണീ വരാനിരിക്കുന്ന രക്ഷകൻ?

(ബന്യാമിൻെറ ചോദ്യത്തിനുള്ള മറുപടിയെന്നോണം എതിർവശത്തുള്ള ഇരുട്ടറയിൽ നിന്നു് ആരോ ഉറക്കെ സംസാരിക്കുന്നു. അസാധാരണമായ ഊഢം ഗാംഭീര്യവും ആ ശബ്ദത്തിനുണ്ടു്. യോഹന്നാൻ പ്രവാചകനാണ്. എല്ലാവരും അതു ശ്രദ്ധിക്കുന്നു)

യോഹ:– അവൻ എൻെറ പിന്നാലെ വരും. അവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻ പോലും ഞാൻ യോഗ്യനല്ല. അവൻെറ ദർശനത്തിൽ മണിമന്ദിരങ്ങൾ ഞെട്ടിവിറയ്ക്കും: കൈവിലങ്ങുകളും കാൽച്ചങ്ങലകളും അററു വീഴും. അവൻ മനുഷ്യനെ സഹോദരാ എന്നു വിളിക്കും. ബധിരന്മാർ പോലും ആ നാദം ശ്രവിക്കും. അന്ധന്മാർ കണ്ണുതുറന്നു് അവനെക്കാണും. സിംഹത്തിൻെറ സടപിടിച്ചു് അതിനെ അവൻ കുഞ്ഞാടിനേപോലെ മുമ്പിൽ നടത്തും.

ബന്യാം:– ആരാണതു്?

പെഡ്രോ:– യോഹന്നാൻ പ്രവാചകൻ.

ബന്യാം:– ഇവിടെ?

പെഡ്രോ:– തടങ്കലിലാണു്

ബന്യാം:– പ്രവാചകനെ തടങ്കലിൽ വയ്ക്കുകയോ!

പെഡ്രോ:– പ്രഭുവിൻെറ കല്പനയാണ്.

ബന്യാം:– അദ്ദേഹം ചെയ്ത കുററമെന്താണ്?

പെഡ്രോ:– പ്രഭുവിനെ പരസ്യമായി ശകാരിച്ചു. രാജ്ഞിയെ വേശ്യയെന്നു വിളിച്ചു.

ബന്യാം.– പ്രഭുവിനെ അദ്ദേഹം ഭയപ്പെടുന്നില്ലേ?

പെഡ്രോ:– ആകാശത്തിനു കീഴിൽ എന്തിനേയെങ്കിലും അദ്ദേഹം ഭയപ്പെടുന്നതായി അറിവില്ല.

ബന്യാം:– എന്താണദ്ദേഹം വിളിച്ചു പറയുന്നതു്?

പെഡ്രോ:– അദ്ദേഹം പറയുന്നതത്രയും അതിഗഹനങ്ങളായ കാര്യങ്ങളാണ്. അതാർക്കും മനസ്സിലാവില്ല.

ബന്യാം:– ആരോടാണു പറയുന്നതു്?

പെഡ്രോ:– അതും അജ്ഞാതമാണ്.

ലൂക്കോ:– മരുഭൂമിയിലെ ശബ്ദം പർവ്വതങ്ങളിൽ ചെന്നലച്ച് ലോകമെങ്ങും മാറെറാലിക്കൊള്ളും. അതിൻെറ പ്രതിധ്വനി ലോകാവസാനംവരെ നിലനില്ക്കും. സമസ്ത ജാതികളും അതു മനപ്പാഠമാക്കും.

(യോഹന്നാൻെറ ശബ്ദം)

യോഹ:– അണലിസന്തതികളേ! ഇനിയെങ്കിലും നിങ്ങൾ പശ്ചാത്തപിക്കുവിൻ. പിതാവിൻെറ നാമത്തിൽ വരുന്നവനു പാതകളൊരുക്കുവിൻ. അവൻ കരുണയുള്ളവനാണ്.

ബന്യാം: പിതാവിൻെറ നാമത്തിൽ വരുന്നതു് ആരാണ്.

ലൂക്കോ:– പിതാവിൻെറ നാമത്തിൽ വരുന്നവൻ മഹത്വമുള്ളവനാകുന്നു.

പെഡ്രോ:– പിടികിട്ടാത്ത കാര്യങ്ങളെപററി എന്തിനു ചിന്തിക്കുന്നു! നിങ്ങളെൻെറ രാജകുമാരിയെ നോക്കുവിൻ. അത്രയും സൗന്ദര്യം ലോകത്തിൽ മററാർക്കുണ്ട്! അരുണിമയാർന്ന ആ കവിൾത്തടങ്ങൾക്ക് എന്തൊരു കാന്തിയാണ്!

ലൂക്കോ:– നക്ഷത്രങ്ങളെ നോക്കുവിൻ. നീലപ്പട്ടിൽ വീണ രക്തത്തുള്ളികളുടെ ഭംഗിയാണവയ്ക്കു്.

ബന്യാം:– അതാ, രാജകുമാരി ഇങ്ങോട്ടുവരുന്നു.

പെഡ്രോ:– എൻെറ അടുക്കലേയ്ക്കു വരികയാണ്. നിങ്ങൾക്ക് അസൂയ തോന്നുന്നുണ്ടല്ലേ!

ബന്യാം:– നിങ്ങൾ ഭാഗ്യവാനാണ്.

ലൂക്കോ:– തേൻഭരണിയിൽ കടന്നുകൂടുന്ന എറുമ്പുകൾ അവയുടെ ഭാഗ്യാതിരേകത്തിൽ ആഹ്ലാദിക്കാറുണ്ട്. അവസാനം അതിൽത്തന്നെ വീണു ചാവുകയും ചെയ്യുന്നു.

(ശലോമി പ്രവേശിക്കുന്നു)

ശലോ:– വയ്യ. എനിക്കിനിയും ഇതു സഹിക്കുവാൻ വയ്യ. ചിമ്മുന്ന കൺപോളകളുടെ അടിയിലുള്ള ചോരക്കണ്ണുകൾകൊണ്ട് പ്രഭു എന്തിനാണ് എപ്പോഴും എന്നെ ആർത്തിയോടെ നോക്കുന്നതു്! എൻെറ അമ്മയുടെ ഭർത്താവ് എന്നെ ഇങ്ങനെ നോക്കുന്നതു് അത്ഭുതമല്ലേ! ആ നോട്ടം എന്നെ അസ്വസ്ഥയാക്കുന്നു. അതുകൊണ്ടാണ് ഞാനിന്നു കണക്കിലേറെ കുടിച്ചതു്.

പെഡ്രോ:– അവിടുന്നു നന്നേ ക്ഷീണിച്ചിരിക്കുന്നു. ആ പീഠത്തിലിരിക്കുക.



ശലോ:– ഇരിക്കാം. നിങ്ങളുടെ അടുത്തിരിക്കാൻ എപ്പോഴും ഞാനിഷ്ടപ്പെടുന്നു. (ഇരിക്കുന്നു) ഇവിടത്തെ കാററ് എത്ര ശീതളമാണ്!

പെഡ്രോ:– കുറേനേരം ഇവിടെത്തന്നെ ഇരിക്കുക. ആശ്വാസം കിട്ടും.

ശലോ:– (വെളിയിലേയ്ക്കു നോക്കി) ആകാശം എത്ര തെളിഞ്ഞിരിക്കുന്നു! ഒരു തുണ്ടു മേഘംപോലും കാണാനില്ല. എന്തൊരഴകാണു ചന്ദ്രബിംബത്തിനു്!

ലൂക്കോ:– ആ കളങ്കംകൂടി ഇല്ലാതിരുന്നെങ്കിൽ!

ശലോ:– (ലൂക്കോസിനെ സൂക്ഷിച്ചുനോക്കി) ഇയാളാരാണ്?

പെഡ്രോ:– വൈദ്യനാണെന്നു ജനങ്ങൾ പറയുന്നു. കൂടെക്കൂടെ ഇവിടെവരും. ഇങ്ങനെ ഓരോന്നു പറഞ്ഞുകൊണ്ടിരിക്കും. ശല്യമൊന്നുമില്ല.

ബന്യാം:– എനിക്കു വൈദ്യന്മാരെ ഭയമാണ്.

പെഡ്രോ:– എങ്കിൽ നിങ്ങളൊരു രോഗിയാണ്.

ലൂക്കോ:– മാനസികരോഗി.

(യോഹന്നാൻെറ ശബ്ദം)

യോഹ:– നിൻെറ ദിവസങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ആറടിമണ്ണുപോലും നിനക്കു ലഭിക്കുകയില്ല. നിൻെറ ജഡം കഴുകന്മാർ കൊത്തിവലിക്കും. അറപ്പോടും വെറുപ്പോടുംകൂടിമാത്രം നീ സ്മരിക്കപ്പെടും.

ശലോം:– ആരാണതു്!

പെഡ്രോ:– പ്രവാചകൻ.

ശലോ:– പ്രഭു ഭയപ്പെടുന്ന ആ പ്രവാചകനോ! (എഴുന്നേൽക്കുന്നു.)

പെഡ്രോ:– അതൊന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. പ്രവാചകനായ യോഹന്നാനാണെന്നുമാത്രമറിയാം. പ്രഭുവിൻെറ കല്പനയനുസരിച്ചു തടങ്കലിൽ വച്ചിരിക്കുകയാണ്.

ശലോ:– എൻെറ അമ്മയെപ്പററി അയാൾ ഭയങ്കരമായ കാര്യങ്ങൾ പറയുന്നു. അല്ലേ?

പെഡ്രോ:– അദ്ദേഹം പറയുന്നതൊന്നും നമുക്കു മനസ്സിലാവുകയില്ല.

ശലോ:– എനിക്കു മനസ്സിലാകും. ഞെട്ടിപ്പിക്കുന്ന കാര്യങ്ങളാണയാൾ പറയുന്നതു്. എല്ലാം എൻെറ അമ്മയെപ്പററിത്തന്നെ.

പെഡ്രോ:– കുമാരി വിരുന്നുശാലയിലേയ്ക്കു മടങ്ങിപ്പോകുക.

ശലോ:– ഞാനിനി അങ്ങോട്ടില്ല.

പെഡ്രോ:– പ്രഭു തിരക്കും.

ശലോ:– തിരക്കട്ടെ. പ്രഭുവിനെ അനുസരിക്കേണ്ട ആവശ്യം എനിക്കില്ല. അതിരിക്കട്ടെ, പ്രവാചകൻ വൃദ്ധനാണോ?

പെഡ്രോ:– അവിടുന്നു തിരിച്ചുപോകുക.

ശലോ:– ഞാൻ ചോദിച്ചതിനുത്തരംപറയൂ. പ്രവാചകൻ വൃദ്ധനാണോ?

പെഡ്രോ:– അല്ല കുമാരി, അദ്ദേഹം നന്നേ ചെറുപ്പമാണ്.

(യോഹന്നാന്റെ ശബ്ദം)

യോഹ:– സർപ്പങ്ങൾ പറവകളെ വിഴുങ്ങുന്നു. സ്വന്തം സന്താനങ്ങളേയും വിഴുങ്ങുന്നു.

ശലോ:– എന്തൊരസാധാരണമായ ശബ്ദം! എനിക്കയാളെ ഒന്നു കാണണം.

പെട്രോ:– വേണ്ട കുമാരീ. പ്രഭുവിനതിഷ്ടമല്ല. അദ്ദേഹത്തെ കാണാൻ പ്രധാനാചാര്യനെപ്പോലും പ്രഭു അനുവദിച്ചില്ല.

ശലോ:– എന്തായാലും കൊള്ളാം. എനിക്കദ്ദേഹത്തെ കണ്ടേതീരൂ.

പെട്രോ:– അതസാദ്ധ്യമാണു കുമാരീ.

ശലോ:– ഞാൻ തീരുമാനിച്ചുകഴിഞ്ഞു. അയാളെ പുറത്തേയ്ക്കു കൊണ്ടുവരൂ.

പെട്രോ:– അവിടുന്നങ്ങനെ കല്പിക്കരുതു്.

ശലോ:– എന്നെ അനുസരിക്കു.

പെട്രോ:– ഈയുള്ളവൻ കഴിവിലേറ്റപ്പെടുന്നതു കാണാൻ അവിടുന്നാഗ്രഹിക്കുന്നില്ലെങ്കിൽ ഈ നിർബ്ബന്ധമുപേക്ഷിക്കു.

ശലോ:– ബാബിലോണിലെ രാജകുമാരിക്കുവേണ്ടി മരിക്കാൻ നിങ്ങളെപ്പോലുള്ള ഒരു യുവാവു് ഒരിക്കലും മടിച്ചുകൂടാത്തതാണ്.

പെട്രോ:– അവിടുന്നെന്നെ ധർമ്മസങ്കടത്തിലാക്കുന്നു.

ശലോ:– (അടുത്തുചെന്നു്) എന്റെ പ്രിയപ്പെട്ട പെട്രോണിയസ്! എനിക്കുവേണ്ടി നിങ്ങളിതു ചെയ്യില്ലേ? എന്റെ സ്നേഹം നിങ്ങൾ വിലമതിക്കുന്നുണ്ടെങ്കിൽ തീർച്ചയായും നിങ്ങളിതു ചെയ്യും. എനിക്കയാളെ കണ്ടേ തീരൂ. ആളുകൾ അയാളെപ്പറ്റി എന്തെല്ലാം പറയുന്നു! അതു ശരിയാണോ എന്നെനിക്കറിയണം. പ്രഭു അയാളെപ്പറ്റി പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. പ്രഭുവിനു് അയാളെ ഭയമാണ്. നിങ്ങൾക്കും ഭയമാണോ!

പെട്രോ:– ഇല്ല, എനിക്കദ്ദേഹത്തെ ഭയമില്ല. സൗമ്യമായി മാത്രമേ എന്നോടദ്ദേഹം സംസാരിക്കാറുള്ളു. വാത്സല്യത്തോടുകൂടി മാത്രമേ എന്നെ നോക്കാറുള്ളു. അദ്ദേഹം മനുഷ്യരെ വെറുക്കുന്നില്ല. മനുഷ്യന്റെ തെറ്റുകളെ മാത്രമാണു വെറുക്കുന്നതു്.

ലൂക്കോ:– ഭയംകൊണ്ടും ചിലർ തെറ്റു ചെയ്യാറുണ്ട്. ഭയവും തെറ്റും ഒരമ്മയുടെ മക്കളാണ്.

ബന്യാം:– ഇഷ്ടമുള്ളവർക്കുവേണ്ടി തെറ്റുചെയ്യാനും എനിക്കു മടിയില്ല.

ശലോ:– പെട്രോണിയസ്! എന്നോടു് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ എനിക്കുവേണ്ടി നിങ്ങളിതു ചെയ്യണം. പ്രഭുവിന്റെ പച്ചപ്പല്ലക്കിൽ ക്ഷേത്രദർശനത്തിനു പോകുമ്പോൾ എല്ലാവരും കാൺകെ ഞാൻ നിങ്ങളെ നോക്കിച്ചിരിക്കും. രാജകീയോദ്യാനത്തിൽ നിന്നറുത്തെടുത്ത ഒരു പനിനീർപ്പൂവു് ഞാൻ നിങ്ങൾക്കെറിഞ്ഞു തരാം.

ബന്യാം:– പനിനീർപ്പൂക്കൾ എനിക്കു വളരെ ഇഷ്ടമാണ്.



ശലോ:– എനിക്കുവേണ്ടി നിങ്ങളെന്തും ചെയ്യുമെന്നെനിക്കറിയാം. ഇല്ലേ പെട്രോണിയസ്? എന്റെ മുഖത്തുനോക്കി മറുപടി പറയൂ.

പെട്രോ:– (നാമാനെ നോക്കി) പ്രവാചകനെ വെളിയിലേയ്ക്കു കൊണ്ടുവരൂ. (നാമാൻ മടിച്ചുനില്ക്കുന്നതേയുള്ളു.) പറഞ്ഞതുകേട്ടില്ലേ! വേഗമാകട്ടെ.

(നാമാൻ അകത്തേയ്ക്കു പോകുന്നു.)

ശലോ:– നിങ്ങൾ സ്നേഹമുള്ളവനാണ്. സ്നേഹത്തേക്കാൾ വിലപ്പെട്ടതായി ലോകത്തിൽ മറ്റെന്താണുള്ളതു്!

ലൂക്കാ:– സ്നേഹം അസ്ഥിരമാണ്.

(നാമാനാൽ അനുഗതനായി യോഹന്നാൻ പ്രവേശിക്കുന്നു. അദ്ദേഹത്തിന്റെ കഴുത്തിലും കൈകാലുകളിലുമായി പരസ്പരം ബന്ധിക്കപ്പെട്ടിട്ടുള്ള ആയമുള്ള ചങ്ങലകൾ നിലത്തുകിടന്നിഴഞ്ഞു് കിലുകിലാരവം പുറപ്പെടുവിക്കുന്നു. ശലോമി അദ്ദേഹത്തെത്തന്നെ ഇമവെട്ടാതെ നോക്കി നില്ക്കുന്നു)

യോഹ:– തന്റെ പാതകങ്ങളുടെ പാനപാത്രം എപ്പോഴും നിറച്ചുവച്ചിരിക്കുന്ന ആ നീചനെവിടെ! സ്വജനങ്ങളാൽത്തന്നെ കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ട ആ നരാധമനെവിടെ! മ്ലേച്ഛതയുടെ കേളീരംഗമായ അവന്റെ വിരുന്നുശാലയിൽനിന്നു പുറത്തുവരാൻ അവനോടു പറയൂ. മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം അവൻ കേൾക്കട്ടെ.

ശലോ:– ആരെക്കുറിച്ചാണിയാൾ പറയുന്നതു്?

പെട്രോ:– അതു ഞങ്ങളെങ്ങനെ പറയും!

യോഹ:– ബലിഷ്ഠകായന്മാരായ അസീറിയൻ പട്ടാളക്കാർക്കു് തന്നെത്തന്നെ ദാനംചെയ്ത ആ കുലടയെവിടെ? കഴുകന്റെ കണ്ണുകളും കാട്ടുപോത്തിന്റെ കായശക്തിയുമുള്ള ഈജിപ്തുകാരായ അടിമകളുടെ പാടികളിൽ അന്തിയുറങ്ങുന്ന ആ അഭിസാരികയെവിടെ! ദൈവത്തിന്റെ വഴിയൊരുക്കുന്നവന്റെ ശബ്ദം കേൾക്കാൻ പാതകങ്ങളുടെ പട്ടുമെത്തയിൽ നിന്നെഴുന്നേറ്റുവരാൻ അവളോടു പറയൂ.

ശലോ:– ഹൊ! എന്റെ അമ്മയേപ്പറ്റിയാണ് ഇപ്പോഴും ഇയാൾ പറയുന്നതു്.

പെട്രോ:– കുമാരി ഇനിയും ഇവിടെ നില്ക്കരുതെന്നപേക്ഷിക്കുന്നു.

ശലോ:– എന്തൊരു ഭയങ്കരനാണിയാൾ! ഇയാളുടെ കണ്ണുകളാണേറ്റം ഭയങ്കരം. മനോഹരമായ നീരാളിപ്പട്ടിൽ പന്തങ്ങൾകൊണ്ടു കരിച്ചുണ്ടാക്കിയ സുഷിരങ്ങൾ മാതിരി. പാമ്പുകൾ അധിവസിക്കുന്ന മാളങ്ങൾപോലെ.

പെട്രോ:– കുമാരീ!

ശലോ:– എനിക്കിയാളെ കണ്ടിട്ടു മതിവരുന്നില്ല. ഇയാൾ എത്ര ചടച്ചിരിക്കുന്നു. എങ്കിലും ഈ ശരീരം ചന്ദ്രകലകൊണ്ടു നിർമ്മിച്ചമാതിരിയിരിക്കുന്നു. ഈ ശരീരം ദന്തംപോലെ തണുത്തതാവണം. ഞാനൊന്നു തൊട്ടുനോക്കട്ടെ.

പെട്രോ:– വേണ്ട കുമാരീ. വേണ്ട.

ശലോ:– ഹേ പ്രവാചകാ! ഞാനാരാണെന്നു നിങ്ങൾക്കറിയേണ്ടേ?

യോഹ:– നീ ആരാണെന്നെനിക്കറിയാം. നിനക്കു സംഭവിക്കാൻ പോകുന്നതു് എന്താണെന്നും എനിക്കറിയാം. മരണദൂതൻ ഇവിടെത്തന്നെ മറഞ്ഞുനില്ക്കുന്നുണ്ടെന്നോർത്തു കൊള്ളൂ. ജീവിക്കാനാഗ്രഹമുണ്ടെങ്കിൽ ഈ പരിസരങ്ങളിൽനിന്നു് എന്നന്നേയ്ക്കുമായി ഓടി ഒളിച്ചുകൊള്ളൂ.

ശലോ:– ഞാനാണു ശലോമി. ബാബിലോണിലെ രാജകുമാരി.

യോഹ:– ബാബിലോണിന്റെ പുത്രീ! കർത്താവിനാൽ അയക്കപ്പെട്ടവനെ നീ പരീക്ഷിക്കരുതു്. സ്വർണ്ണം പൂശിയ കൺപോളകളുടെ അടിയിലുള്ള നിന്റെ അഞ്ജനക്കണ്ണുകൾ ദൈവത്തിന്റെ മഹത്വം കണ്ടറിയാനുള്ളതാണു്. അവ നിന്നെ വഞ്ചിക്കാതിരിക്കട്ടെ.

ശലോ:– പ്രവാചകാ! ഇനിയും സംസാരിക്കൂ. അങ്ങയുടെ ശബ്ദം വീഞ്ഞുപോലെ മാധുര്യമുള്ളതാണു്. വീണയുടെ നാദംപോലെ ഇമ്പമുള്ളതാണു്.

പെട്രോ:– കുമാരീ!

ശലോ:– (അല്പംകൂടി അടുത്തുചെന്നു്) അങ്ങു സംസാരിക്കൂ. ഇനിയും. ഇനിയും.

യോഹ:– കടന്നുപോകൂ. മരണദൂതന്റെ ചിറകടിശബ്ദം കേട്ടുതുടങ്ങി. സമയം അടുത്തുവരികയാണു്.

പെട്രോ:– കുമാരീ! ദയവുചെയ്തു് അകത്തേയ്ക്കു പോകൂ.

ശലോ:– അങ്ങയെപ്പോലെ സുന്ദരനായി ഈ ലോകത്തിൽ ആരുമില്ല. അങ്ങയുടെ ശരീരം ഗിരിശൃംഗത്തിൽ നിന്നൊഴുകിവരുന്ന ഹിമഖണ്ഡങ്ങളുടെ വെൺമയുള്ളതാണു്; പുലരിയുടെ ആദ്യകിരണങ്ങളുടെ കാന്തിയുള്ളതാണു്. ഈ സുകുമാരമേനിയിൽ ഞാനൊന്നു ചുംബിച്ചുകൊള്ളട്ടെ?

യോഹ:– വേശ്യയുടെ പുത്രീ! പരിശുദ്ധിയുടെ പരിവേഷം നിന്റെ കണ്ണുകൾക്കില്ല. നീയും ശപിക്കപ്പെട്ടവളാണു്. എന്നിൽ നിന്നകന്നു പോകൂ.

ശലോ:– യോഹന്നാൻ! അങ്ങെന്നെ ഭ്രാന്തുപിടിപ്പിക്കുന്നു. പാകം വന്ന മാതളപ്പഴത്തിന്റെ നിറമുള്ള അങ്ങയുടെ മുഖം എന്നെ പരവശയാക്കുന്നു. അങ്ങയുടെ അധരങ്ങളാണേറ്റം മനോഹരം. കുങ്കുമംപോലത്തെ ആ ചുണ്ടുകളിൽ ഞാനൊന്നു ചുംബിച്ചുകൊള്ളട്ടെ.

യോഹ:– കടന്നുപോകൂ. നരകവും നിന്നെച്ചൊല്ലി ലജ്ജിക്കാതിരിക്കട്ടെ.

ശലോ:– യോഹന്നാൻ! ഈ ശലോമിയുടെ പാദങ്ങളിൽ അടിയറ വക്കാത്ത ഒരു കിരീടവും പൗരസ്ത്യദിക്കിലില്ല. ഞാനൊന്നു മന്ദഹസിച്ചാൽ മതി, ഹേറോദേശ് അന്തിപ്പാസിന്റെ കിരീടം എന്റെ ശിരസ്സിലർപ്പിക്കപ്പെടാൻ. അതു വലിച്ചെറിഞ്ഞിട്ടാണു ഞാൻ നിങ്ങളെ തേടിവന്നതെന്നു മറക്കാതിരിക്കൂ. ശലോമി ഇന്നോളം ഒരു പുരുഷന്റെയും മുമ്പിൽ മുട്ടുമടക്കിയിട്ടില്ല. പ്രിയപ്പെട്ട യോഹന്നാൻ! ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളെമാത്രം. എന്നെ സ്വീകരിക്കൂ. പ്രതിഫലമായി എന്റെ അമ്മയെ കാരാഗൃഹത്തിലടച്ചിട്ടു് ഞാൻ



നിങ്ങളെ സ്വതന്ത്രനാക്കാം. ഒരേ ഒരു ചുംബനം. അതു മാത്രമേ എനിക്കു വേണ്ടൂ.

യോഹ:– (ക്രുദ്ധനായി) കർത്താവിന്റെ ദൂതനെവിടെ! മരണത്തിന്റെ കരവാളമേന്തിയ അങ്ങേയ്ക്കുവേണ്ടി ഞാനിതാ വഴിമാറുന്നു. കടന്നുവരൂ. (തിടുക്കത്തിൽ തടവുമുറിയിലേയ്ക്കു മടങ്ങിപ്പോകുന്നു. നാമാൻ പിൻതുടരുന്നു. പൊടുന്നനവെ ഹൃദയസ്തംഭനം കൊണ്ടെന്നതുപോലെ പെട്രോണിയസ് കമിഴ്ന്നടിച്ചു തറയിൽ വീഴുന്നു. പിന്നീടു് യാതൊരു ചലനവുമില്ല. അപ്പോഴേയ്ക്കും രംഗത്തു വീണ്ടും പ്രവേശിക്കുന്ന നാമാൻ ആ കാഴ്ച കണ്ടു നിശ്ചലനായി നോക്കി നില്ക്കുന്നതേയുള്ളൂ.)

ബന്യാം:– പെട്രോണിയസ്! (അടുത്തു മുട്ടുകുത്തി പെട്രോണിയസ്സിന്റെ ശരീരത്തിൽ സ്പർശിച്ചുനോക്കി) അയ്യോ, ശരീരം മഞ്ഞുപോലെ തണുത്തുകഴിഞ്ഞിരിക്കുന്നു. (ശ്വാസം വേഗം പരിശോധിച്ചു്) ദൈവമേ, ഇദ്ദേഹം മരിച്ചുകഴിഞ്ഞു! (എഴുന്നേൽക്കുന്നു)

ലൂക്കോ:– മരണദൂതൻ ജോലിയാരംഭിച്ചു കഴിഞ്ഞു. അടുത്തതു് ആരായിരിക്കുമോ!

ശലോ:– (യാതൊരു ചാഞ്ചല്യവും കൂടാതെ) തത്രപ്പെടാതിരിക്കൂ. ആരാണെന്നു കാണിച്ചുതരാം. അധികം താമസംവേണ്ട.

ബന്യാം:– എനിക്കു കാണണമെന്നില്ല. ഞാൻ പോകട്ടെ. (തിടുക്കത്തിൽ സ്ഥലംവിടുന്നു. മറ്റൊരു മാർഗ്ഗത്തിലൂടെ അന്തിപ്പാസ്സും ഹെറോദ്യായും പ്രവേശിക്കുന്നു.)

അന്തി:– നാം പറഞ്ഞില്ലേ. കുമാരി ഇവിടെത്തന്നെ കാണുമെന്നു്. (ശലോമിയെ നോക്കി) ശലോമീ! എന്താണു പറയാതെ പോന്നതു്? അതിഥികൾ എന്തു വിചാരിക്കും. വരൂ. അവരെല്ലാവരും നിനക്കുവേണ്ടി കാത്തിരിക്കുകയാണു്.

ശലോ:– ഞാൻ വരുന്നില്ല? എപ്പോഴും എന്നെത്തന്നെ ഉറിച്ചുനോക്കുന്ന ആ കഴുകന്മാരുടെ മുമ്പിൽ നില്ക്കാൻ എനിക്കു വയ്യാ.

അന്തി:– നിന്റെ അനുപമമായ സൗന്ദര്യം അവരെ മത്തുപിടിപ്പിച്ചിരിക്കും. നമുക്കതിൽ സന്തോഷമേയുള്ളൂ. പൗരസ്ത്യദിക്കിലെ സൗന്ദര്യധാമങ്ങളുടെ കേളീരംഗമാണു് നമ്മുടെ കൊട്ടാരമെന്നു് സകലരും അറിയട്ടെ.

ഹെറോ:– അതിഥികൾ മാത്രമല്ല, നിങ്ങളും അവളെ ആർത്തിയോടെ നോക്കുന്നതു് ഞാൻ കാണാറുണ്ടു്.

അന്തി:– ആരു്? നാമോ?

ഹെറോ:– ഇപ്പോഴും നിങ്ങളതുതന്നെ ചെയ്യുന്നു.

അന്തി:– ഛെ. ഛെ. നാം ചന്ദ്രനെ നോക്കുകയായിരുന്നു? നോക്കൂ, നീലാകാശത്തിലൂടെ തെന്നിത്തെന്നി നീങ്ങുന്ന ചന്ദ്രബിംബത്തെ കണ്ടാൽ അമിതമായി മദ്യപിച്ച ഒരു സ്ത്രീയുടെ മട്ടുണ്ടു്. അക്കാണുന്നതു് നക്ഷത്രങ്ങളല്ല. അവൾ സ്വയം പൊട്ടിച്ചെറിഞ്ഞ അവളുടെ കണ്ഠാഭരണങ്ങളിൽനിന്നു ചിതറിവീണ

മുത്തുമണികളാണ്. പുറം കാണുന്നത് മേഘങ്ങളല്ല. അഴിഞ്ഞുലഞ്ഞ അവളുടെ ഉടയാടകളാണ്.

ഹെറോ:- അമിതമായി മദ്യപിച്ചത് നിങ്ങളാണ്. തലയ്ക്കു ലക്കില്ലാത്തതുകൊണ്ടാണ് ഇത്തരം വികടഭാവനകൾ തലച്ചോറിലൂറിക്കുന്നത്.

അന്തി:- നാം മദ്യപിച്ചെന്നോ! നാമിത്തിരി വീഞ്ഞുകുടിച്ചു. വീഞ്ഞു മദ്യമാണെന്നാരു പറഞ്ഞു! അത് ദൈവദൂതന്മാരുടെ പാനീയമാണ്. ....ആരവിടെ. ഇവിടെ തീരെ വെളിച്ചമില്ലല്ലൊ. പ്രകാശമുള്ള വിളക്കുകൾ കൊണ്ടുവരൂ.

(പെട്ടന്നതാ നീലവെളിച്ചംമാറി മഞ്ഞയും ചുവപ്പും കലർന്ന സമുജ്ജ്വലമായ പ്രകാശം രംഗത്തു പ്രസരിക്കുന്നു)

ഹെറോ:- വരൂ. അകത്തുപോയി വിശ്രമിക്കാം.

അന്തി:- ഇല്ല. നാം വരില്ല. നാമിവിടെത്തന്നെ വിശ്രമിക്കും. റോമിൽനിന്നുവന്ന അതിഥികളൊത്ത് ഇവിടെയിരുന്ന് ഇനിയും നാം വീഞ്ഞുകുടിക്കും. വേണമെങ്കിൽ നീ അകത്തു പൊയ്ക്കൊള്ളൂ. ശലോമിയും നമ്മോടൊന്നിച്ചിവിടെ നില്ക്കട്ടെ. (മുമ്പോട്ടു നടക്കുന്നു. മരിച്ചുകിടക്കുന്ന പെട്രോണിയസ്സിന്റെ ശരീരത്തിൽ കാൽതട്ടുന്നു) എന്താണിത്?

ലൂക്കോ:- അങ്ങയുടെ ശതാധിപൻ.

അന്തി:- അയാൾ ഇത്രനേരത്തെ ഉറങ്ങിയോ! അതും നിലത്തു കിടന്ന്! കണക്കില്ലാതെ മദ്യപിച്ചിരിക്കും. ശപ്പൻ!

ലൂക്കോ:- അയാൾ മരിച്ചുകിടക്കുകയാണ്.

അന്തി:- നാമറിയാതെ അയാൾ മരിച്ചെന്നോ! അയാളെ കൊല്ലാൻ നാം കല്പിച്ചില്ലല്ലോ.

ശലോ:- അയാൾ ആത്മഹത്യചെയ്തതായിരിക്കുമെന്നു ഞാൻ സംശയിക്കുന്നു.

അന്തി:- ലജ്ജാവഹം! പതഞ്ഞു പൊങ്ങുന്ന വീര്യമുള്ള വീഞ്ഞിന്റെയും, മനം കവരുന്ന സുന്ദരിമാരുടേയും നാടായ യൂദയായിൽ ഒരു യുവാവ് ആത്മഹത്യ ചെയ്കയോ! മഠയൻ! ഒന്നുകിൽ അയാൾ ഒരു വേദാന്തിയായിരുന്നു. അല്ലെങ്കിൽ കവിയായിരുന്നു. ചീഞ്ഞുനാറുന്നതിനുമുമ്പ് എടുത്തു ദൂരെ എറിയൂ. (നാമാൻ മുമ്പോട്ടുവന്ന് പെട്രോണിയസ്സിന്റെ ശവം വലിച്ചിഴച്ചുകൊണ്ടു വെളിയിലേയ്ക്കു പോകുന്നു.) ഒരു തരത്തിൽ പറഞ്ഞാൽ അയാൾ ചത്തതു നന്നായി. അല്ലെങ്കിൽ നാം തന്നെ അയാളെ കൊല്ലേണ്ടിവരുമായിരുന്നു.

ഹെറോ:- എന്തിന്?

അന്തി:- അയാൾ നമ്മുടെ ശലോമിയെ ആർത്തിയോടെ നോക്കുന്നത് നാം കണ്ടിട്ടുണ്ട്.

ഹെറോ:- നിങ്ങളും അങ്ങനെ ചെയ്യാറുണ്ടല്ലോ.

അന്തി:- അക്കാര്യം വിട്ടു. നമ്മുടെ ചെറുപ്പകാലത്ത് ആത്മഹത്യയെ പറ്റി നാം ഹാസ്യകവിതകളെഴുതിയിട്ടുണ്ട്. അതിരിക്കട്ടെ, ആത്മഹത്യയെപ്പറ്റി നിന്റെ അഭിപ്രായമെന്താണ്?

ഹെറോ:- ആത്മഹത്യ ചിലർക്ക് ചിലപ്പോൾ ആവശ്യമായി വരും.



അന്തി:- ചിലപ്പോഴെന്നു പറഞ്ഞാൽ?

ഹെറോ:- പൗരുഷം നശിക്കുമ്പോൾ.

അന്തി:- എങ്കിൽ നമുക്കു ഭയപ്പെടാനില്ല. നമ്മേപോലെ പൗരുഷശാലിയായി ലോകത്തിൽ മറ്റാരുമില്ല.

(നാമാൻ മടങ്ങിവന്ന് പൂർവ്വസ്ഥാനത്തു നിലകൊള്ളുന്നു)

ഹെറോ:- ഇവിടെ തീരെ കാറ്റില്ല. നമുക്കു മട്ടുപ്പാവിലേയ്ക്കു പോകാം.

അന്തി:- നാം കല്പിച്ചാൽ കാറ്റു താനെ വരും. (ശ്രദ്ധിച്ചിട്ട്) ഒരു ചിറകടി ശബ്ദം കേൾക്കുന്നില്ലേ: കാറ്റു വന്നെത്തുന്നതാണ്.

ലൂക്കോ:- അതു മരണദൂതനായിരിക്കും.

അന്തി:- മരണദൂതനോ!

ലൂക്കോ:- ശതാധിപനെ കൊണ്ടുപോകാൻ വന്ന മരണദൂതൻ.

അന്തി:- നിറുത്തു. അതേപറ്റി ഒരക്ഷരം ഇനി ഉരിയാടിപ്പോകരുത്. എന്റെ ശലോമി ഭയപ്പെട്ടേക്കും.

ശലോ:- എനിക്കു ഭയമില്ല.

അന്തി-: എങ്കിലും നീ വല്ലാതെ വിളറിയിരിക്കുന്നല്ലോ.

ഹെറോ:- അത് നിങ്ങളിങ്ങനെ എപ്പോഴും അവളെ തുറിച്ചു നോക്കുന്നതുകൊണ്ടാണ്.

അന്തി:- ആരവിടെ! വീഞ്ഞും പഴങ്ങളും കൊണ്ടുവരൂ.......ആരുമില്ലേ അവിടെ!........ എല്ലാം കുടിച്ച് ബോധമില്ലാതെ മറിഞ്ഞു വീണുകാണും. (ലൂക്കോസിനെ നോക്കി) തടി പോലെ നോക്കിനില്ക്കുന്നോ! വീഞ്ഞും പഴങ്ങളും കൊണ്ടുവരൂ. (ലൂക്കോസ് അകത്തേയ്ക്കു പോകുന്നു)

ഹെറോ:- മകളേ! നിനക്കു തീരെ സുഖമില്ലെന്നു തോന്നുന്നല്ലോ. ഉറക്കമിളയ്ക്കാതെ പോയി കിടന്നുറങ്ങൂ.

ശലോ:- സുഖമില്ലാത്തതെനിക്കല്ല. അമ്മയ്ക്കാണ്.

അന്തി:- ഹ ഹ ഹ! ശലോമി പറഞ്ഞതാണ് ശരി.

ഹെറോ:- നീ എന്നെ അനുസരിക്കില്ലേ!

ശലോ:- അനുസരണയേപറ്റി പറയാതിരിക്കുന്നതാണ് ഭേദം.

ഹെറോ:- ശലോമീ!

(ഒരു താലത്തിൽ വീഞ്ഞുപാത്രവും പഴങ്ങളുമായി ലൂക്കോസ് തിരിച്ചുവന്ന് അതെല്ലാം അടുത്തുള്ള പീഠത്തിൽ വയ്ക്കുന്നു.)

അന്തി:- (ചഷകത്തിൽ വീഞ്ഞു പകർന്ന് ശലോമിയുടെ നേർക്കു നീട്ടിക്കൊണ്ട്) ശലോമീ, ഈ വീഞ്ഞു കുടിക്ക്. ക്ഷീണം മാറും.

ശലോ:– എനിക്കു ക്ഷീണമില്ല. ദാഹിക്കുന്നുമില്ല.

അന്തി:– നമുക്കു ദാഹിക്കുന്നുണ്ട്. ഈ പാനപാത്രം മനോഹരമായ നിന്റെ ചെഞ്ചുണ്ടുകളിൽ മുട്ടിച്ചിട്ടു മടക്കിത്തരൂ. നാം തന്നെ കുടിച്ചുകൊള്ളാം.

ശലോ:– എനിക്കു വേണ്ടാത്തതുകൊണ്ടാണ്.

അന്തി:– എങ്കിൽ വേണ്ട. നിന്റെ ആരോഗ്യത്തിനുവേണ്ടി നാമിതു കുടിക്കുന്നു. (കുടിച്ചുതീർത്ത് ചഷകം താഴെ വച്ച്, ഒരു പഴം കൈയ്യിലെടുക്കുന്നു) പാകം വന്ന ഈ പഴങ്ങൾ സമേരിയായിൽനിന്നു നിനക്കായി മാത്രം നാം വരുത്തിയതാണ്. നമ്മുടെ അടുത്തു വന്നിരുന്ന് എല്ലാം തിന്നുതീർക്കൂ.

ശലോ:– എനിക്കു വിശക്കുന്നില്ല.

അന്തി:– എങ്കിൽ വേണ്ടാ. നിന്റെ കൊച്ചരിപ്പല്ലുകളുടെ പാടുകൾ ഈ പഴങ്ങളിലെല്ലാം പതിഞ്ഞുകാണാൻ നാമാഗ്രഹിക്കുന്നു. ഇവയിലെല്ലാംതന്നെ കടിച്ചിട്ടു മടക്കിത്തരൂ. മുഴുവനും നാം തന്നെ തിന്നുകൊള്ളാം.

ശലോ:– എനിക്കു വയ്യ.

അന്തി:– (ഹെറോദ്യയെ നോക്കി) നിന്റെ മകൾക്കു തീരെ അനുസരണമില്ല. ഇങ്ങനെയാണോ പെൺകുട്ടികളെ വളർത്തുന്നത്?

ഹെറോ:– ആവശ്യമുള്ളതേ പറയാവൂ. അവൾ എന്റെ മകളാണ്. അന്തസ്സുള്ള പെരുമാററമേ ഞങ്ങൾ ശീലിച്ചിട്ടുള്ളൂ. രാജവംശത്തിലാണു ഞങ്ങൾ ജനിച്ചതും വളർന്നതും. ഞങ്ങളുടെ പൂർവ്വന്മാർ ഒട്ടകക്കച്ചവടക്കാരായിരുന്നില്ല. കവർച്ചക്കാരുമല്ലായിരുന്നു.

അന്തി:– മതി മതി. നിന്റെ മേന്മകളൊക്കെ നമ്മോടാണോ പ്രസംഗിക്കുന്നത്!........ ശലോമീ! നമ്മുടെയടുത്തു വന്നിരിക്കൂ. ഇനിമുതൽ നിന്റെ അമ്മയുടെ സിംഹാസനം നിനക്കാണ്.

ഹെറോ:– എന്തു പറഞ്ഞു!

(യോഹന്നാന്റെ ശബ്ദം)

യോഹ:– അവർ പറയരുതാത്തതു പറയുന്നു. ചെയ്തുകൂടാത്തതു ചെയ്യുന്നു. സംഭവിച്ചുകൂടാത്തതു സംഭവിച്ചേ തീരൂ. സമയം അടുത്തുവരികയാണ്.

അന്തി:– ശല്യം! അതിനിടയിൽ ആ ഭ്രാന്തന്റെ ഭത്സനങ്ങളും!

ഹെറോ:– നാണമില്ലല്ലോ! നിങ്ങളുടെ മുഖത്തുനോക്കിയല്ലേ അയാളിതൊക്കെ വിളിച്ചുപറയുന്നത്? നിങ്ങളാണോ നാടുവാഴി.

അന്തി:– നാം നാടുവാഴി മാത്രമല്ല. ചക്രവർത്തി. ആസന്നഭാവിയിൽ നാമൊരു ചക്രവർത്തിയാകും. സമസ്ത ലോകങ്ങളുടേയും ചക്രവർത്തി. നമ്മുടെ രാജ്യാതിർത്തികൾ ഒരുവശത്ത് അലകടലും, മറുവശത്ത് നീലാകാശവുമായിരിക്കും.

(യോഹന്നാന്റെ ശബ്ദം)

യോഹ:– മേഘപാളികൾ തള്ളിനീക്കി, മലമുകളിൽ അദ്ദേഹം പ്രത്യക്ഷപ്പെടും. വാനനീ



ലിമയിൽ പ്രപഞ്ചം നിറഞ്ഞുനില്ക്കുന്ന ലോകോദ്ധാരകനെ സമസ്ത ജനങ്ങളും നേരിൽക്കാണും. വാനാരൂപികൾ അവിടുത്തേയ്ക്കോശാനപാടും.

അന്തി:– കേട്ടോ പറഞ്ഞത്! ലോകോദ്ധാരകനെന്ന്. അതു നമ്മേ പററിയാണ്. ആ പേരിലാണ് ഭാവിയിൽ നാമറിയപ്പെടുക. (ലൂക്കോസിനോട്)നാം പറഞ്ഞതു ശരിയല്ലേ?

ലൂക്കോ:– നസ്രായേക്കാരൻ യേശുവിനെപ്പററി അങ്ങനെ പറയുന്നതു കേട്ടിട്ടുണ്ട്.

അന്തി:– നസ്രായേക്കാരൻ യേശുവോ! ആരാണയാൾ?

ലൂക്കോ:– അദ്ദേഹം മിശിഹായാണെന്ന് എല്ലാവരും പറയുന്നു.

അന്തി:– അങ്ങനെ പറയാൻ കാരണം?

ലൂക്കോ:– അദ്ദേഹം കുരുടന്മാർക്കു കാഴ്ചകൊടുക്കുകയും കുഷ്ഠരോഗികളെപ്പോലും സുഖപ്പെടുത്തുകയും മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്യുന്നു.

അന്തി:– മരിച്ചവരെ ജീവിപ്പിക്കുകയോ! പാടില്ല. ഒരിക്കലും പാടില്ല. മരിച്ചവരെ ജീവിപ്പിക്കുവാൻ ആരേയും നാമനുവദിക്കുകയില്ല. അയാളെ അന്വേഷിച്ചുകണ്ടുപിടിച്ച് നാമങ്ങനെ കല്പിച്ചതായി അറിയിക്കൂ.

(യോഹന്നാന്റെ ശബ്ദം)

യോഹ:– അവൻ ചെയ്തതെല്ലാം നേരിൽക്കണ്ടിട്ടും അവർ വിശ്വസിച്ചില്ല. അവന്റെ ശബ്ദം അവർ ചെവിക്കൊണ്ടില്ല. അവനെ അവർ തള്ളിപ്പറഞ്ഞു. അവൻ അവരേയും.

ഹെറോ:– അയാളോടിങ്ങനെ ചിലയ്ക്കാതിരിക്കാനെങ്കിലും പറയൂ.

അന്തി:– അയാളെന്തും പറയട്ടെ! നിന്നേപ്പററി ഒന്നും പറഞ്ഞില്ലല്ലോ.

(യോഹന്നാന്റെ ശബ്ദം)

യോഹ:– അവളെ കുന്തംകൊണ്ടു കുത്തിത്തുളയ്ക്കട്ടെ. പരിചകളുടെ അടിയിലിട്ട് അവളെ ഞെരിച്ചുകൊല്ലട്ടെ.

ഹെറോ:– കേട്ടോ പറയുന്നത്!

അന്തി:– നിന്റെ പേരു പറഞ്ഞില്ലല്ലോ.

ഹെറോ:– എന്നേപ്പററിയാണു പറയുന്നതെന്ന് സത്യമായും നിങ്ങൾക്കറിയാം. ഞാൻ നിങ്ങളുടെ ഭാര്യയല്ലേ!

അന്തി:– ആണെന്നും അല്ലെന്നും പറയാം. മുമ്പ് എന്റെ സഹോദരന്റെ ഭാര്യയായിരുന്നു.

ഹെറോ:– നിങ്ങൾ എന്നെ അപഹരിച്ചതല്ലേ! ആ സാധുവിനെ കഴുത്തുഞെരിച്ചു കൊന്നതു നിങ്ങളല്ലേ!

അന്തി:– അന്നു നാം ശക്തനായിരുന്നു. മഹാശക്തൻ.

ഹെറോ:– ഇപ്പോൾ?

അന്തി:– ഞാൻ ചഞ്ചലചിത്തനാണ്.

ഹെറോ:– ഭീരുവിന്റെ ലക്ഷണമാണത്.

അന്തി:– നാമൊരു ഭീരുവാണെന്ന് ഇതുവരെ ആരും പറഞ്ഞിട്ടില്ല. പറയുകയുമില്ല. ങ് ആ, നീ നിന്റെ മകളെ നോക്കൂ. അവൾ വല്ലാതെ വിളറിയിരിക്കുന്നു.

ഹെറോ:– അവളെ നോക്കാനെനിക്കറിയാം. നിങ്ങൾ നോക്കാതിരുന്നാൽ മതി.

(യോഹന്നാന്റെ ശബ്ദം)

യോഹ:– ആകാശം ഹിമകണ്ഡംപോലെ വിളറിപ്പോകും. സൂര്യൻ കരിമ്പടംപോലെ കറുത്തുപോകും. ചന്ദ്രൻ ചോരപോലെ ചുവന്നുപോകും. നക്ഷത്രങ്ങൾ അത്തിപ്പഴങ്ങൾ പോലെ ഭൂമിയിലേയ്ക്കു കൊഴിഞ്ഞുവീഴും. പർവ്വതങ്ങൾ പൊട്ടിത്തെറിക്കും. ആ ദിവസം അടുത്തുവരികയാണ്.

അന്തി:– ഹഹഹ! പ്രവാചകനു ഭ്രാന്താണ്. അല്ലെങ്കിൽ അമിതമായി മദ്യപിച്ചിരിക്കും.

ഹെറോ:– നിങ്ങൾക്കാണു ഭ്രാന്ത്.

അന്തി:– നീ നമ്മെ ഭ്രാന്തനാക്കും. ഹൊ! നമുക്കു തീരെ സമാധാനമില്ല. ശലോമി, നമുക്കുവേണ്ടി ഒരു നൃത്തം ചെയ്യൂ. അങ്ങനെയെങ്കിലും നാമൊന്നാശ്വസിക്കട്ടെ.

ശലോ:– എനിക്കു വയ്യ.

അന്തി:– ഒരിക്കൽക്കൂടിമാത്രം.

ശലോ:– എനിക്കു വയ്യാഞ്ഞിട്ടാണ്.

ഹെറോ:– അവൾ എന്റെ മകളാണ്.

(യോഹന്നാന്റെ ശബ്ദം)

യോഹ:– കർത്താവിന്റെ ദൂതാ! ഒരുങ്ങിയിരിക്കൂ. സമയം അടുത്തുകഴിഞ്ഞു.

അന്തി:– ഇതസഹ്യമായിരിക്കുന്നു. ശലോമീ! നീ നൃത്തം ചെയ്യണം. ചെയ്തേ തീരൂ. നീ ചോദിക്കുന്നതെന്തും നാം നിനക്കു തരാം.

ശലോ:– (താൽപ്പര്യം ഭാവിച്ച്) ചോദിക്കുന്നതെന്തും തരുമോ?

അന്തി:– നമ്മുടെ രാജ്യത്തിന്റെ പകുതിവേണമെങ്കിലും.

ശലോ:– അങ്ങനെ സത്യം ചെയ്യാമോ?

അന്തി:– ഒന്നല്ല, നൂറുതവണ സത്യം ചെയ്യാം.

ഹെറോ:– ശലോമീ! നീ നൃത്തം ചെയ്യരുത്.

ശലോ:– അങ്ങേയ്ക്കുവേണ്ടി ഞാൻ നൃത്തം ചെയ്യാം.

ഹെറോ:– (അസഹ്യതയോടെ) ശലോമീ!

ശലോ:– ഇതെന്റെ ഇഷ്ടമാണ്.

അന്തി:– വേഗമാകട്ടെ. അല്ലെങ്കിൽ ആകാശം വിളറിപ്പോകും. സൂര്യൻ ചാക്കുപോലെ



കറുത്തുപോകും. ചന്ദ്രൻ ചോരപോലെ ചുവന്നുപോകും. നക്ഷത്രങ്ങൾ അത്തിപ്പഴങ്ങൾപോലെ പൊഴിഞ്ഞുവീഴും.

ഹെറോ:– മകളെ! നീ അകത്തേയ്ക്കു പോകൂ. ഇവിടെ നിന്നാൽ നിനക്കും ഭ്രാന്തു പിടിക്കും.

ശലോ:– ഭ്രാന്താകും വരാം. മാറിനില്ക്കൂ. ഞാൻ നൃത്തംചെയ്യട്ടെ.

അന്തി:– ഹഹഹ!....ഹഹഹ!

ഹെറോ:– (അമർഷത്തോടെ) നീ എന്നെ അനുസരിക്കില്ലേ!

ശലോ:– അനുസരണയെപ്പറ്റി പറയാതിരിക്കുന്നതാണു ഭേദം.

അന്തി:– മാറി നില്ക്കൂ. അവൾ നൃത്തം ചെയ്യട്ടെ. (ഹെറോദ്യയെ പിടിച്ചുമാറ്റുന്നു)

(ശലോമി തന്റെ കലാവിരുതു പരമാവധി പ്രകടമാക്കിക്കൊണ്ട് അനവദ്യഹൃദ്യമായി നൃത്തംചെയ്യുന്നു. അന്തിപ്പാസ് എല്ലാം മറന്ന് അതിൽ ലയിക്കുന്നു.)

അന്തി:– (നൃത്തമവസാനിക്കുമ്പോൾ) അപാരം! അപാരം! നിനക്കെന്താണു വേണ്ടതെന്നു പറയൂ! നീ ചോദിക്കുന്നതെന്തും നാം നിനക്കു തരുന്നുണ്ട്.

ശലോ:– അങ്ങു വാക്കു പാലിക്കുമെന്നതിൽ എനിക്കു സംശയമേയില്ല.

അന്തി:– നിനക്കെന്താണു വേണ്ടതെന്നു പറയൂ.

ശലോ:– പറയട്ടെ?

അന്തി:– പറയൂ.

ശലോ:– യോഹന്നാന്റെ ശിരസ്സ് (അന്തിപ്പാസ് ഞെട്ടുന്നു) യോഹന്നാന്റെ ശിരസ്സ് വെട്ടി ഒരു വെള്ളിത്താലത്തിൽവച്ച് എനിക്കു തരൂ.

അന്തി:– ശലോമീ!

ഹെറോ:– നന്നായി മകളേ. നന്നായി. നീ ബുദ്ധിയുള്ളവളാണ്. നീ എന്റെ മകളാണ്.

അന്തി:– ശലോമീ! അതുമാത്രം നീ ചോദിക്കരുത്.

ശലോ:– അങ്ങു സത്യം ചെയ്തിട്ടുണ്ട്.

അന്തി:– മറ്റെന്തുവേണമെങ്കിലും നീ ചോദിച്ചുകൊള്ളൂ. അതുമാത്രം........

ശലോ:– മറ്റൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല.

അന്തി:– ശലോമീ!

ഹെറോ:– നാടുവാഴികൾ പ്രതിജ്ഞ ലംഘിച്ചതായി കേട്ടുകേൾവിപോലുമില്ല.

അന്തി:– (അമർഷത്തോടെ ഹെറോദ്യയെ നോക്കി) ശബ്ദിക്കരുത്. (ശലോമിയോട്) ശലോമീ! നമ്മുടെ കുടുംബത്തിൽ പരമ്പരാഗതമായി സൂക്ഷിച്ചുപോരുന്ന ആ വലിയ മരതകക്കല്ലു നാം നിനക്കു തരാം. അത്രയും വിലയേറിയ ഒരു രത്നം ലോകത്തിൽ മറ്റൊന്നുള്ളതായി ഇതുവരെ കേട്ടുകേൾവിപോലുമില്ല. സീസർ ചോദിച്ചിട്ടുപോലും നാമതു കൊടുത്തില്ല.

ശലോ:– എനിക്കു യോഹന്നാന്റെ ശിരസ്സാണാവശ്യം.

**അന്തി:–** ശലോമീ! നീ ചിന്തിക്കുന്നില്ല. പ്രവാചകൻ ദിവ്യനാണ്. അദ്ദേഹം മരിക്കുന്ന ദിവസം ലോകത്തിൽ എന്തും സംഭവിക്കാം. നാമാരും പിന്നെ ശേഷിച്ചില്ലെന്നു വരും. നമുക്കുള്ളതെല്ലാം നാം നിനക്കു തരാം. നമ്മുടെ കൈവശം വിലയേറിയ പുഷ്യരാഗങ്ങളുണ്ട്. കടവായുടെ കണ്ണുപോലത്തെ മഞ്ഞനിറവും, സുന്ദരിമാരുടെ ചുണ്ടുപോലത്തെ ഇളംചുവപ്പുനിറവുമുള്ള പുഷ്യരാഗങ്ങൾ. മരിച്ച സ്ത്രീയുടെ മിഴിപോലത്തെ വൈഡൂര്യങ്ങളുണ്ട്. എല്ലാം നാം നിനക്കു തരാം.

**ശലോ:–** ഞാൻ ചോദിച്ചതു യോഹന്നാന്റെ ശിരസ്സാണ്.

**അന്തി:–** ഈ നിർബ്ബന്ധം മതിയാക്കൂ! ദേവാലയത്തിലെ ബലിപീഠങ്ങളിൽ സൂക്ഷിച്ചിട്ടുള്ള നൂററാണ്ടുകളുടെ പഴക്കമുള്ള അർഘ്യങ്ങളെല്ലാം നാം നിനക്കെടുത്തുതരാം.

**ശലോ:–** എനിക്കെന്താണാവശ്യമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

**അന്തി:–** ശലോമീ!

**ശലോ:–** സാദ്ധ്യമല്ലെങ്കിൽ അതു പറഞ്ഞേക്കൂ. ഇനിയും കാത്തുനില്ക്കാൻ എനിക്കുവയ്യാ. ഒന്നോർക്കുന്നതു കൊള്ളാം. യൂദയായിലെ നാടുവാഴിയുടെ പ്രതിജ്ഞാലംഘനം നാളെ മുതൽ അങ്ങാടിപ്പാട്ടായിരിക്കും. ചരിത്രം അതു രേഖപ്പെടുത്തിവയ്ക്കും. അങ്ങനെ ഭാവിതലമുറകളും അതറിയും.

**അന്തി:–** ഭീഷണിപ്പെടുത്താതെ. നാമൊരു ഭീരുവാണെന്നറിയപ്പെടാൻ ഒരിക്കലും ഇടവരുത്തുകയില്ല. ലോകം കണ്ടിട്ടുള്ള ഭയങ്കരന്മാരിൽ ഭയങ്കരൻ എന്നുവേണം ചരിത്രം നമ്മെപ്പററി രേഖപ്പെടുത്താൻ. (നാമാനെ നോക്കി) നാമാൻ! അവൾ ചോദിച്ചതു് അവൾക്കു കൊടുക്കൂ. (നാമാൻ ശിരസ്സുനമിച്ചിട്ട് അകത്തേയ്ക്കു പോകുന്നു. ശലോമി അയാളോടൊപ്പം വാതിക്കൽവരെ ചെന്ന് ശ്രദ്ധിച്ചുകൊണ്ടുനില്ക്കുന്നു.)

**ശലോ:–** എന്താണയാൾ ശബ്ദിക്കാത്തതു്! ഇല്ല, അയാളിനി ശബ്ദിക്കുകയില്ല. ലോകസുന്ദരിയായ ശലോമിയെ പുച്ഛിച്ചുതള്ളിയ അയാളിനി ശബ്ദിക്കുകയില്ല.

**ഹെറോ:–** വിവരംകെട്ടവൻ. ഇനി ആരേയും അവൻ അധിക്ഷേപിക്കരുതു്.

**അന്തി:–** ശബ്ദിക്കരുതു്. അരിഞ്ഞുകളയും. എല്ലാത്തിനേയും അരിഞ്ഞുകളയും.

(താലത്തിൽ യോഹന്നാന്റെ ശിരസ്സുമായി നാമാൻ പ്രവേശിക്കുന്നു. ആ കാഴ്ച കാണാനാവാതെ അന്തിപ്പാസ് പിന്നാക്കികൊണ്ടു മുഖം മറച്ചുകളയുന്നു. ലൂക്കോസ് മുട്ടുകുത്തി ശിരസ്സുനമിക്കുന്നു. ശലോമി ഉത്സാഹത്തോടെ താലം ഏററുവാങ്ങുന്നു. ഹെറോദ്യാ ചാരിതാർത്ഥ്യം നടിക്കുന്നു)

**ശലോ:–** അഹങ്കാരീ! ഞാൻ നിന്നെ ചുംബിക്കുവാൻ പോകുന്നു. ഇഷ്ടംപോലെ. മതി തീരെ. (താലം ചുണ്ടിനോടടുപ്പിക്കുന്നു.)

**അന്തി:–** ഭയങ്കരീ!....നമുക്കിതു കാണാൻവയ്യ....നമുക്കിതു കാണാൻ വയ്യ. കെടുത്തു വിളക്കുകൾ (പെട്ടെന്നു വിളക്കുകളെല്ലാമണയുന്നു. അതോടെ രംഗത്തു കൂരിരുൾ പരക്കുന്നു. ഇരുളിൽ ശലോമിയുടെ ശബ്ദം)



**ശലോ:–** അങ്ങനെ, പ്രവാചകനെ ഞാൻ ചുംബിച്ചു. മതി തീരെ. എന്തു മധുരമുള്ള ചുണ്ടുകൾ! രക്തത്തിനു മധുരമാണോ? പ്രേമത്തിനു മധുരമാണ്.

(പൊടുന്നനവെ ക്രമാതീതമായി പ്രകാശിക്കുന്ന ചന്ദ്രികയിൽ രംഗം പ്രകാശമാനമാകുന്നു. അന്തിപ്പാസ് എതിർവശത്തേയ്ക്കു തിരിഞ്ഞുനില്ക്കുകയാണ്. ചാഞ്ചല്യത്തോടെ മെല്ലെ തിരിഞ്ഞുനോക്കുന്ന അയാൾ കാണുന്നതു് ശലോമി കൈവശമുള്ള താലം അടുത്തുള്ള പീഠത്തിൽ വയ്ക്കുന്നതാണ്. അടുത്തുതന്നെ യാതൊരു ഭാവഭേദവും കൂടാതെ നോക്കിനില്ക്കുകയാണു നാമാൻ. എങ്കിലും പൂർവ്വാധികം ഉഗ്രനായി കാണപ്പെടുന്നു. ഹെറോദ്യയ്ക്കു യാതൊരു ചാഞ്ചല്യവുമില്ല; തികഞ്ഞ പ്രസന്നതയാണാമുഖത്തു്. ലൂക്കോസിനെ കാണാനേയില്ല.)

**അന്തി:–** ഇവൾ സ്ത്രീയല്ല. യക്ഷിയാണ്. നമ്മുടെ മുമ്പിൽ വ്യാജനൃത്തമാടിയ രക്തയക്ഷി! ഇവളിനിയും ജീവിച്ചാൽ ലോകത്തിൽ നന്മയ്ക്കിടമില്ലെന്നാകും. (നാമാനെ നോക്കി) കൊല്ലവളെ.... കൊല്ലാനാണു പറഞ്ഞതു്.

(നാമാൻ ശലോമിയെ സമീപിക്കുന്നു. ശലോമി പരിഭ്രാന്തയാകുന്നു. അതിലേറെ ഹെറോദ്യയും)

**ഹെറോ:–** അരുതു്. അവളെ തൊടരുതു്.

(നാമാൻ ശലോമിയുടെ കഴുത്തിൽ പിടികൂടുന്നു. ആ പിടി മുറുകുകയാണ്. ശലോമി മരണവേദനയോടെ പിടയുന്നു. ആ കാഴ്ച കാണാനാവാതെ ഹെറോദ്യ മുഖം പൊത്തിക്കളയുന്നു. നാമാൻ ശലോമിയുടെ മൃതദേഹം തറയിലേയ്ക്കു തള്ളുന്നു)

**ഹെറോ:–** എന്റെ മകളെ!

**അന്തി:–** അവളേയും കൊല്ല്.

(നാമാൻ ഹെറോദ്യയുടെ നേർക്കു തിരിയുന്നു. ഹെറോദ്യ പ്രാണഭീതിയോടെ ഓടിമറയുന്നു.)

**അന്തി:–** പിടിക്കവളെ. (നാമാൻ പിന്തുടരുന്നു. അടുത്ത നിമിഷത്തിൽ കഴുത്തു ഞെരിഞ്ഞു പിടയുന്ന ഹെറോദ്യയുടെ നിരുദ്ധകണ്ഠത്തിൽനിന്നുള്ള ദയനീയനാദം കേൾക്കാം) ഹഹഹ! ....ഹഹഹ! ചത്തു. അവളും ചത്തു! അങ്ങനെ ആ മരണനൃത്തമവസാനിച്ചു. ഹഹഹ!....ആകാശം മഞ്ഞുകട്ടപോലെ വിളറിപ്പോകും; സൂര്യൻ കരിമ്പടംപോലെ കറുത്തുപോകും; ചന്ദ്രൻ ചോരപോലെ ചുവന്നുപോകും; നക്ഷത്രങ്ങൾ അത്തിപ്പഴങ്ങൾ പോലെ പൊഴിഞ്ഞുവീഴും.... (എന്തോ കേട്ടതായി ഭാവിച്ച് ഞെട്ടിത്തിരിയുന്നു.) ചിറകടി ശബ്ദമോ! മരണദൂതനായിരിക്കും. ഇല്ല, അന്തിപ്പാസിനെ തൊടാൻ പോലും അയാൾക്കു സാദ്ധ്യമല്ല. (അരക്കെട്ടിൽനിന്നു കഠാര വലിച്ചെടുത്തു്, ഉയർത്തിനോക്കി വീണ്ടും വീണ്ടും പൊട്ടിച്ചിരിക്കുന്നു. പൊടുന്നനവെ അതു സ്വയം വയററിൽ കുത്തിയിറക്കി മറിഞ്ഞുവീഴുന്നു.)

(യവനിക)

—o—





"Trifles make perfection, but perfection is not a trifle"